

# ആത്മീയ ജീവിതം: ഒരു പഠനം



റൂഹി ഇൻസ്റ്റിറ്റ്യൂട്ട്





പുസ്തകം 1

# ആത്മീയ ജീവിതം:
# ഒരു പഠനം

റൂഹി ഇൻസ്റ്റിറ്റ്യൂട്ട്

**ഈ പരമ്പരയിലെ പുസ്തകങ്ങൾ**

റൂഹി പാഠ്യപദ്ധതിയിലെ ഈ പരമ്പരയിലെ പുസ്തകങ്ങൾ താഴെകൊടുക്കുന്നവയാണ്. ചിട്ടയായ രീതിയിൽ തങ്ങളുടെ സമൂഹങ്ങളിൽ സേവനം അർപ്പിക്കാൻ യുവാക്കളിലും മുതിർന്നവരിലും കഴിവ് വർദ്ധിപ്പിക്കാൻ ഉതകുന്ന രീതിയിലാണ് ഈ പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ഈ പരമ്പരയുടെ മൂന്നാമത്തെ പുസ്തകത്തിൽ നിന്നും ഒരു ശിഖിരമെന്നോണം ശിശു വിദ്യാഭ്യാസ അദ്ധ്യാപകർക്കായുള്ള പരിശീലനത്തിനായി ഒരു പറ്റം കോഴ്സുകൾ റൂഹി ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിക്കുന്നുണ്ട്, അതുപോലെതന്നെ ജൂനിയർ യുവജന സംഘങ്ങളുടെ ആനിമേറ്റർമാർക്കായി പുസ്തകം 5ൽ നിന്നുള്ള മറ്റൊരു സെറ്റും. ഇവയും താഴെയുള്ള പട്ടികയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഫീൽഡ് തല അനുഭവങ്ങൾ കൂടിവരുന്ന മുറയ്ക്ക്, ഈ പട്ടികയിൽ മാറ്റം പ്രതീക്ഷിക്കാം; പുതിയ തലക്കെട്ടുകളിൽ പുസ്തകങ്ങൾ ഉണ്ടായേക്കും എന്നതും ശ്രദ്ധിക്കേണ്ടതാണ്. കൂടുതൽ പുതിയ കരിക്കുലത്തിലെ വ്യത്യസ്ത ഘടകങ്ങൾ ബൃഹത്തായ രീതിയിൽ ലഭ്യമാക്കപ്പെടുന്നതുമാണ്.

| | | |
|---|---|---|
| പുസ്തകം | 1 | ആത്മീയ ജിവിതം : ഒരു പഠനം |
| പുസ്തകം | 2 | സേവനത്തിനായ് ഉണരൽ |
| പുസ്തകം | 3 | ശിശുപഠന ക്ലാസ്സുകൾ – ഗ്രേഡ് 1 |
| | | ശിശുപഠന ക്ലാസ്സുകൾ – ഗ്രേഡ് 2(ശാഖാ കോഴ്സ്) |
| | | ശിശുപഠന ക്ലാസ്സുകൾ – ഗ്രേഡ് 3(ശാഖാ കോഴ്സ്) |
| | | ശിശുപഠന ക്ലാസ്സുകൾ – ഗ്രേഡ് 4(ശാഖാ കോഴ്സ്) |
| പുസ്തകം | 4 | ദ്വയാവതാരങ്ങൾ |
| പുസ്തകം | 5 | ജൂനിയർ യുവാക്കളുടെ ശക്തികളെ സ്വതന്ത്രമാക്കൽ |
| | | പ്രാരംഭ പ്രേരണ: പുസ്തകം 5ന്റെ ആദ്യ ശാഖാ കോഴ്സ് |
| | | വിശാലമായ വലയം: പുസ്തകം 5ന്റെ രണ്ടാമത്തെ ശാഖാ കോഴ്സ് |
| പുസ്തകം | 6 | ധർമ്മപ്രചരണം |
| പുസ്തകം | 7 | സേവനത്തിന്റെ പാതയിൽ കൈകോർത്ത് മുന്നേറൽ |
| പുസ്തകം | 8 | ബഹാഉള്ളയുടെ ഉടമ്പടി |
| പുസ്തകം | 9 | ചരിത്രപരമായ വീക്ഷണം ആർജ്ജിക്കൽ |
| പുസ്തകം | 10 | ചലനാത്മക സമൂഹങ്ങളുടെ നിർമ്മാണം |
| പുസ്തകം | 11 | ഭൗതിക ഉപാധികൾ |
| പുസ്തകം | 12 | (വരാനിരിക്കുന്നു) |
| പുസ്തകം | 13 | സമൂഹ പ്രവർത്തനത്തിൽ വ്യാപൃതമാകൽ |
| പുസ്തകം | 14 | (വരാനിരിക്കുന്നു) |

Copyright © 2012, 2021 by the Ruhi Foundation, Colombia
All rights reserved. Edition 4.1.1.PE published in October 2021

Originally published in Spanish as *Reflexiones sobre la vida del espíritu*
Copyright © 1987, 1995, 2008, 2020 by the Ruhi Foundation, Colombia
ISBN 978-958-59880-3-3

Permission for a limited printing of this book in Malayalam has been granted by the Ruhi Institute.

Ruhi Institute
Cali, Colombia
Email: instituto@ruhi.org
Website: www.ruhi.org

## ഉള്ളടക്കം


ടുട്ടർനായി കുറച്ച് ചിന്തകൾ........................................................................................ v

ബഹായി ലിഖിതങ്ങളെ ഉൾക്കൊള്ളൽ ........................................................................ 1

പ്രാർത്ഥന ..................................................................................................................... 15

ജീവിതവും മരണവും ................................................................................................. 33

## ട്യൂട്ടറിനായി കുറച്ചു ചിന്തകൾ

റൂഹി ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്യുന്ന കോഴ്സുകളിലെ മുഖ്യപരമ്പരയിലെ ആദ്യത്തേതായ *ആത്മീയ ജീവിതം ഒരു പഠനം* എന്ന പുസ്തകം പഠിച്ചുകൊണ്ടിരിക്കുന്ന ലോകമെമ്പാടുമുള്ള സമൂഹങ്ങളുടെ എണ്ണം വർഷങ്ങളായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ബഹുഭൂരിപക്ഷം കേസുകളിലും ഒരുസംഘം സുഹൃത്തുക്കൾ പുസ്തകം വായിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന പതിവായി കണ്ടുമുട്ടുന്ന ഒരു സ്റ്റഡിസർക്കിൾ രൂപീകരിക്കുന്നു, അല്ലെങ്കിൽ തീവ്ര പഠനത്തിനായി രൂപീകരിക്കുന്ന ഒരു ക്യാമ്പയിനിൽ ഒത്തു ചേർന്നേക്കാം അല്ലെങ്കിൽ സ്കൂൾ അവധി ദിവസങ്ങളിൽ ഒരു ക്യാമ്പിൽ ആയിരിക്കാം. സാഹചര്യം എന്ത് തന്നെയായാലും സംഘത്തിലെ ഒരാൾ ട്യൂട്ടറായി പ്രവർത്തിക്കുന്നു. ട്യൂട്ടറും മറ്റു പങ്കാളികളും തമ്മിലുള്ള ബന്ധം അധ്യാപകനും വിദ്യാർത്ഥികളും തമ്മിലുള്ള ബന്ധം പോലെയല്ല; എല്ലാവരും പഠിക്കാനാഗ്രഹിക്കുന്ന ഒരു പ്രക്രിയയിൽ ബോധപൂർവ്വം ഏർപ്പെടുന്നു. എന്നാൽ ട്യൂട്ടർ ചർച്ചയിൽ നിന്നും വിട്ടു നിൽക്കുന്ന ഒരു നിഷ്ക്രിയ സംഘാടകനും ആയിരിക്കില്ല. പരമ്പരയിലെ കുറച്ചു പുസ്തകങ്ങൾ പഠിച്ചിട്ടുള്ളതിനാലും അത് പ്രോത്സാഹിപ്പിക്കുന്ന സേവന പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്തിട്ടുള്ളതിനാലും, പുസ്തകത്തിൻറെ ലക്ഷ്യം നേടുന്നതിനായി ഗ്രൂപ്പിലെ ഓരോ അംഗത്തെയും സഹായിക്കാൻ അവനോ അവൾക്കോ കഴിയും. ഈ ആമുഖത്തിൽ നല്കപ്പെടുന്ന ആശയങ്ങൾ സമയാസമയങ്ങളിൽ അവലോകനം ചെയ്യുന്നത് പുസ്തകം 1 ന്റെ ട്യൂട്ടറായി പ്രവർത്തിക്കുന്നവർക്ക് സഹായകരമാകും.

ലോകമെമ്പാടും വ്യത്യസ്ത പശ്ചാത്തലത്തിൽ നിന്നുള്ളവരാണ് ഈ ആദ്യ ഇൻസ്റ്റിറ്റ്യൂട്ട് കോഴ്സിലേക്ക് വരുന്നത്. ചിലർ നിലവിൽ ബഹായി സമൂഹത്തിലെ അംഗങ്ങളായിട്ടുള്ളവരാണ് അവർ ആശ്ലേഷിച്ചിരിക്കുന്ന ധർമ്മത്തെ സേവിക്കുന്നതിനായി കൂടുതൽ കഴിവുള്ളവരാകാൻ പ്രതീക്ഷിക്കുന്നു. മറ്റുചിലർ ഒരു മതമെന്ന നിലയിൽ ബഹായി ധർമ്മത്തെ അറിയുന്നതിനുള്ള തുടക്കം ആയി കാണുന്നു. മറ്റുചിലർ ബഹാഉള്ളയുടെ ആശയങ്ങളിലേക്ക് ആകർഷിക്കപ്പെടുകയും സമൂഹത്തിന്റെ ലക്ഷ്യങ്ങളെയും പരിശ്രമങ്ങളേയും പരിചയപ്പെടാൻ ആഗ്രഹിക്കുകയും ചെയ്യുന്നവരാണ്. അതുപോലെ, ബഹായി സമൂഹം പ്രോത്സാഹിപ്പിക്കുന്ന ഏതെങ്കിലും ഒരു പരിപാടിയിൽ ചേർന്ന് സമൂഹത്തെ സേവിക്കുന്നതിനുള്ള ഒരു പ്രാരംഭഘട്ടം ആയി ഈ കോഴ്സിൽ ചേർന്ന് അവരുടെ കഴിവുകൾ വികസിപ്പിക്കാൻ ആഗ്രഹിക്കുന്ന യുവാക്കളുടെ എണ്ണവും വർദ്ധിച്ചുവരുന്നു.

തുടക്കം മുതൽ തന്നെ, റുഹി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോഴ്സുകളിലെ എല്ലാ പങ്കാളികളും മനുഷ്യരാശിക്കുവേണ്ടിയുള്ള ഒരു സേവന പാത കണ്ടെത്തുമെന്ന് വ്യക്തമാണ്, അതിലൂടെ നാം ഓരോരുത്തരും സ്വന്തം വേഗതയിൽ, മറ്റുള്ളവരെ സഹായിക്കുകയും മറ്റുള്ളവരാൽ സ്വയം സഹായിക്കപ്പെട്ടുകൊണ്ടും, നടക്കുന്നു. ഈ പാതയിലൂടെ സഞ്ചരിക്കുന്നത് ഇരട്ട ധാർമ്മിക ലക്ഷ്യമെന്ന ഉദ്യമത്തെ സൂചിപ്പിക്കുന്നു: ഒരാളുടെ സ്വന്തം ആത്മീയവും ബൗദ്ധികവുമായ വളർച്ച നേടുകയും സമൂഹത്തിന്റെ പരിവർത്തനത്തിന് സംഭാവന നൽകുകയും ചെയ്യുക എന്ന ലക്ഷ്യം. ധാരണയും അറിവും, ആത്മീയ ഗുണങ്ങളും പ്രശംസനീയമായ മനോഭാവങ്ങളും, അതുപോലെ തന്നെ കഴിവുകളും നൈപുണ്യവും തുടങ്ങി നിരവധി പ്രാപ്തികളുടെ വികസനം ഈ പാതയിലെ പുരോഗതിക്ക് ആവശ്യമാണ്. ബഹായി ധർമ്മത്തിന്റെ പ്രബോധനങ്ങൾ ഒരു വശത്തും, മറുവശത്ത് ഭൗതികവും ആത്മീയവുമായ നാഗരികതയെ മുന്നോട്ട് നയിക്കുന്നതിൽ ലോകമെമ്പാടുമുള്ള ബഹായി സമൂഹം ശേഖരിച്ച അനുഭവവുമാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ കടം കൊണ്ടിരിക്കുന്ന അറിവിന്റെ ഉറവിടങ്ങൾ. നമുക്ക് ആകാൻ കഴിയുന്ന വ്യക്തിയെക്കുറിച്ചും നമുക്ക് പടുത്തുയർത്താൻ കഴിയുന്ന നാഗരികതയെക്കുറിച്ചുമുള്ള ബഹാള്ളയുടെ കാഴ്ചപ്പാടാണ് ഇൻസ്റ്റിറ്റ്യൂട്ടിനെ പ്രചോദിപ്പിക്കുന്നത്. എല്ലാ പുസ്തകങ്ങളിലേയും എല്ലാ യൂണിറ്റിലും പ്രകടമായ ഈ കാഴ്ചപ്പാട് സ്വീകരിക്കുന്നതിന് പശ്ചാത്തലത്തിൽ നിന്ന് സ്വതന്ത്രമായി, എല്ലാ പങ്കാളികളും തയ്യാറാണെന്ന് കരുതപ്പെടുന്നു.

അനുയായികളെ നേടുവാനായി സാധ്യമായ ഏതു മാർഗ്ഗവും ഉപയോഗിക്കുവാൻ വിശ്വാസങ്ങളേയും പ്രത്യയ ശാസ്ത്രങ്ങളേയും പ്രയോഗിക്കുന്ന ഒരു ലോകത്ത്, റൂഹി

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശത്തെക്കുറിച്ച് ധർമ്മവുമായി പരിചയമില്ലാത്ത ഒരാൾക്ക് സ്വാഭാവിക ചോദ്യങ്ങൾ ഉണ്ടാകും, പലപ്പോഴും, "എന്റെ മതം മാറുവാനാണോ എന്നോട് ആവശ്യപ്പെടുന്നത്?" അല്ലങ്കിൽ "ഒരു മതത്തിൽ ചേരുവാൻ എന്നോട് ആവശ്യപ്പെടുകയാണോ?"എന്നിങ്ങനെയുള്ളവ. മുകളിൽ വിവരിച്ച കോഴ്സുകളുടെ പരമ്പരയുടെ ഉദ്ദേശം വിശദമാക്കുവാനുള്ള ഒരു അവസരം ട്യൂട്ടർക്ക് അത്തരം ചോദ്യങ്ങൾ പ്രധാനം ചെയ്യുന്നു. സമൂഹത്തിലേക്ക് അവരുടെ സുഹൃത്തുക്കൾ ചേരുന്നത് കാണുന്നത് അതിയായ ആഗ്രഹമുണ്ടാക്കുന്നത് സ്വാഭാവികമാണെങ്കിലും അവരുടെ സ്വന്തം പ്രബോധനങ്ങൾ മതപരിവർത്തനം നടത്തുന്നതിൽ നിന്നും അവരെ തടയുന്നു എന്ന് ഒരു ട്യൂട്ടറിന് കൂട്ടി ചേർക്കാവുന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ട് കോഴ്സുകളാൽ പ്രധാനം ചെയ്തിട്ടുള്ള സേവനപാതയിലൂടെ ചരിക്കുന്നതിന്, ബഹാഉള്ളയുടെ പ്രബോധനങ്ങളെ കുറിച്ചുള്ള ആഴത്തിലുള്ള ധാരണ ആവശ്യപ്പെടുന്നു, അവ പഠനസാമഗ്രികൾ നിസംശയമായും മുന്നോട്ടുവയ്ക്കുന്നു; സ്വീകരിക്കലും വിശ്വാസവും ഓരോ വ്യക്തികളും സ്വതന്ത്രമായും സമ്മർദ്ദം കൂടാതെയും ഉണ്ടാകേണ്ട ഒരു കാര്യമാണ്.

അതിനാൽ, അതിശയമില്ലാതെ, ശ്രേണിയിലെ എല്ലാ ബുക്കുകളിലും കേന്ദ്രമായിരിക്കുന്ന, ധാരണയുമായി ബന്ധപ്പെട്ടാണ് ഈ ആദ്യ പുസ്തകം തുടങ്ങുന്നത്. പുണ്യ ലിഖിതങ്ങളിൽ നിന്നു പാരായണം ചെയ്യുക എന്നാൽ ഒരാൾ തന്റെ ജീവിതത്തിൽ കാണുന്ന ആയിരകണക്കിന് പേജുകൾ വായിക്കുന്നതു പോലെയല്ല, "ബഹായി ലിഖിതങ്ങളെ ഉൾക്കൊള്ളൽ" എന്ന ഈ യൂണിറ്റ് പങ്കാളികൾ സേവനപാതയിലൂടെ നീങ്ങുമ്പോൾ അവരെ വലിയ രീതിയിൽ സഹായിക്കുന്നതിനായി എല്ലാ ദിവസവും പുണ്യ ലിഖിതങ്ങൾ വായിക്കാനും അവയെ ധ്യാനിക്കാനുമുള്ള ഒരു സ്വഭാവം മുന്നോട്ടുവയ്ക്കാൻ ഉദ്ദേശിച്ചുള്ളതാണ്. അവരെ ഇതിന്റെ പഠനത്തിനായി സഹായിക്കാൻ ധാരണ എന്ന വിഷയത്തിൽ ട്യൂട്ടർ വളരെയധികം ചിന്തകൾ നൽകേണ്ടതാണ്.

ബഹായി ലിഖിതങ്ങളിൽ അഗാധമായ ആത്മീയ സത്യങ്ങൾ അടങ്ങിയിരിക്കുന്നു, അവയുടെ അനന്തമായ അർത്ഥത്തെ കുറിച്ചു മനസ്സിലാക്കാനുള്ള ശ്രമത്തിൽ നമ്മൾ മുന്നേറുന്നുണ്ടെങ്കിലും, അവയുടെ അവസാനത്തിൽ ഒരിക്കലും എത്തിച്ചേരാൻ ആവില്ലെന്ന് നമുക്കറിയാം. ഉദ്ധരണിയുടെ അർത്ഥത്തെ കുറിച്ചുള്ള ഒരു അടിസ്ഥാനപരമായ ധാരണ നമ്മുടെ ആദ്യവായനയിൽ തന്നെ നമുക്ക് ലഭ്യമാകും, ഈ കാര്യം ഒരു തുടക്കമായി യൂണിറ്റിലെ ഭാഗം-1നെ നാം എടുക്കുന്നു. അതിനാൽ "സംശുദ്ധവും നന്മ നിറഞ്ഞതുമായ കർമ്മങ്ങളും പ്രശംസനീയം അനുകരണീയമായ സ്വഭാവവും ലോകത്തെ നന്മനിറഞ്ഞതാക്കുന്നു" എന്ന ഉദ്ധരണി വായിച്ചശേഷം ലോകത്തെ എങ്ങനെ നന്മനിറഞ്ഞതാക്കാം എന്ന് പങ്കാളികളോട് ലളിതമായി ചോദിക്കുന്നു. ഒറ്റനോട്ടത്തിൽ ഇത്തരത്തിലുള്ള ഉദ്ധരണികളും അഭ്യാസങ്ങളും വളരെ ലളിതമായി തോന്നുന്നു. എന്നാൽ വർഷങ്ങളായുള്ള അനുഭവം ഇത്തരത്തിൽ തുടങ്ങുവാനുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ തീരുമാനം സാധൂകരിക്കുന്നതായി കാണുന്നു. ഒരു ഖണ്ഡികയിലെ സത്യത്തിന്റെ തലങ്ങൾ കണ്ടുപിടിക്കേണ്ടതിന്റെ തിരക്കിൽ, അതിന്റെ പ്രകടമായ അർത്ഥത്തെ അവഗണിക്കരുത് എന്നതാണ് നമ്മളെല്ലാവരും ഓർമ്മിക്കേണ്ടത്. ആദ്യതലത്തിലുള്ള ധാരണയെ ശ്രദ്ധിക്കുന്നതും സംഘത്തിലുള്ള ചർച്ചകൾക്ക് പ്രധാനമാണ്; വ്യക്തിപരമായ അഭിപ്രായങ്ങൾ ദിവ്യജ്ഞാനത്താൽ പ്രകാശിമാകാൻ അനുവദിക്കുമ്പോൾ അത് ചിന്തയുടെ ഐക്യത്തെ ശക്തിപ്പെടുത്തുന്നത് എളുപ്പമാക്കുന്നു.

മിക്ക ഖണ്ഡികകളുടെയും പ്രകടമായ അർഥം മനസ്സിലാക്കുന്നതിന് ഖണ്ഡികയിലെ ഒറ്റവാക്കിൽ മേലുള്ള വിഷയ സബന്ധിയല്ലാത്ത നീണ്ട ചർച്ചകൾ ഗുണം ചെയ്യില്ല. ചില അവസരങ്ങളിൽ, ഒരു വാക്കിന്റെ അർത്ഥത്തെ നിഘണ്ടുവിൽ നിന്നും കണ്ടെത്തുന്നത് ചില സംഘങ്ങൾക്ക് സന്ദർഭത്തിനനുസരിച്ച് അത്യാവശ്യം ആയേക്കാം. എങ്ങനെയായാലും, മുഴുവൻ വാചകത്തിലെയും ഖണ്ഡികയിലെയും വാക്കുകളുടെ അർത്ഥത്തെ എങ്ങിനെ അനുമാനിക്കും എന്ന് പങ്കാളികൾ പഠിക്കുന്നത് കൂടുതൽ ഫലപ്രദമാണ്.

പ്രകടമായ അർത്ഥത്തിനുപരിയായുള്ള ധാരണയുടെ വിപുലീകരണത്തിന് ആശയങ്ങൾ എങ്ങനെയാണ് വ്യക്തമായ ആവിഷ്കാരം കണ്ടെത്തുന്നതെന്ന് കാണിക്കുന്ന ഉദാഹരണങ്ങൾ

ഉപയോഗിക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകപ്പെട്ടിരിക്കുന്നതെല്ലാം നേരിട്ടുള്ള അഭ്യാസങ്ങളാണ്. ഉദാഹരണത്തിന്, ഭാഗം-2 ൽ പങ്കാളികളോട് ചോദിച്ചിരിക്കുന്നത് അവർ വായിച്ച ഖണ്ഡികയുടെ അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്നവ അനുകരണീയം ആണോ എന്നാണ്. ഇതേപോലുള്ള ഭാഗം-4 ലെ ഒരു അഭ്യാസം, അഞ്ച് നന്മകൾ പറയുക, സത്യസന്ധത ഇല്ലാതെ ഈ അഞ്ചു ഗുണങ്ങൾ നേടാൻ സാധ്യമാണോ, എന്നാണ്. ''എല്ലാ മാനുഷിക നന്മകളുടെയും അടിസ്ഥാനം സത്യസന്ധതയാണ്'' എന്ന ഉദ്ധരണിയിൽ വിശദീകരിച്ചിരിന്നതാണ് ഇത്.

ഇതിന്റെ ലക്ഷ്യം നേടുന്നതിനായി, ഖണ്ഡികയിൽ നൽകപ്പെട്ടിരിക്കുന്ന ചില ഘടകങ്ങളുടെ മേൽ കൂടുതൽ ചിന്തിക്കുന്നതിനായി പങ്കാളികളെ വെല്ലുവിളിക്കുന്നതിലൂടെ ധാരണ കൂടുതൽ ഉന്നമാക്കുവാൻ യൂണിറ്റ് ആവശ്യപ്പെടുന്നു. ഉദാഹരണത്തിന്, ''തങ്ങളുടെ പ്രവൃത്തികൾക്ക് യാതൊരു ഫലവും ഇല്ലാത്ത കുറച്ചു നല്ലവർ ഈ ലോകത്തുണ്ട്'' എന്ന പ്രസ്താവന ശരിയോ എന്ന് തീരുമാനിക്കാൻ ഭാഗം-2 ൽ ആവശ്യപ്പെടുന്നു. വെറുമൊരു അഭിപ്രായമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. ട്യൂട്ടർ പങ്കാളികളുടെ ഉത്തരത്തിനുള്ള കാരണവും അന്വേഷിക്കേണ്ടതാണ്. ഈ പ്രസ്താവന തീർച്ചയായും തെറ്റാണ് കാരണം ഇത് ആദ്യത്തെ ഉദ്ധരണിക്ക് വിരുദ്ധമാണ് എന്നതായിരിക്കണം സംഘം എത്തിച്ചേരേണ്ട ഉള്ളടക്കം. ഇതുപോലുള്ള അഭ്യാസങ്ങൾക്ക് മറ്റൊരു ഉദാഹരണമാണ് ബഹായികൾ പാപം ഏറ്റു പറയാൻ പാടുണ്ടോ എന്നത്. ഇത് പ്രതിപാദിക്കുന്നത്, പാപം പൊറുക്കുന്നതിനായുള്ള പരിഹാരത്തിന് ഏറ്റുപറയൽ നിരോധിച്ചിരിക്കുന്നു എന്ന് സൂചിപ്പിക്കാനാണ്, അത് നേരിട്ട് ഏതെങ്കിലും ഖണ്ഡികയിൽ പഠിച്ചിട്ടില്ല എന്നാൽ ''കണക്കു പറയാൻ നീ വിളിക്കപ്പെടുന്നതിന് മുമ്പുതന്നെ ഓരോ ദിവസവും സ്വയം കണക്ക് വയ്ക്കുക'' എന്ന ഉദ്ധരണിയിൽ നിന്നും നമുക്ക് കണ്ടെത്താവുന്നതാണ്.

പരിഗണനയിലുള്ള ഉദ്ധരണികളിൽ അടങ്ങിയിരിക്കുന്ന അർത്ഥത്തിന്റെ വ്യാപ്തിയെ ഉൾക്കൊള്ളാൻ യൂണിറ്റിലെ അഭ്യാസങ്ങൾ ഒരു തരത്തിലും ശ്രമിക്കുന്നില്ല. ഏതൊരു അഭ്യാസത്തിലും എത്രമാത്രം ചർച്ച നടത്തണം എന്നതാണ് ഓരോ ട്യൂട്ടറും പര്യാലോചിക്കേണ്ട ഒരു ചോദ്യം. അനുബന്ധവും എന്നാൽ ഉപരിപ്ലവുമായ ആശയങ്ങളും അവതരിപ്പിക്കുന്നതിലൂടെ ചർച്ചകൾ നീണ്ടുപോകുന്നത് പുസ്തകത്തിന്റെ ഫലപ്രാപ്തിയെ കുറയ്ക്കുന്നതായി കണ്ടുവരുന്നു എന്ന കാര്യം ഇവിടെ ഓർമിക്കേണ്ടത് പ്രധാനമാണ്. ഓരോ ഗ്രൂപ്പും പുരോഗതിയുടെ ന്യായമായ ഒരു താളം സ്ഥാപിക്കേണ്ടതുണ്ട്; പങ്കാളികൾക്ക് അവരുടെ സ്വന്തം സാധ്യതകൾക്കനുസരിച്ച് ക്രമാനുഗതമായി മുന്നേറുകയാണെന്ന് വ്യക്തമായ ഒരു തോന്നൽ അനുഭവിക്കണം. എന്നിരുന്നാലും, അഭ്യാസങ്ങളുടെ ചിന്താപരമായ വിശകലനം നടത്താതെ ഭാഗങ്ങൾ വേഗത്തിലും ഉപരിപ്ലവമായും കടന്നുപോകുന്നത് ഒഴിവാക്കാൻ അധ്യാപകൻ ശ്രദ്ധയോടെയിരിക്കണം; ഈ രീതിയിൽ, കേവലം ഉത്തരങ്ങൾ പൂരിപ്പിച്ച്, മുന്നോട്ടുപോയ സംഘങ്ങൾ ഒരിക്കലും നീണ്ടുനിൽക്കുന്ന ഫലങ്ങൾ നേടിയിട്ടില്ല.

ഒരു അവസാന കാര്യം ചില പരാമർശങ്ങൾ അർഹിക്കുന്നു: ഗ്രൂപ്പിലെ ഓരോ അംഗവും ഈ മെറ്റീരിയൽ പ്രോത്സാഹിപ്പിക്കുന്ന പഠന പ്രക്രിയയിൽ വ്യാപൃതരാണെന്ന് ഉറപ്പാക്കേണ്ടത് ട്യൂട്ടർമാരുടെ ഉത്തരവാദിത്തമാണ്. സംസാരിക്കുന്നതിനായി ഒരു വ്യക്തിയെയും സമ്മർദ്ദം ചെലുത്താതെ, പങ്കാളിത്തം ഉറപ്പാക്കുക എന്നത് പലപ്പോഴും വെല്ലുവിളിയാണ്. തുടക്കം മുതൽ മനസിലാക്കേണ്ട കാര്യം എന്തെന്നാൽ, ''ഇതിൽ നിന്ന് നിങ്ങൾക്ക് എന്താണ് മനസ്സിലായത്?'' എന്നിവ പോലുള്ള ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ഈ വെല്ലുവിളി നേരിടാൻ കഴിയില്ല എന്നതാണ്. ഇത്തരത്തിലുള്ള ചോദ്യങ്ങൾ അറിവിനേയും സത്യത്തേയും അഭിപ്രായത്തിന്റെ നിലവാരത്തിലേക്ക് താഴ്ത്തികൊണ്ടുവരുന്നു. അപ്പോൾ, ഗ്രൂപ്പിലെ അംഗങ്ങൾക്കിടയിലെ കൂടിയാലോചനകൾ വർദ്ധിച്ച ധാരണയ്ക്ക് കാരണമാകുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നത് യഥാർത്ഥത്തിൽ പ്രയാസകരമാണെന്ന് അത് തെളിയിക്കുന്നു.

പുസ്തകത്തിലെ രണ്ടാമത്തെ യൂണിറ്റ്, ആദ്യത്തേത് പോലെ, ആത്മീയ ജീവിതത്തിന് അത്യന്താപേക്ഷിതമായ ഒരു ശീലത്തെ പ്രതിപാദിക്കുന്നു: പതിവായി പ്രാർത്ഥിക്കുക എന്നത്. ഇത് പ്രാരംഭ ഭാഗത്തിൽ ''സേവന പാത'' എന്ന ആശയം വ്യക്തമാക്കുന്നു, ഈ പാതയിലൂടെ നടക്കാൻ,

നമുക്ക് ഇരട്ട ലക്ഷ്യങ്ങളുടെ പ്രചോദനം ഉൾക്കൊള്ളണം എന്ന് ഇത് നിർദ്ദേശിക്കുന്നു. ഭാവി കോഴ്സുകളിൽ വിശദീകരിക്കുന്ന ഒരു വിഷയമായ, ഈ ലക്ഷ്യത്തിന്റെ സ്വഭാവത്തെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്ന ഉദ്ധരണികളുടെ ഒരു പ്രാരംഭ സമാഹാരത്തെ പങ്കാളികൾ പരിശോധിക്കുന്നു.

ഈ പ്രമേയത്തിന്റെ പശ്ചാത്തലത്തിൽ, ഈ യൂണിറ്റ് പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള പര്യവേക്ഷണം നടത്തുന്നു. മുമ്പത്തെ ഖണ്ഡികകളിൽ വിവരിച്ചതിന് സമാനമായ ഒരു സമീപനമാണ് ഇത് സ്വീകരിക്കുന്നത്. പഠിച്ചുകൊണ്ടിരിക്കുന്ന ലിഖിതങ്ങളിൽ നിന്നുള്ള ഭാഗങ്ങളുടെ അർത്ഥം മനസ്സിലാക്കുന്നതിനായി ചോദ്യങ്ങളും അഭ്യാസങ്ങളും രൂപപ്പെടുത്തിയിരിക്കുന്നു. യൂണിറ്റിലൂടെ സംഘം പുരോഗമിക്കുമ്പോൾ, മുൻകാല വ്യാഖ്യാനങ്ങളിലും പ്രയോഗങ്ങളിലും വേരൂന്നിയ ആശയങ്ങൾ വിശകലനം ചെയ്യുന്നതിലൂടെ ട്യൂട്ടർ സംശയങ്ങൾ ദൂരീകരിക്കേണ്ടതുണ്ട്. ചില പാരമ്പര്യങ്ങളിൽ, ആചാരവും രൂപവും ക്രമേണ ആന്തരിക അവസ്ഥയുടെ പ്രാധാന്യത്തെ മറികടക്കുന്നു, അതിനാൽ പലരും പ്രാർത്ഥനയുടെ ആവശ്യകതയെ അവഗണിക്കുന്നു, ഇത് മനുഷ്യന്റെ ആത്മാവിനെ സംബന്ധിച്ചിടത്തോളം ശരീരത്തെ പോഷിപ്പിക്കുന്ന ഭക്ഷണത്തേക്കാൾ നിർണായകമാണ്.

എല്ലാറ്റിനുമുപരിയായി, ''ദൈവവുമായി സംവദിക്കാനുള്ള'' ആഗ്രഹം പങ്കാളികളിൽ ഉണർത്താനും കൂടാതെ **അ**വനോട് അടുക്കാനും യൂണിറ്റ് പ്രത്യാശിക്കുന്നു. പ്രാർത്ഥനാ നിർഭരമായ അവസ്ഥയിലേക്ക് പ്രവേശിക്കുകയെന്നതിന്റെ അർത്ഥം എന്താണ്, അങ്ങനെ ചെയ്യുമ്പോൾ നമ്മുടെ ഹൃദയത്തിന്റെയും മനസ്സിന്റെയും സ്ഥിതി, അതുപോലെ നമ്മുടെ ചുറ്റുപാടിൽ നാം ഒറ്റയ്ക്കായാലും ഒത്തുചേരലിലായാലും സൃഷ്ടിക്കപ്പെടേണ്ട വ്യവസ്ഥകൾ എന്നിവയാണ് അഭിസംബോധന ചെയ്യുന്ന പ്രധാന ആശയങ്ങൾ. സാമൂഹിക ആരാധനയിലൂടെ സൃഷ്ടിക്കപ്പെടുന്ന ശക്തികളെക്കുറിച്ച് അൽപം ആലോചിച്ച ശേഷം, തീർച്ചയായും, പ്രാർത്ഥനയ്ക്കും ഭക്തിക്കുമായി ഒരു ഒത്തുചേരൽ ആതിഥേയത്വം വഹിക്കാൻ പങ്കെടുക്കുന്നവരോട് ആവശ്യപ്പെടുന്നു.

പുസ്തകത്തിന്റെ ''ജീവിതവും മരണവും'' എന്ന മൂന്നാമത്തെ യൂണിറ്റിന്റെ പഠനം, സേവന പാതയിലൂടെ സഞ്ചരിക്കാനുള്ള പ്രതിബദ്ധത ശക്തിപ്പെടുത്തുമെന്നും, അതിന് കൂടുതൽ ആഴത്തിലുള്ള അർത്ഥം നൽകുമെന്നും പ്രതീക്ഷിക്കുന്നു. ഈ ലോകത്തിലെ സേവനം എന്നത് നന്നായി മനസ്സിലാകുന്നത് ജീവിതത്തിന്റെ പൂർണമായ പശ്ചാത്തലത്തിലാണ്, അത് നമ്മുടെ ഭൗതിക അസ്തിത്വത്തിനപ്പുറത്തേക്ക് വ്യാപിക്കുകയും ദൈവത്തിന്റെ ലോകങ്ങളിലുടനീളം നമ്മുടെ ആത്മാവ് പുരോഗമിക്കുന്നതിനോടൊപ്പം എന്നെന്നേക്കുമായി തുടരുകയും ചെയ്യുന്നു. വിദ്യാഭ്യാസ പ്രക്രിയയിൽ, സാങ്കേതിക പരിശീലനത്തിന് വിരുദ്ധമായി, പങ്കെടുക്കുന്നവർ അവർ ചെയ്യുന്നതിന്റെ അർത്ഥത്തെയും പ്രാധാന്യത്തെയും കുറിച്ച് കൂടുതൽ ബോധവാന്മാരാകണം. അത്തരം ബോധം വളരുകയാണെങ്കിൽ മാത്രമേ, അനുഭവം സൂചിപ്പിക്കുന്നത്, അവർ സ്വന്തം പഠനത്തിന്റെ സജീവവും ഉത്തരവാദിത്തമുള്ളതുമായ ''ഉടമകളായി'' കാണുകയുള്ളൂ.

യൂണിറ്റിന്റെ ഓരോ ഭാഗവും ആരംഭിക്കുന്നത് ബഹായി ലിഖിതങ്ങളിൽ നിന്ന് ഒന്ന് മുതൽ മൂന്ന് വരെ ഉദ്ധരണികളോടെയാണ്, അതിനുശേഷം കുറച്ച് അഭ്യാസങ്ങളും. ഈ യൂണിറ്റിൽ ഉദ്ധരിച്ച ഖണ്ഡികകളുടെ ഭാഷ മുമ്പത്തെ രണ്ട് യൂണിറ്റിനെ അപേക്ഷിച്ച് കൂടുതൽ ശ്രദ്ധ വേണ്ടുന്നവയാണ്.. തീർച്ചയായും, സംഘത്തിന് ബുദ്ധിമുട്ടുള്ള വാക്കുകളിൽ ആഴ്ന്നിറങ്ങേണ്ടതില്ല; ഓരോ ഭാഗത്തിലും അഭിസംബോധന ചെയ്യുന്ന കേന്ദ്ര ആശയം എല്ലാവരും മനസ്സിലാക്കുന്നുവെന്ന് ട്യൂട്ടർ ഉറപ്പാക്കണം, അതാണ് അഭ്യാസങ്ങൾ സാധ്യമാക്കുവാൻ ശ്രമിക്കുന്നത്.

വിഷയത്തിന്റെ സ്വഭാവം കണക്കിലെടുക്കുമ്പോൾ, വ്യക്തമായ ഉദാഹരണങ്ങൾ ഉൾക്കൊള്ളുന്ന അഭ്യാസങ്ങൾ വളരെ കുറവാണ്. മിക്കതും ആശയപരമായ തലത്തിലാണ് പ്രവർത്തിക്കുന്നത്. ശ്രദ്ധിക്കേണ്ട കാര്യം, അഭ്യാസങ്ങൾ ഉന്നയിക്കുന്ന ചില ചോദ്യങ്ങൾക്ക് വേഗത്തിലോ വ്യക്തമായ രീതിയിലോ ഉത്തരം നൽകാൻ കഴിയില്ല. വിഷയത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനാണ് അവ അവതരിപ്പിച്ചിരിക്കുന്നത്; പങ്കാളികൾ അത്തരം

ചോദ്യങ്ങളെക്കുറിച്ച് അൽപമെങ്കിലും ചിന്തിക്കുകയാണെങ്കിൽ, പഠനത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കപ്പെടും.

ആദ്യത്തെ നിരവധി ഭാഗങ്ങൾ ആത്മാവും ശരീരവും തമ്മിലുള്ള ബന്ധത്തെ കേന്ദ്രീകരിക്കുന്നു, അവ ഒരുമിച്ച് ഈ അസ്തിത്വ തലത്തിൽ മനുഷ്യനെ രൂപപ്പെടുത്തുന്നു. ഈ ഭാഗങ്ങളിൽ അവതരിപ്പിച്ചിരിക്കുന്ന കേന്ദ്ര ആശയം ആത്മാവ് ഒരു ഭൗതിക വസ്തുവല്ല എന്നതാണ്; ശരീരവുമായുള്ള അതിന്റെ ബന്ധം കണ്ണാടിയിൽ ദൃശ്യമാകുന്ന പ്രകാശവുമായി ഉപമിക്കാം. അതിന്റെ ഉപരിതലത്തെ മൂടുന്ന പൊടിയോ കണ്ണാടിക്കുണ്ടാകുന്ന നാശമോ പ്രകാശത്തിന്റെ ശോഭയെ ബാധിക്കില്ല. മരണം ഒരു അവസ്ഥയുടെ മാറ്റം മാത്രമാണ്, ശരീരവും ആത്മാവും തമ്മിലുള്ള ബന്ധം വിച്ഛേദിക്കുമ്പോൾ അത് ഉണ്ടാകുന്നു; അതിനുശേഷം, ആത്മാവ് അതിന്റെ സ്രഷ്ടാവിലേക്ക് അനശ്വരമായി മുന്നേറുന്നു.

ജീവിതത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ചുള്ള — അതായത് ദൈവത്തെ അറിയുക, അവന്റെ സാന്നിദ്ധ്യം നേടുക — ചോദ്യത്തിലേക്ക് അടുത്തതായി ഈ യൂണിറ്റ് തിരിയുന്നു. ഇവിടെയുള്ള ചർച്ച രണ്ട് വിശാലമായ വിഷയങ്ങളെ ചുറ്റിപ്പറ്റിയാണ്. ആദ്യത്തേത് ഈ ലോകത്തിലെ നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യവും രണ്ടാമത്തേത് മരണാനന്തരമുള്ള ആത്മാവിന്റെ യാത്രയുമാണ്. ആത്മാവ് ദൈവത്തിന്റെ അടയാളമാണ്, അവന്റെ എല്ലാ നാമങ്ങളും ഗുണങ്ങളും പ്രതിഫലിപ്പിക്കാൻ അതിന് കഴിയും. എന്നിരുന്നാലും മനുഷ്യനുള്ളിലെ കഴിവുകൾ ഒളിഞ്ഞിരിക്കുന്നു; മനുഷ്യരാശിയെ നയിക്കുന്നതിനായി കാലാകാലങ്ങളിൽ വരുന്ന വിശുദ്ധീകരിക്കപ്പെട്ട ദൈവത്തിന്റെ അവതാരങ്ങളുടെ സഹായത്തോടെ മാത്രമേ ഇത് വികസിപ്പിക്കാൻ കഴിയൂ. അവർ നൽകുന്ന ആത്മീയ വിദ്യാഭ്യാസത്തിലൂടെ, നമ്മുടെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന നിധികൾ വെളിപ്പെടുത്താൻ കഴിയും.

മരണാനന്തരം ആത്മാവിന്റെ യാത്രയെ സംബന്ധിച്ചിടത്തോളം, പങ്കാളികൾക്ക് ആലോചിക്കുന്നതിനായി നിരവധി ആശയങ്ങൾ ഉൾക്കൊള്ളുന്നു: ദൈവത്തോട് വിശ്വസ്തരായവർ യഥാർത്ഥ സന്തോഷം കൈവരിക്കും; നമ്മിൽ ആർക്കും ഒരിക്കലും നമ്മുടെ അന്ത്യം അറിയാൻ കഴിയില്ല, അതിനാൽ നാം പരസ്പരം ക്ഷമിക്കണം, മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരാണ് എന്ന് തോന്നരുത്; അടുത്ത ലോകത്തിൽ, ഇവിടുത്തെപേലെ പോലെ തന്നെ, ആത്മാവ് തുടർന്നും പുരോഗമിച്ചുകൊണ്ടിരിക്കും, നാം ഇവിടെ വികസിപ്പിച്ച ആത്മീയ കഴിവുകൾ അവിടെ നമ്മെ നയിക്കുകയും സഹായിക്കുകയും ചെയ്യും; അടുത്ത രാജ്യത്തിൽ നമ്മുടെ പ്രിയപ്പെട്ടവരെ നാം തിരിച്ചറിയുകയും, ഈ ലോകത്തിലെ നമ്മുടെ ജീവിതത്തെ ഓർമ്മിക്കുകയും, പുണ്യവും വിശുദ്ധീകരിക്കപ്പെട്ടതുമായ ആത്മാക്കളുമായി സൗഹൃദം ആസ്വദിക്കുകയും ചെയ്യും.

അടുത്ത ലോകത്തിലെ നേട്ടങ്ങളെക്കുറിച്ച് നമ്മുക്ക് ഉറപ്പുനൽകുന്ന ബഹാഉള്ളയുടെ ലിഖിതങ്ങളിൽ നിന്നുള്ള ഒരു ഖണ്ഡികയോടെ ഈ യൂണിറ്റ് സമാപിക്കും, അതിൽ ഈ ജീവിതത്തിലെ മാറ്റങ്ങളും അവസരങ്ങളും നമ്മെ ദുഃഖിപ്പിക്കാൻ അനുവദിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. പിന്നീട്, പങ്കെടുക്കുന്നവരോട് സ്വന്തം ജീവിതത്തിൽ പഠിച്ചവയുടെ സ്വാധീനത്തെ പ്രതിഫലിപ്പിക്കാൻ ആവശ്യപ്പെടുന്നു.



# ബഹായി ലിഖിതങ്ങളെ ഉൾക്കൊള്ളൽ

## ലക്ഷ്യം

ദിവസവും പുണ്യ ലിഖിതങ്ങൾ വായിക്കാനും അതിന്റെ അർത്ഥത്തെ മനനം ചെയ്യാനുമുള്ള ശീലം വികസിപ്പിക്കുക.

## ഭാഗം 1

ദിവസവും പുണ്യ ലിഖിതങ്ങൾ വായിക്കാനും അവയുടെ ആന്തരിക അർത്ഥത്തെക്കുറിച്ച് മനനം ചെയ്യാനുമുള്ള ശീലം വികസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുകയെന്നതാണ് ഈ യൂണിറ്റിന്റെ ലക്ഷ്യം. ഈ യൂണിറ്റിൽ നിങ്ങൾ വളരെ ലളിതമായി, ഓരോ വാചകം മാത്രമുള്ള ഉദ്ധരണികളിൽ തുടങ്ങുകയും ആ ഉദ്ധരണി തന്നെ ഉത്തരമായിരിക്കുംവിധം, അവയിൽ നിന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു. ലളിതമായ അത്തരം അഭ്യാസം, ഉദ്ധരണികളുടെ അർത്ഥത്തെപ്പറ്റി ആലോചിക്കുവാനും അവ ഹൃദിസ്ഥമാക്കുവാനും സഹായിക്കുന്നു.

**''സംശുദ്ധവും നന്മ നിറഞ്ഞതുമായ പ്രവൃത്തികളിലൂടെയും പ്രശംസനീയവും അനുകരണീയവുമായ സ്വഭാവത്തിലൂടെയും ലോകത്തെ നന്മ നിറഞ്ഞതാക്കാം''.**[1]

1. എങ്ങിനെ ലോകത്തെ നന്മ നിറഞ്ഞതാക്കാം ? ______________________________

______________________________________________

**ബഹായുടെ ജനങ്ങളെ, ''ജാഗ്രത പാലിക്കുക, ആരുടെ വാക്കുകളാണോ അവരുടെ പ്രവൃത്തികളേക്കാൾ വ്യത്യസ്തമായിരിക്കുന്നത് അവരുടെ പാതയിൽ നിങ്ങൾ നടക്കരുത്.''**[2]

2. ആരുടെ പാതയിലൂടെയാണ് നാം സഞ്ചരിക്കാൻ പാടില്ലാത്തത് ?

______________________________________________

**''അസ്തിത്വപുത്രാ! കണക്കു പറയാൻ നീ വിളിക്കപ്പെടുന്നതിന് മുമ്പുതന്നെ ഓരോ ദിവസവും നീ സ്വയം കണക്കുവയ്ക്കുക.''**[3]

3. നാം കണക്കു പറയാൻ വിളിക്കപ്പെടുന്നതിന് മുമ്പ് നാം എന്താണ് ചെയ്യേണ്ടത് ?

______________________________________________

**''പറയൂ: സഹോദരങ്ങളെ, വാക്കുകളല്ല, പ്രവൃത്തികൾ നിങ്ങൾക്ക് ഭൂഷണമാകട്ടെ.''**[4]

4. നമ്മുടെ യഥാർത്ഥ ഭൂഷണമെന്തായിരിക്കണം?

______________________________________________

______________________________________________

**''വിശുദ്ധവചനങ്ങളും പരിശുദ്ധവും നന്മനിറഞ്ഞതുമായ കർമ്മങ്ങളും ദിവ്യയശസ്സിന്റെ സ്വർഗ്ഗത്തിലേക്കുയരുന്നു.''**[5]

5. വിശുദ്ധവചനങ്ങളും പരിശുദ്ധവും നന്മനിറഞ്ഞതുമായ കർമ്മങ്ങളും എന്ത് ചെയ്യുന്നു ?

________________________________________________

________________________________________________

## ഭാഗം 2

നിങ്ങൾ ഇപ്പോൾ വായിച്ച ഉദ്ധരണികളുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങളാണ് ചുവടെ തന്നിരിക്കുന്നത്. ഈ ഉദ്ധരണികളുടെ പ്രാധാന്യത്തെപ്പറ്റി കൂടുതൽ പരിചിന്തിക്കുന്നതിന് നിങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് അവ തന്നിരിക്കുന്നത് അതിനാൽ അവ യാന്ത്രികമായി ചെയ്യാതിരിക്കുക. എല്ലാ ചോദ്യങ്ങളും വളരെ ആഴമേറിയ ചർച്ച ചെയ്യണം എന്ന് ഇത് അർത്ഥമാക്കുന്നില്ല. ചോദ്യങ്ങൾ വെല്ലുവിളി നിറഞ്ഞതാകുമ്പോൾ, അത് പൂർണ്ണമായി മനസ്സിലാക്കുന്നതിന് നിങ്ങളുടെ ട്യൂട്ടർ നിങ്ങളെ സഹായിക്കും.

1. ‘‘പ്രശംസനീയം’’ എന്നാൽ പ്രശംസിക്കത്തക്ക ഗുണങ്ങൾ എന്നാണ്. താഴെ പറയുന്നവയിൽ ഏതെല്ലാം പ്രശംസനീയമാണ്?

__________നല്ലൊരു പ്രവർത്തകനാവുക

__________മറ്റുള്ളവരെ ആദരിക്കുക

__________പരിശ്രമശീലമുള്ളവനാവുക

__________ഒരു നുണയനാവുക

__________അലസനാവുക

__________മറ്റുള്ളവരെ സേവിക്കുക

2. ‘‘നിങ്ങൾ കണക്കു പറയാൻ വിളിക്കപ്പെടുന്നു’’ എന്നതിന്റെ അർത്ഥം എന്താണ് ?

________________________________________________

3. താഴെ പറയുന്ന പ്രസ്താവനകളിൽ ശരി ഏതെന്ന് തീരുമാനിക്കുക.

__________തങ്ങളുടെ പ്രവൃത്തികൾക്ക് യാതൊരു ഫലവും ഇല്ലാത്ത ഏതാനും കുറച്ചു നല്ലവർ ഈ ലോകത്ത് ഉണ്ട്.

__________മറ്റുള്ളവരുടെ അഭിപ്രായങ്ങളുമായി പൊരുത്തപ്പെടുന്ന ഒരു കാര്യം ശരിയാണ്.

__________ദൈവപ്രബോധനങ്ങൾക്ക് അനുരൂപമാകുന്ന ഒരു കാര്യം ശരിയാണ്.

4. താഴെ പറയുന്നവ പരിശുദ്ധവും നന്മനിറഞ്ഞതുമായ കർമ്മങ്ങളാണ്.

__________ശിശുക്കളെ ശ്രദ്ധിക്കലും പഠിപ്പിക്കലും.

__________കളവ്.

__________മറ്റുള്ളവരുടെ ഉന്നമനത്തിനായി പ്രാർത്ഥിക്കൽ.

__________കുഴപ്പത്തിൽ നിന്നും രക്ഷപ്പെടാൻ ഒരു ചെറിയ കളവ് പറയുക

__________ഫലേച്ഛയോടെ മറ്റുള്ളവരെ സഹായിക്കുക.

5. താഴെ തന്നിരിക്കുന്ന സാഹചര്യങ്ങളിൽ ഏതെല്ലാം ഒരു വ്യക്തിയുടെ വാക്കുകൾ അവന്റെ അല്ലങ്കിൽ അവളുടെ പ്രവൃത്തികളിൽ നിന്നും വ്യത്യസ്തമായിരിക്കുന്നു.

__________നാമെല്ലാം ഐക്യത്തോടെയിരിക്കണം എന്ന് ചിലയാളുക്കൾ നിരന്തരം പറയുകയും എന്നാൽ വേർതിരിവ് ഉണ്ടാക്കുന്ന തരത്തിൽ അവർ പെരുമാറുകയും ചെയ്യുന്നു.

__________ചിലർ പവിത്രമായ ജീവിതത്തിന്റെ മൂല്യത്തെക്കുറിച്ച് പുകഴ്ത്തുകയും എന്നാൽ വിവാഹേതര ലൈംഗിക ബന്ധത്തിൽ ഏർപ്പെടുകയും ചെയ്യുന്നു.

__________ഒരാൾ മദ്യപാനം നിരോധിക്കുന്ന ഒരു മതം പിന്തുടരുന്നു എന്ന് അവകാശപ്പെടുകയും ഇടക്ക് മദ്യപിക്കുകയും ചെയ്യുന്നു.

__________ഒരാൾ സ്ത്രീ പുരുഷ തുല്യതക്കായി വാദിക്കുകയും എന്നാൽ, ഒരു തൊഴിലുടമ എന്ന നിലയിൽ, തുല്യ ജോലിക്ക് സ്ത്രീകൾക്ക് പുരുഷൻമാരേക്കാൾ കുറഞ്ഞ വേതനം നൽകുകയും ചെയ്യുന്നു.

6. മറ്റൊരു വ്യക്തിയോട് ഒരു ബഹായി പാപം ഏറ്റുപറയുന്നത് അനുവദനീയമാണോ ?

______________________________________________

7. പാപം ഏറ്റ് പറയുന്നതിന് പകരം നാം എന്ത് ചെയ്യണം ?

______________________________________________

8. "ദിവ്യയശ്ശസിന്റെ സ്വർഗ്ഗം" എന്നതിന്റെ അർത്ഥം എന്താണ് ?

______________________________________________

9. ദുഷ്പ്രവൃത്തികൾ ലോകത്തിനുമേൽ എന്ത് സ്വാധീനമാണ് ഉണ്ടാക്കുന്നത് ?

______________________________________________

10. ദുഷ്പ്രവൃത്തികൾ ചെയ്യുന്നവർക്ക് അവ എന്ത് ഫലമാണ് ഉണ്ടാക്കുന്നത് ?

______________________________________________

## ഭാഗം 3

ഇനി ലിഖിതങ്ങളിൽ നിന്നുള്ള ചുവടെയുള്ള ഖണ്ഡികകൾ വായിക്കുകയും പര്യാലോചിക്കുകയും ചെയ്യുക. അതിന് ശേഷം അവ മനഃപാഠമാക്കുവാൻ ശ്രമിക്കുക.

**''എല്ലാ മാനുഷിക നന്മകളുടെയും അടിത്തറ സത്യസന്ധതയാണ്.''[6]**

1. എല്ലാമാനുഷിക നന്മകളുടെയും അടിത്തറ എന്താണ് ?

_______________________________________________

**''ഏതൊരു ആത്മാവിനും സത്യസന്ധത കൂടാതെ എല്ലാ ദൈവിക ലോകങ്ങളിലും പുരോഗമിക്കാനും വിജയിക്കാനും അസാദ്ധ്യമാണ്.''[7]**

2. സത്യസന്ധത ഇല്ലാതെ അസാദ്ധ്യമായത് എന്താണ് ?

_______________________________________________

**''അല്ലയോ ജനങ്ങളേ, സത്യസന്ധതകൊണ്ട് നിങ്ങളുടെ നാവുകളെ സുന്ദരമാക്കുക. നിഷ്കളങ്കതയുടെ ആഭരണങ്ങൾകൊണ്ട് നിങ്ങളുടെ ആത്മാവുകളെ അലങ്കരിക്കുക.''[8]**

3. നാം എന്തുകൊണ്ടാണ് നമ്മുടെ നാവുകളെ സുന്ദരമാക്കേണ്ടത് ?

_______________________________________________

4. നാം എന്തുകൊണ്ടാണ് നമ്മുടെ ആത്മാവിനെ അലങ്കരിക്കേണ്ടത് ?

_______________________________________________

**''നിങ്ങളുടെ കണ്ണുകൾ പവിത്രവും കൈ വിശ്വസ്തവും നാവ് സത്യസന്ധവും ഹൃദയം പ്രകാശിതവും ആകട്ടെ.''[9]**

5. നമ്മുടെ കണ്ണുകൾ ഏതുതരത്തിൽ ഉള്ളതായിരിക്കണം ? ____________________

നമ്മുടെ കൈകൾ ? __________ നമ്മുടെ നാവ് ? __________ നമ്മുടെ ഹൃദയം ? ________

_______________________________________________

**''ദൈവത്തിന്റെ കൂടാരത്തിൽ വസിക്കുന്നവരും നിത്യചൈതന്യത്തിന്റെ ഇരിപ്പിടങ്ങളിൽ ഉറപ്പിച്ചവരും, അവർ വിശപ്പിനാൽ മരിച്ചുകൊണ്ടിരുന്നാലും, തങ്ങളുടെ അയൽക്കാരൻ എത്ര ചീത്തയും വിലയില്ലാത്തവനും ആയാൽപോലും അയാളുടെ**

**സ്വത്തുക്കളിൽ നിയമാനുസൃതമല്ലാതെ കൈവെയ്ക്കാനും പിടിച്ചെടുക്കാനും വിസമ്മതിക്കും.''**[10]

6. നാം വിശപ്പിനാൽ മരിച്ചുകൊണ്ടിരുന്നാലും ചെയ്യാൻ വിസമ്മതിക്കുന്നകാര്യം എന്താണ്?

________________________________________________

________________________________________________

## ഭാഗം 4

നിങ്ങൾ രണ്ടാം ഭാഗത്തിൽ കണ്ടത് പോലെ, ചില അഭ്യാസങ്ങൾക്ക് വ്യക്തമായ ഉത്തരങ്ങൾ കാണേണ്ടതുണ്ട്. അത്തരം കാര്യങ്ങളിൽ ഉദ്ദേശിക്കുന്ന ഉത്തരം കണ്ടെത്താനും ചിന്തയുടെ ഐക്യം കൊണ്ടുവരുന്നതിനും നിങ്ങളുടെ ട്യൂട്ടർ നിങ്ങളെ സഹായിക്കും. മറ്റുള്ളവയിൽ ചർച്ച തന്നെ വളരെ വിലപ്പെട്ടതാണ്, ഒരു കൃത്യമായ ഉത്തരം പ്രതീക്ഷിക്കുന്നില്ല. താഴെകൊടുത്തിരിക്കുന്ന 3–ാമത്തെ ചോദ്യം സങ്കീർണ്ണമായ ആദ്യത്തേതും, 6–ാം ചോദ്യം അത്തരത്തിലുള്ള രണ്ടാമത്തേതുമാണ്.

1. എല്ലാ മാനുഷിക നന്മകളുടെയും അടിസ്ഥാനം സത്യസന്ധതയാണ്. അഞ്ച് നന്മകൾ എഴുതുക ?

________________________________________________

________________________________________________

2. സത്യസന്ധത കൂടാതെ ഈ നന്മകൾ സ്വന്തമാക്കാൻ നമുക്ക് കഴിയുമോ?

________________________________________________

3. താഴെപ്പറയുന്നവയിൽ ശരി ഏതാണ്.

__________ഒരാൾ നുണയനാണെങ്കിൽ പോലും നീതിമാനാകാൻ കഴിയും.

__________ഒരു കള്ളന് വിശ്വസ്തമായ കൈ ഉണ്ടായിരിക്കും.

__________വിശ്വസ്തമായ ഒരു കൈ ഒരിക്കലും അതിന്റേതല്ലാത്ത ഒന്നും തൊടുകയില്ല.

__________അശ്ളീല മാസികകളും പുസ്തകങ്ങളും വായിക്കുന്നത് പരിപാവനമായ ഒരു നേത്രം നമുക്ക് ഉണ്ടാകണം എന്ന ബഹാഉള്ളയുടെ ഉപദേശത്തിന് വിരുദ്ധമാണ്.

__________സത്യസന്ധത എന്നാൽ നുണപറയാതിരിക്കുകയാണ്.

__________നിഷ്കളങ്കത ആത്മാവിന് ഒരു അലങ്കാരമാണ്.

__________സത്യസന്ധനല്ലാത്ത ഒരു വ്യക്തിക്ക് ആത്മീയമായി പുരോഗമിക്കാനാവും.

__________ഇടയ്ക്കിടെ നുണപറയുന്നതിൽ കുഴപ്പമില്ല.

__________വിശക്കുമ്പോൾ മോഷ്ടിക്കുന്നത് ദൈവത്തിന് മുമ്പാകെ സ്വീകാര്യമാണ്.

__________ഉടമസ്ഥന്റെ അനുവാദം കൂടാതെ പിന്നീട് തിരിച്ച് നൽകാം എന്ന ധാരണയിൽ എന്തെങ്കിലും എടുക്കുന്നത് മോഷണമല്ല.

__________കുറച്ചെങ്കിലും കബളിപ്പിക്കാതെ ഒരു വ്യവസായം വിജയിപ്പിക്കുക എന്നത് അസാധ്യമാണ്.

__________നാം നിഷ്കളങ്കമായി പ്രവർത്തിക്കുകയും നീതിമാന്മാരും സത്യസന്ധരുമായിരിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ഹൃദയം പ്രകാശിതമാവുന്നു.

4. ഒരുവൻ അവനോടുതന്നെ നുണ പറയുന്നത് സാധ്യമാണോ ?

______________________________________________

5. നാം നുണ പറയുമ്പോൾ നമുക്ക് എന്താണ് നഷ്ടപ്പെടുന്നത് ?

______________________________________________

6. എല്ലാവരും നിഷ്കളങ്കരും സത്യസന്ധരും ആയിരിന്നെങ്കിൽ ലോകം എന്തുപോലെ ആകുമായിരുന്നു ?

______________________________________________

## ഭാഗം 5

താഴെ കൊടുത്തിരിക്കുന്ന ഉദ്ധരണികൾ പഠിച്ച് ഹൃദിസ്ഥമാക്കാൻ ശ്രമിക്കുക. ലിഖിതങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ ഹൃദിസ്ഥമാക്കുന്നത് വളരെ ഫലവത്താണ്, അങ്ങനെ ചെയ്യാൻ നിങ്ങൾ പരമാവധി ശ്രമിക്കണം. തീർച്ചയായും എല്ലാവർക്കും അങ്ങനെ ഹൃദിസ്ഥമാക്കുന്നത് തികച്ചും അസാദ്ധ്യമാണ്. എന്നിരിന്നാലും, നിങ്ങൾ, ഉദ്ധരണികൾ കഴിയുന്നത്ര നല്ലപോലെ പഠിച്ച് യഥാർത്ഥ വാക്കുകൾക്ക് സമാനമായ രീതിയിൽ ആശയം ചോർന്ന് പോകാതെ പറയാൻ കഴിയണം.

> **''കരുണ നിറഞ്ഞ ഒരു നാവ്, മനുഷ്യഹൃദയങ്ങളെ ആകർഷിക്കുന്ന കാന്തമാണ്, അത് ആത്മാവിന്റെ ഭക്ഷണമാണ്, അത് വാക്കുകളെ അർത്ഥംകൊണ്ട് പൊതിയുന്നു, അത് ഉൾക്കൊള്ളലിന്റെയും വിവേകത്തിന്റെയും പ്രകാശധാരയാണ്.''**[11]

1. ഒരു കരുണനിറഞ്ഞ നാവിനെ എങ്ങനെ വിവരിക്കാം?

______________________________________________

______________________________________________

______________________________________________

2. ഒരു കരുണനിറഞ്ഞ നാവിന് വാക്കുകളുടെ എന്ത് പ്രതിഫലനമുണ്ടാകും ?

______________________________________________

______________________________________________

**''പ്രഭുവിന്റെ പ്രിയങ്കരേ! ഈ വിശുദ്ധ വെളിപാടിൽ ഏറ്റുമുട്ടലുകളും തർക്കങ്ങളും അനുവദനീയമല്ല. ഓരോ അക്രമിയും അവൻ സ്വയം അവന്റെ മേൽ ദൈവിക തേജസ് ചൊരിയുന്നത് തടയുന്നു.''[12]**

3. മേൽപറഞ്ഞ ഉദ്ധരണി പ്രകാരം, ഈ വെളിപാടിൽ നിഷേധിക്കപ്പെട്ടിട്ടുള്ളതെന്താണ് ?

______________________________________________

4. ഒരു അക്രമി അവനോടു തന്നെ ചെയ്യുന്നതെന്താണ് ?

______________________________________________

**''ദൈവത്തിന്റെ പ്രിയങ്കരർക്കിടയിലുള്ള വിയോജിപ്പ്, വിരോധം, വിവാദം, പിണക്കം, സ്നേഹശൂന്യത എന്നിവയെക്കാൾ വലിയ ഉപദ്രവം വേറെ യാതൊന്നുംതന്നെ ഈ ദിനത്തിൽ ഈ ധർമ്മത്തിന് സംഭവിക്കാനില്ല.''[13]**

5. ഏത് അവസ്ഥകളിലാണ് ധർമ്മത്തിന് ഏറ്റവും ഹാനി സംഭവിക്കുന്നത് ?

______________________________________________

______________________________________________

**“വാക്കുകളിൽ മാത്രം സൗഹൃദം കാണിക്കുന്നതുകൊണ്ട് സംതൃപ്തിപ്പെടരുത്. നിങ്ങളുടെ പാതയിൽ വരുന്ന എല്ലാവർക്കുംവേണ്ടി നിങ്ങളുടെ ഹൃദയം സ്നേഹത്താലും ദയയാലും ജ്വലിക്കട്ടെ”. [14]**

6. ഏത് തരത്തിലുള്ള സൗഹൃദമാണ് നമ്മെ സംതൃപ്തരാക്കാതിരിക്കേണ്ടത്?

______________________________________________

7. നമ്മുടെ ഹൃദയങ്ങളിൽ ജ്വലിക്കേണ്ടതെന്താണ്? ______________________

______________________________________________

**''ഒരു യുദ്ധചിന്ത വരുമ്പോൾ അതിനേക്കാൾ വലിയ സമാധാനചിന്തകൊണ്ട് അതിനെ എതിർക്കുക. വെറുപ്പിന്റെ ചിന്തയെ അതിനേക്കാൾ ശക്തമായ സ്നേഹത്തിന്റെ ചിന്തകൊണ്ട് കീഴ്പ്പെടുത്തണം''.[15]**

8. ഒരു യുദ്ധചിന്തയെ എന്തുകൊണ്ടാണ് എതിർക്കേണ്ടത് ? ______________________

______________________________________________

9. വെറുപ്പിന്റെ ചിന്തയെ എന്തുകൊണ്ടാണ് കീഴ്പ്പെടുത്തേണ്ടത് ?

______________________________________________

## ഭാഗം 6

മുകളിലത്തെ ഉദ്ധരണികൾ മനസ്സിൽ വച്ചുകൊണ്ട് താഴെകൊടുത്തിരിക്കുന്ന അഭ്യാസങ്ങൾ ചെയ്യുക:

1. ഏത് തരത്തിലുള്ള കാന്തം പോലെയാണ് കരുണനിറഞ്ഞ നാവ് പ്രവർത്തിക്കുന്നത് ?

____________________________________________

____________________________________________

2. താഴെ പറയുന്ന വചനങ്ങൾ ഒരു കാരുണ്യം നിറഞ്ഞ നാവിൽനിന്നും വരുമോ ഇല്ലയോ എന്ന് പരിശോധിക്കുക.

__________''എന്നെ ശല്യം ചെയ്യല്ലേ !''

__________''നിങ്ങൾ എന്തുകൊണ്ടിത് മനസ്സിലാക്കുന്നില്ല ?''

__________''നിങ്ങൾ ദയവായി അല്പമൊന്ന് കാത്തിരിക്കാമോ ?''

__________''എന്തൊരു ഭയങ്കര കുട്ടികൾ ! ''

__________''നന്ദി, നിങ്ങൾ വളരെ ദയാലുവാണ്''

__________''എനിക്കിപ്പോൾ സമയമില്ല. ഞാൻ വളരെ തിരക്കിലാണ്''

3. താഴെ പറയുന്ന സാഹചര്യങ്ങൾ ഏറ്റുമുട്ടൽ ഉണ്ടാക്കുമോ ഇല്ലയോ എന്ന് പരിശോധിക്കുക:

__________കൂടിയാലോചനക്കിടയിൽ രണ്ടുപേർ ഒരേ ആശയത്തിൻമേൽ വ്യത്യസ്ത അഭിപ്രായം പറയുന്നു.

__________കൂടിയാലോചനക്കിടയിൽ രണ്ടുപേർ പരസ്പരം തർക്കിക്കുകയും കലഹിക്കുകയും ചെയ്യുന്നു

__________രണ്ടുപേർ പരസ്പരം സംസാരിക്കാത്തതിനാൽ(ഇഷ്ടത്തിലല്ലാത്തതിനാൽ) അവിടെ നടക്കുന്ന പ്രതിവാര ഉപാസനായോഗത്തിൽ സംബന്ധിക്കാതിരിക്കുന്നു.

__________ഒരു പദ്ധതിയിൽ സഹകരിക്കുന്ന അംഗങ്ങൾ മറ്റുള്ളവർ അവരുടെ കർത്തവ്യം നിർവ്വഹിക്കുന്നില്ലായെന്ന് സ്ഥിരമായി ആക്ഷേപം ഉന്നയിക്കുന്നു.

4. താഴെപ്പറയുന്നവയിൽ സൗഹൃദത്തിന്റെ അകൽച്ചയുടെ അടയാളങ്ങൾ ഏതാണ്?

__________രണ്ടു സുഹൃത്തുക്കൾ ഒരു തെരുവിലൂടെ കടന്നുപോകുകയും എന്നാൽ പരസ്പരം അവഗണിക്കുകയും ചെയ്യുന്നു.

__________ഒരാൾ ഉപാസനാ യോഗത്തിൽ പങ്കെടുക്കാനെത്തുമ്പോൾ എല്ലാവരും ഊഷ്മളമായ സ്വാഗതം നൽകുന്നു.

__________ഒരു സംഘത്തിലെ രണ്ട് അംഗങ്ങൾ, അവർ തമ്മിൽ വിനയത്തോടെ പെരുമാറുന്നുവെങ്കിലും, ഒരു പദ്ധതിയിൽ ഒരുമിച്ച് പോകാൻ വിസമ്മതിക്കുന്നു.

5. താഴെപ്പറയുന്നവ ശരിയോ തെറ്റോ എന്ന് പരിശോധിക്കുക.

__________നാം മറ്റുള്ളവരെ എന്താണോ മനസ്സിലാക്കിയിരിക്കുന്നത് അത് വെട്ടിത്തുറന്ന് പറയുക; അത് അവരുടെ ഹൃദയങ്ങളെ വേദനിപ്പിച്ചാൽ പോലും.

__________സംഘർഷം ഒഴിവാക്കാൻ നുണ പറയുന്നതിൽ തെറ്റില്ല.

__________സ്നേഹവും ദയയുംകൊണ്ട് സംഘർഷത്തെ കീഴ്പ്പെടുത്താം.

__________സ്നേഹത്തോടുകൂടി പറയുന്ന വാക്കുകൾക്ക് കൂടുതൽ ശക്തിയുണ്ട്.

__________മറ്റൊരുവനാണ് ആരംഭിക്കുന്നതെങ്കിൽ അയാളുമായി ശണ്ഠകൂടുന്നതിൽ തെറ്റൊന്നുമില്ല.

__________ദു:ഖത്തിലോ അസുഖത്തിലോ ആയിരിക്കുമ്പോൾ മറ്റുള്ളവരോട് പരുഷമായി പെരുമാറാൻ ഒരുവന് അവകാശമുണ്ട്.

__________മറ്റുള്ളവർക്ക് എന്തെങ്കിലും തെറ്റ് സംഭവിക്കുമ്പോൾ പരിഹസിക്കുന്നത് ദയയല്ല.

__________സുഹൃത്തുക്കൾ തമ്മിൽ വൈകാരിക അകൽച്ച ഉള്ളപ്പോൾ ഇരുവരും പരസ്പരം അടുക്കാൻ പ്രത്യേകം ശ്രമിക്കണം.

__________വൈകാരിക അകൽച്ച ഉള്ളപ്പോൾ മറ്റെ ആൾ അടുക്കാനുള്ള ശ്രമം നടത്തുന്നതുവരെ ഇരുവരും കാത്തിരിക്കണം.

## ഭാഗം 7

താഴെ കൊടുത്തിരിക്കുന്ന ഉദ്ധരണികൾ ഹൃദിസ്ഥമാക്കുക.

**''...പരദൂഷണം ഹൃദയത്തിന്റെ പ്രകാശത്തെ കെടുത്തുകയും ആത്മാവിന്റെ ജീവനെ അവസാനിപ്പിക്കുകയും ചെയ്യുന്നു.''**[16]

**''നീ തന്നെ ഒരു പാപി ആയിരിക്കുന്ന കാലത്തോളം അന്യരുടെ പാപങ്ങളെപ്പറ്റി ഉരിയാടാതിരിക്കുക.''**[17]

**""ദുഷിച്ചതൊന്നും നിന്നോടു പറയുന്നതു കേൾക്കാതിരിക്കുന്നതിനുവേണ്ടി നീ ദുഷിച്ചത് പറയാതിരിക്കുക, നിന്റെ സ്വന്തം ദോഷങ്ങൾ വലുതായി കാണപ്പെടാതിരിക്കുന്നതിനുവേണ്ടി അന്യരുടെ ദോഷങ്ങളെ വലുതാക്കി കാട്ടാതിരിക്കുക...''**[18]

**''അസ്തിത്വപുത്രാ! നിന്റെ സ്വന്തം വീഴ്ചകൾ മറന്ന് അന്യരുടെ വീഴ്ചകളിൽ മാത്രം ശ്രദ്ധ പതിപ്പിക്കാൻ നിനക്കു കഴിയുന്നതെങ്ങനെ?''**[19]

1. പരദൂഷണം പറയുന്നതുകൊണ്ട് അതുപറയുന്ന ആൾക്ക് എന്ത് ദോഷമാണുണ്ടാകുന്നത്?

______________________________________________

______________________________________________

2. മറ്റുള്ളവരുടെ പാപങ്ങളെപ്പറ്റി ഉരിയാടുന്നതിനുമുമ്പ് നാം എന്താണ് ചിന്തിക്കേണ്ടത് ?

______________________________________________

______________________________________________

3. മറ്റുള്ളവരുടെ കുറ്റങ്ങളെ വലുതാക്കി കാണിച്ചാൽ നമുക്ക് എന്താണ് സംഭവിക്കുക ?

______________________________________________

______________________________________________

4. മറ്റുള്ളവരുടെ കുറ്റങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ നാം എന്താണ് ഓർക്കേണ്ടത് ?

______________________________________________

______________________________________________

## ഭാഗം 8

മുകളിലത്തെ ഉദ്ധരണികൾ മനസ്സിൽ വച്ചുകൊണ്ട് താഴെകൊടുത്തിരിക്കുന്ന അഭ്യാസം ചെയ്യുക:

1. മറ്റുള്ളവരുടെ കുറ്റങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന ഒരാളുടെ ആത്മാവിന്റെ പുരോഗതിക്ക് എന്ത് സംഭവിക്കുന്നു ? ______________________________

______________________________________________

2. പരദൂഷണംകൊണ്ട് സമൂഹങ്ങളുടെ മേൽ ഉണ്ടാകുന്ന പ്രത്യാഘാതം എന്താണ്?

______________________________________________

______________________________________________

3. ഒരു സുഹൃത്ത് മറ്റുള്ളവരുടെ കുറ്റങ്ങൾ നിങ്ങളോട് പറയാൻ തുടങ്ങുമ്പോൾ നിങ്ങൾ എന്ത് ചെയ്യും? ______________________________

______________________________________________

4. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് അടയാളപ്പെടുത്തുക.

__________നാം മറ്റുള്ളവരുടെ യഥാർത്ഥ കുറ്റങ്ങളെപ്പറ്റി പറയുന്നത് പരദൂഷണമല്ല.

__________ഒരാളുടെ നന്മകളേയും തിന്മകളേയും ഒരേസമയം പറയുന്നത് പരദൂഷണമല്ല.

__________പരദൂഷണം ഇന്ന് നമ്മുടെ സമൂഹത്തിന്റെ രീതിയായി മാറിയിരിക്കുകയാണ്, അത് ഒഴിവാക്കാനുള്ള അച്ചടക്കം നാം ഉണ്ടാക്കണം

__________നാം ഒരാളോട് പറയുന്നത് മറ്റൊരാളോടും അയാൾ പറയുകയില്ല എന്ന് ഉറപ്പ് പറഞ്ഞാൽ, നാം പറയുന്നത് പരദൂഷണമാകുന്നില്ല.

__________ഐക്യത്തിന്റെ ഏറ്റവും വലിയ ശത്രുക്കളിലൊന്നാണ് പരദൂഷണം.

__________നാം മറ്റുള്ളവരെപ്പറ്റി സദാസമയവും സംസാരിക്കുന്ന സ്വഭാവം ഉണ്ടാക്കിയാൽ നാം അറിയാതെ പരദൂഷണത്തിലേക്ക് വഴിമാറും.

__________ഒരു പ്രാദേശിക ആത്മീയ സഭയിൽ ഒരു കമ്മിറ്റിയിലേക്ക് നാമം നിർദ്ദേശിക്കുന്നതിന് വേണ്ടി, വിവിധ ആളുകളുടെ കഴിവുകളെപ്പറ്റി ചർച്ചചെയ്യുന്നത് പരദൂഷണമാണ്.

__________പരദൂഷണം പറയാനുള്ള തോന്നൽ നമുക്കുണ്ടാകുമ്പോൾ, നാം നമ്മുടെ കുറവുകളെപ്പറ്റിത്തന്നെ ഓർക്കണം

__________ ധർമ്മത്തിന് ഹാനികരമായ രീതിയിൽ ഒരാൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ, നാം അതേപ്പറ്റി സമൂഹത്തിലെ അംഗങ്ങളുമായി ചർച്ചചെയ്യണം.

__________ധർമ്മത്തിന് ഹാനികരമായ രീതിയിൽ ഒരാൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ, നാം പ്രാദേശിക ആത്മീയ സഭയെ അറിയിക്കുക മാത്രം ചെയ്യണം.

__________മറ്റുള്ളവരുടെ കുറ്റങ്ങളെപ്പറ്റി ദമ്പതികൾ തമ്മിൽ സംസാരിക്കുന്നതിൽ തെറ്റില്ല, എന്തെന്നാൽ അവരുടെ ഇടയിൽ രഹസ്യങ്ങളില്ല.

## ഭാഗം 9

ഈ യൂണിറ്റിന്റെ ലക്ഷ്യം, തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ, എല്ലാ ദിവസവും പുണ്യ ലിഖിതങ്ങൾ വായിക്കാനും പര്യാലോചിക്കുവാനും പങ്കാളികളെ സഹായിക്കുക്ക എന്നതാണ്. ദിവസവും രാവിലേയും വൈകുന്നേരവും ദൈവവചനങ്ങൾ വായിക്കുന്നത് നമ്മുടെ ആത്മീയ പുരോഗതിക്ക് സഹായിക്കുന്ന ബഹാഉള്ളയുടെ ഒരു പ്രബോധനമാണ്. ഈ കടമ നിർവഹിക്കുന്നതിൽ നിന്നും നമുക്ക് ലഭിക്കുന്ന കാരുണ്യത്തെപ്പറ്റി ചുവടെയുള്ള ഉദ്ധരണി നമ്മെ ഓർമ്മപ്പെടുത്തുന്നു

> **"എന്റെ വാഗ്സാഗരത്തിൽ നിങ്ങൾ സ്വയം നിമഗ്നരാകുവിൻ, അങ്ങിനെ നിങ്ങൾക്ക് അതിന്റെ നിഗൂഢതകൾ വെളിവാക്കുകയും, അതിന്റെ അഗാധതകളിൽ ഒളിഞ്ഞിരിക്കുന്ന എല്ലാ മുത്തുകളും കണ്ടെത്തുകയും കഴിഞ്ഞേക്കാം."** [20]

ഈ യൂണിറ്റ് പൂർത്തികരിച്ചതിനാൽ, ഇപ്പോൾ ബഹാഉള്ളയുടെ ലിഖിതങ്ങൾ അടങ്ങിയ ഒരു പുസ്തകം സ്വന്തമാക്കാൻ നിങ്ങൾ ആഗ്രഹിച്ചേക്കാം അതിന് ആദ്യം തെരഞ്ഞെടുക്കാവുന്ന ഏറ്റവും നല്ല പുസ്തകം ''നിഗൂഢവചനങ്ങൾ'' ആണ്.

## REFERENCES


1. Bahá'u'lláh, cited by Shoghi Effendi, *The Advent of Divine Justice* (Wilmette: Bahá'í Publishing Trust, 2006, 2018 printing), par. 39, pp. 36–37.

2. *Gleanings from the Writings of Bahá'u'lláh* (Wilmette: Bahá'í Publishing Trust, 1983, 2017 printing), CXXXIX, par. 8, p. 345.

3. Bahá'u'lláh, *The Hidden Words* (Wilmette: Bahá'í Publishing Trust, 2003, 2012 printing), Arabic no. 31, p. 11.

4. Ibid., Persian no. 5, p. 24.

5. Ibid., Persian no. 69, p. 46.

6. 'Abdu'l-Bahá, cited by Shoghi Effendi, *The Advent of Divine Justice*, par. 40, p. 39.

7. Ibid.

8. *Gleanings from the Writings of Bahá'u'lláh*, CXXXVI, par. 6, p. 336.

9. *Tablets of Bahá'u'lláh Revealed after the Kitáb-i-Aqdas* (Wilmette: Bahá'í Publishing Trust, 1988, 2005 printing), no. 9.5, p. 138.

10. *Gleanings from the Writings of Bahá'u'lláh*, CXXXVII, par. 3, p. 338.

11. Ibid., CXXXII, par. 5, p. 327.

12. *Will and Testament of 'Abdu'l-Bahá* (Wilmette: Bahá'í Publishing Trust, 1944, 2013 printing), p. 26.

13. *Gleanings from the Writings of Bahá'u'lláh*, V, par. 5, p. 8.

14. From a talk given on 16 and 17 October 1911, published in *Paris Talks: Addresses Given by 'Abdu'l-Bahá in 1911* (Wilmette: Bahá'í Publishing, 2006, 2016 printing), no. 1.7, p. 6.

15. From a talk given by 'Abdu'l-Bahá on 21 October 1911, ibid., no. 6.7, p. 22.

16. *Gleanings from the Writings of Bahá'u'lláh*, CXXV, par. 3, p. 300.

17. *The Hidden Words*, Arabic no. 27, p. 10.

18. Ibid., Persian no. 44, p. 37.

19. Ibid., Arabic no. 26, p. 10.

20. *Gleanings from the Writings of Bahá'u'lláh*, LXX, par. 2, p. 154.



# പ്രാർത്ഥന

ലക്ഷ്യം:

പ്രാർത്ഥനയുടെ പ്രാധാന്യം പ്രതിഫലിപ്പിക്കുകയും നിത്യേന പ്രാർത്ഥിക്കുന്ന മനോഭാവം ശക്തിപ്പെടുത്തുകയും ചെയ്യുക.

## ഭാഗം 1

റൂഹി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോഴ്സുകൾ പഠിതാക്കളെ ഒരു സേവനപാതയിൽ സഞ്ചരിക്കുന്നതിന് സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെയുള്ളതാണ്. നാം ഈ പാതയിൽ സഞ്ചരിക്കുന്നത് ഇരട്ട ലക്ഷ്യബോധത്താൽ പ്രചോദിപ്പിക്കപ്പെട്ടാണ്—ആത്മീയവും ബൗദ്ധികവുമായി വളരുകയും സമൂഹത്തിന്റെ പരിവർത്തനത്തിനായി സംഭാവനകളർപ്പിക്കുകയും ചെയ്യുക. നമ്മുടെ ലക്ഷ്യത്തിന്റെ ഈ ഇരട്ട വശങ്ങൾ പരസ്പരം വേർതിരിക്കാൻ കഴിയാത്തതാണ്. ഒരു ഖണ്ഡികയിൽ ബഹാഉള്ള നമ്മോട് അനുശാസിക്കുന്നു:

> **"നിങ്ങളുടെ സ്വന്തം ഉത്ഖണ്ഠകളിൽ വ്യാപൃതരാകരുത്; മനുഷ്യരാശിയുടെ വിധിയെ അഭിവൃദ്ധിപ്പെടുത്തുകയും മനുഷ്യരുടെ ഹൃദയങ്ങളെയും ആത്മാക്കളെയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ നിങ്ങളുടെ ചിന്തകൾ ഉറപ്പിക്കുക."**[1]

മറ്റൊരു ഖണ്ഡികയിൽ അദ്ദേഹം വ്യക്തമാക്കുന്നു:

> **"...നശ്വരനായ മനുഷ്യർ, തികച്ചും ശൂന്യതയിൽ നിന്നും, അസ്തിത്വ മണ്ഡലത്തിലേക്ക് കാലെടുത്തുവെച്ചതിന്റെ ഉദ്ദേശ്യം ലോക നന്മയ്ക്കായി പ്രവർത്തിക്കാനും യോജിപ്പിലും ഐക്യത്തിലും ഒരുമിച്ച് ജീവിക്കാനുമാണ്."**[2]

നമ്മുടെ ആന്തരിക അവസ്ഥയെ സംബന്ധിച്ച് അദ്ദേഹം പ്രഖ്യാപിക്കുന്നു:

> **"പരിശുദ്ധ ഹൃദയം കണ്ണാടിപോലെയാണ്; സ്നേഹത്താലും ദൈവം ഒഴികെയുള്ള മറ്റെല്ലാറ്റിന്റേയും വിച്ഛേദത്താലും അതിനെ ശുദ്ധീകരിക്കുക, അങ്ങിനെ യഥാർത്ഥ സൂര്യൻ അതിൽ പ്രകാശിക്കുകയും നിത്യമായ പ്രഭാതം പുലരുകയും ചെയ്തേക്കാം."**[3]

അബ്ദുൽ ബഹാ നമ്മോട് പറയുന്നു:

> **"നിങ്ങൾ ദൈവിക ദാനങ്ങളുടെ സ്വീകർത്താക്കളാകുന്നതിന് നിങ്ങളുടെ ഹൃദയങ്ങൾ നിർമ്മലവും നിങ്ങളുടെ ഉദ്ദേശ്യങ്ങൾ ആത്മാർത്ഥവുമായിരിക്കണം."**[4]

1. നമ്മുടെ ചിന്തയുടേയും ഉത്ഖണ്ഠയുടേയും കേന്ദ്രബിന്ദു എന്തായിരിക്കണം? ____________________

____________________

____________________

2. തികച്ചും ശൂന്യതയിൽ നിന്നും, അസ്തിത്വ മണ്ഡലത്തിലേക്ക് നാം കാലെടുത്തുവെച്ചതിന്റെ ഉദ്ദേശ്യം എന്താണ്? ____________________

____________________

____________________

3. നമ്മുടെ ഹൃദയമാകുന്ന കണ്ണാടിയെ എന്തുകൊണ്ടാണ് നാം ശുദ്ധീകരിക്കേണ്ടത്? ____________________

____________________

____________________

____________________

4. ദൈവീക അനുഗ്രഹങ്ങൾ ആകർഷിക്കുന്ന ചില വ്യവസ്ഥകൾ ഏതെല്ലാം? ____________________

____________________

5. ഇനി പറയുന്നവയിൽ ഏതെങ്കിലും ശരിയാണോ?

— ആദ്യം നിങ്ങൾ സ്വയം പരിപാലിക്കണം, തുടർന്ന് നിങ്ങൾക്ക് മറ്റുള്ളവരെ പരിപാലിക്കാൻ കഴിയും.

— നിങ്ങൾ എല്ലായ്പ്പോഴും മറ്റുള്ളവരെ സഹായിക്കുകയാണെങ്കിൽ, നിങ്ങളുടെ സ്വന്തം ലക്ഷ്യങ്ങളിലേക്കുള്ള നോട്ടം നിങ്ങൾക്ക് നഷ്ടപ്പെടും.

— നിങ്ങളുടെ ഏറ്റവും അടുത്ത സുഹൃത്ത് നിങ്ങൾ തന്നെയാണ്

— നിങ്ങളെ സന്തോഷിപ്പിക്കുന്നത് എന്താണെന്ന് കണ്ടെത്തുകയാണ് ഏറ്റവും പ്രധാനം.

— നിങ്ങളുടെ സ്വപ്നങ്ങളെ പിന്തുടരുക, അവ നിങ്ങളെ സന്തോഷത്തിലേക്ക് നയിക്കും.

— നിങ്ങൾ മറ്റാരേയും വേദനിപ്പിക്കാത്തിടത്തോളം, നിങ്ങൾ എന്തു ചെയ്യുന്നു എന്നത് പ്രാധാനമല്ല.

— നിങ്ങൾ എന്തെങ്കിലും നല്ലത് ചെയ്യുന്നിടത്തോളം കാലം നിങ്ങളുടെ ഉദ്ദേശ്യങ്ങളിൽ സ്വാർത്ഥത പുലർത്തുന്നതിൽ തെറ്റില്ല.

## ഭാഗം 2

നമ്മുടെ ഇരട്ട ലക്ഷ്യത്തിന്റെ കാതലായ വിശ്വാസം നാമെല്ലാം ശ്രേഷ്ഠരായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതാണ്.. ബഹാഉള്ള പറയുന്നു:

> **"ആത്മചൈതന്യത്തിന്റെ പുത്രാ! നിന്നെ ഞാൻ സമ്പന്നനായി സൃഷ്ടിച്ചു; എന്തിനാണ് നീ ദാരിദ്ര്യത്തിലേക്ക് സ്വയം നിപതിക്കുന്നത്? ശ്രേഷ്ഠനായി നിന്നെ ഞാൻ നിർമ്മിച്ചു; എന്നിട്ടും നീ സ്വയം തരം താഴ്ത്തുന്നുവോ? അറിവിന്റെ സത്തിൽ നിന്ന് നിനക്ക് ഞാൻ അസ്തിത്വം നൽകി; എന്നിൽ നിന്നാല്ലാതെ മറ്റൊരാളിൽ നിന്ന് അറിവ് നേടാൻ നീ ശ്രമിക്കുന്നതെന്തിന്? സ്നേഹമാകുന്ന കളിമണ്ണുകൊണ്ട് നിന്നെ ഞാൻ വാർത്തെടുത്തു; മറ്റൊരാളിൽ നീ തൽപരനാകുന്നത് എന്തിനാണ്? നിന്നിലേക്ക് തന്നെ നീ മിഴി തിരിക്കുക; നിന്റെയുള്ളിൽ പ്രബലനായും ശക്തനായും സ്വയം നിലനിൽക്കുന്നവനായും ഞാൻ കുടികൊള്ളുന്നത് നിനക്ക് കാണാം."[5]**

ചുവടെയുള്ള വിട്ടുപോയ ഭാഗം പൂരിപ്പിക്കുന്നത് ഈ ഖണ്ഡിക മനസ്സിലാക്കുന്നതിന് നിങ്ങളെ സഹായിക്കും:

"ആത്മചൈതന്യത്തിന്റെ പുത്രാ! നിന്നെ ഞാൻ ________________ സൃഷ്ടിച്ചു;
എന്തിനാണ് നീ ________________ സ്വയം ________________?
________________ നിന്നെ ഞാൻ ________________; എന്നിട്ടും നീ സ്വയം
________________? ________________ന്റെ ________________നിന്ന്
നിനക്ക് ഞാൻ അസ്തിത്വം നൽകി; ________________ നിന്നാല്ലാതെ മറ്റൊരാളിൽ നിന്ന്
________________ നീ ________________തെന്തിന്? ________________
കളിമണ്ണുകൊണ്ട് നിന്നെ ഞാൻ ________________; ________________ നീ
________________ എന്തിനാണ്? ________________ തന്നെ നീ ________________
________________ തിരിക്കുക; നിന്റെയുള്ളിൽ ________________യും ________________
________________യും ________________യും ________________
കുടികൊള്ളുന്നത് നിനക്ക് കാണാം."

നമ്മുടെ ആത്മാവിന്റെ ശ്രേഷ്ഠതയോട് സത്യസന്ധത പുലർത്തണമെങ്കിൽ, നാം നമ്മുടെ സത്തയുടെ ഉറവിടത്തിലേക്ക് തിരിയുകയും അവനിൽ നിന്ന് ജ്ഞാനോദയം തേടുകയും വേണം. ഇത് നേടുന്നതിനുള്ള ഏറ്റവും ശ്രദ്ധേയമായ മാർഗ്ഗം പ്രാർത്ഥനയാണ്. ധർമ്മത്തിന്റെ സംരക്ഷകനായ ഷോഘി എഫൻഡി നമ്മോട് പറയുന്നത്, അതിന്റെ മുഖ്യ ലക്ഷ്യം "ആത്മീയ സദ്ഗുണങ്ങളും ശക്തികളും സ്വായത്തമാക്കുന്നതിലൂടെ വ്യക്തിയുടെയും സമൂഹത്തിന്റേയും വികാസമാണ്. മനുഷ്യന്റെ ആത്മാവിനാണ് ആദ്യം ഭക്ഷണം നൽകേണ്ടത്. ഈ ആത്മീയ പോഷണം ഏറ്റവും മികച്ചതായി നൽകാൻ പ്രാർത്ഥനയ്ക്ക് കഴിയും."[6]

## ഭാഗം 3

ദൈവം സർവ്വജ്ഞനും സർവ്വ വിജ്ഞനുമാണ്. അവൻ നമ്മെ സൃഷ്ടിച്ചു, നമ്മുടെ ഹൃദയത്തിൽ എന്താണെന്നും, നമ്മുക്ക് എന്താണ് നല്ലതെന്നും അവനറിയാം. നമ്മുടെ പ്രാർത്ഥനകൾ അവന് ആവശ്യമില്ല. പിന്നെ എന്തിനാണ് നാം പ്രാർത്ഥിക്കുന്നത്?

അബ്ദുൽബഹാ പറയുന്നു:

**"ഏറ്റവും ഉന്നതമായ പ്രാർത്ഥനയിൽ മനുഷ്യൻ ദൈവസ്നേഹത്തിനായി മാത്രം പ്രാർത്ഥിക്കുന്നു. അത് അവൻ ദൈവത്തെയോ നരകത്തെയോ ഭയപ്പെടുന്നതു കൊണ്ടൊ അനുഗ്രഹമോ സ്വർഗ്ഗമോ പ്രതീക്ഷിക്കുന്നതുകൊണ്ടൊ അല്ല.... ഒരു വ്യക്തി മറ്റൊരു വ്യക്തിയുമായി പ്രേമത്തിലാവുമ്പോൾ തനിക്കു പ്രിയങ്കരമായതിന്റെ പേരു ഉച്ചരിക്കാതിരിക്കുക അവന് അസാദ്ധ്യമാണ്. അതിനേക്കാൾ എത്രയോ പ്രയാസമാണ് അവൻ ദൈവവുമായി പ്രേമത്തിലാവുമ്പോൾ ദൈവത്തിന്റെ പേര് ഉച്ചരിക്കാതിരിക്കുക.......ഒരു ആത്മീയ മനുഷ്യന് ദൈവത്തെ സ്മരിക്കുന്നതിനേക്കാൾ സന്തോഷം മറ്റൊന്നിലും കണ്ടെത്താനാവുകയില്ല."[7]**

ഒരു ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞു:

**"ഒരു സുഹൃത്ത് മറ്റൊരാളെ സ്നേഹിക്കുമ്പോൾ അത് പറയാനാഗ്രഹിക്കുന്നത് സ്വാഭാവികമാണ്. സുഹൃത്തിന് തന്റെ സ്നേഹത്തെപ്പറ്റി അറിയാമെന്ന് അവന് അറിയാമെങ്കിൽപോലും അതേപ്പറ്റി പറയാൻ അവൻ ആഗ്രഹിക്കില്ലേ?......എല്ലാ ഹൃദയങ്ങളുടെയും ആഗ്രഹം ദൈവത്തിന് അറിയാമെന്നത് സത്യമാണ്; എന്നാൽ പ്രാർത്ഥിക്കുക എന്ന തോന്നൽ നൈസർഗികമാണ്; അത് ദൈവത്തോടുള്ള മനുഷ്യന്റെ സ്നേഹത്തിൽ നിന്നും ഉത്ഭവിക്കുന്നതാണ്".[8]**

1. തുടർന്നുള്ള വാചകങ്ങൾ പൂർത്തിയാക്കുക:

a. ________________ പ്രാർത്ഥനയിൽ നാം ദൈവ ________________ മാത്രം ________________. അത് അവൻ ദൈവത്തെയോ ________________ ഭയപ്പെടുന്നതുകൊണ്ടൊ ________________മോ ________________ മോ പ്രതീക്ഷിക്കുന്നതുകൊണ്ടൊ അല്ല.

b. നാം മറ്റൊരു വ്യക്തിയുമായി ________________ നമുക്കു ________________ ന്റെ ________________ ഉച്ചരിക്കാതിരിക്കുക നമുക്ക് ________________. അതിനേക്കാൾ എത്രയോ ________________ ഒരാൾ

ദൈവവുമായി ______________________മ്പോൾ ______________________ പേര്
______________________

c. ഒരു ആത്മീയ മനുഷ്യന് ദൈവത്തെ ______________________ക്കാൾ ______________________ മറ്റൊന്നിലും കണ്ടെത്താനാവുകയില്ല.

2. നാം എന്തുകൊണ്ട് പ്രാർത്ഥിക്കണം? ______________________
______________________

3. ''ദൈവത്തെ സ്മരിക്കുക'' എന്ന പ്രയോഗം കൊണ്ട് എന്താണ് അർത്ഥമാകുന്നത്? ______________________
______________________

4. മറ്റൊരാളെ സ്നേഹിക്കുന്ന ഒരാളുടെ ഏറ്റവും ഗാഢമായ ആഗ്രഹം എന്തായിരിക്കും? ______________________
______________________

5. പ്രാർത്ഥിക്കുക എന്ന തോന്നൽ എന്തുകൊണ്ടാണ് ഉത്ഭവിക്കുന്നത്? ______________________
______________________

## ഭാഗം 4

ബഹാഉള്ള വെളിപ്പെടുത്തിയ ഒരു പ്രാർത്ഥനയിൽ നാം വായിക്കുന്നത്:

**"ഞാൻ അങ്ങയോടർത്ഥിക്കുന്നു... എന്റെ പ്രാർത്ഥനയെ, അങ്ങയുടെ സൗന്ദര്യത്തിൽ നിന്നും എന്നെ അകറ്റി നിർത്തിയിരിക്കുന്ന മറകളെ കത്തിച്ചുകളയുന്ന ഒരു ജ്വാല ആക്കേണമേ, അങ്ങയുടെ സാന്നിധ്യസമുദ്രത്തിലേക്ക് എന്നെ നയിക്കുന്ന ഒരു പ്രാകാശമാക്കേണമേ."**[9]

അതേ പ്രാർത്ഥനയിൽ നാം ദൈവത്തോട് ആവശ്യപ്പെടുന്നു:

**"അല്ലയോ എന്റെ പ്രഭുവേ, അവിടുത്തെ പരമാധികാരം നീണ്ടുനിക്കുന്ന കാലത്തോളം എന്റെ പ്രാർത്ഥനയെ അതുകൊണ്ട് ഞാൻ ജീവിക്കുമാറ്, ജീവജലങ്ങളുടെ ഒരു ഉറവയാക്കിയാലും, അങ്ങനെ അങ്ങയുടെ ലോകങ്ങളുടെ, സകലലോകത്തിലും അങ്ങയെ സ്മരിക്കുമാറാകട്ടെ."**[10]

1. എന്ത് അർത്ഥത്തിലാണ് പ്രാർത്ഥന ഒരു ജ്വാലയാകുന്നത്? അത് എന്താണ് കത്തിച്ചു കളയുന്നത്?
______________________
______________________

2. നമ്മെ ദൈവത്തിൽ നിന്നും അകറ്റി നിർത്തുന്ന ചില മറകൾ സൂചിപ്പിക്കുക: ______________________
______________________
______________________

3. പ്രാർത്ഥനക്ക് പ്രകാശത്തേപ്പൊലെയാകുവാൻ കഴിയുമോ? അത് നമ്മെ എവിടേക്കാണ് നയിക്കുന്നത്? ______________________
______________________
______________________

4. പ്രാർത്ഥനക്ക് ജീവജലങ്ങളുടെ ഉറവപോലെ ആകുവാൻ കഴിയുമോ? അത് നമ്മുടെ ആത്മാവിൽ ചൊരിയുന്നത് എന്താണ്? ______________________

## ഭാഗം 5

അബ്ദുൽബഹായുടെ ചുവടെ തന്നിരിക്കുന്ന വചനങ്ങൾ വായിക്കുകയും ധ്യാനിക്കുകയും ചെയ്യുക:

**"അസ്തിത്വത്തിന്റെ ലോകത്ത് പ്രാർത്ഥനയെക്കാൾ മധുരമായ മറ്റൊന്നും ഇല്ല. മനുഷ്യൻ പ്രാർത്ഥനാനിർഭരമായ ഒരവസ്ഥയിൽ ജീവിക്കണം. പ്രാർത്ഥനയുടേയും യാചനകളുടേയും അവസ്ഥയാണ് ഏറ്റവും അനുഗൃഹീതമായ അവസ്ഥ. പ്രാർത്ഥന ദൈവവുമായുള്ള സംഭാഷണമാണ്. ഏറ്റവും വലിയ സിദ്ധിയും അല്ലെങ്കിൽ ഏറ്റവും മാധുര്യമാർന്ന അവസ്ഥയും ദൈവവുമായുള്ള സംഭാഷണമല്ലാതെ മറ്റൊന്നുമല്ല. അത് ആത്മീയത ഉണ്ടാക്കുന്നു, പരിപൂർണ്ണ ശ്രദ്ധയും സ്വർഗ്ഗീയ വികാരങ്ങളും ഉണ്ടാക്കുന്നു, ദൈവിക സാമ്രാജ്യത്തോട് പുതിയ ആകർഷണം ജനിപ്പിക്കുന്നു, ഉന്നതമായ ബുദ്ധിയുടെ ഗ്രഹണശക്തിക്കു ഹേതുവാകുന്നു"[11]**

1. അസ്തിത്വത്തിന്റെ ലോകത്തിലെ ഏറ്റവും മധുരമായ അവസ്ഥ എന്താണ് ? ____________

2. 'പ്രാർത്ഥനാ നിർഭരമായ അവസ്ഥ' എന്നാൽ എന്ത് ? ____________

3. പ്രാർത്ഥനയാൽ സൃഷ്ടിക്കപ്പെടുന്ന ഗുണങ്ങളിൽ ചിലത് സൂചിപ്പിക്കുക ? ____________

4. ഇപ്പോൾ കഴിഞ്ഞ കുറച്ച് ഭാഗങ്ങളിലെ ഉദ്ധരണികൾ പുനഃപരിശോധിക്കുക, പ്രാർത്ഥനയുടെ സ്വഭാവത്തെ സംബന്ധിച്ച് അഞ്ച് പ്രയോഗങ്ങൾ എഴുതുക.

— പ്രാർത്ഥന ____________

— പ്രാർത്ഥന ____________

— പ്രാർത്ഥന ____________

— പ്രാർത്ഥന ____________

— പ്രാർത്ഥന ____________

## ഭാഗം 6

ബഹാഉള്ളയുടെ താഴെപ്പറയുന്ന വചനത്തെ പഠിക്കുകയും അവയെപ്പറ്റി ധ്യാനിക്കുകയും ചെയ്യുക;

**"അല്ലയോ സേവകാ, നിനക്കു കരഗതമായിരിക്കുന്ന ദേവഗീതങ്ങൾ ആലപിച്ചാലും, അവന്റെ അരികിൽ എത്തിച്ചേർന്നവർ ആലപിക്കുന്നതുപോലെ, നിന്റെ ഗാനമാധുരി നിന്റെ സ്വന്തം ആത്മാവിനെ ജ്വലിപ്പിക്കുകയും സകലമനുഷ്യഹൃദയങ്ങളെയും ആകർഷിക്കുകയും ചെയ്യുമാറാകട്ടെ. ഈശ്വരൻ വെളിപ്പെടുത്തിത്തന്ന ഈ ഗീതങ്ങളെ ഏതൊരാൾ സ്വന്തം അറയുടെ ഏകാന്തതയിലിരുന്ന് ഉരുവിട്ടാലും, നാലുപാടും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന സർവ്വശക്തന്റെ മാലാഖമാർ അയാളുടെ നാവിൽ നിന്നുയരുന്ന വചനങ്ങളുടെ നറുമണത്തെ വിദൂരത്തിൽ പരത്തി ധർമ്മിഷ്ഠനായ ഓരോ മനുഷ്യന്റെയും ഹൃദയത്തെ ത്രസിപ്പിക്കുന്നു. ആദ്യം അയാൾ അതിന്റെ പ്രഭാവത്തെപ്പറ്റി ബോധവാനായില്ലെന്ന് വരാം. എങ്കിലും വിശ്വാസപൂർവ്വം അയാളിൽ അർപ്പിക്കപ്പെടുന്ന ദിവ്യാനുഗ്രഹത്തിന്റെ മഹിമ അയാളുടെ ആത്മാവിനെ ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ അതിന്റെ സ്വാധീനശക്തിക്കു വിധേയമാക്കാതിരിക്കയില്ല. പ്രഭാവത്തിന്റെയും അറിവിന്റെയും ഉറവിടം ആരാണോ അവന്റെ ഇച്ഛാശക്തിയാൽ ഈശ്വരവെളിപാടിന്റെ ദിവ്യരഹസ്യങ്ങൾ ഇപ്രകാരം വിധിക്കപ്പെട്ടിരിക്കുന്നു."**[12]

1. 'ആലാപനം' എന്നു പറഞ്ഞാൽ എന്താണ്? ________________________________________

2. നാം എങ്ങനെയാണ് ദൈവത്തിന്റെ വചനങ്ങൾ ആലപിക്കേണ്ടത് ? ____________________

3. 'ഉരുവിടുക' എന്നു പറഞ്ഞാൽ എന്താണ്? ________________________________________

4. 'പരത്തുക' എന്നു പറഞ്ഞാൽ എന്താണ് ? ________________________________________

5. നമ്മുടെ ആലാപനത്തിന്റെ മാധുര്യം എങ്ങനെ ആത്മാവിനെ സ്വാധീനിക്കുന്നു? __________

6. നമ്മുടെ ആലാപനത്തിന്റെ മാധുര്യം എങ്ങനെ മറ്റുള്ളവരുടെ ഹൃദയങ്ങളെ സ്വാധീനിക്കുന്നു ? ________________________________________

## ഭാഗം 7

ചുവടെയുള്ള ബഹാഉള്ള വെളിപ്പെടുത്തിയ ഒരു പ്രാർത്ഥനയിൽ നിന്നുമുള്ള രണ്ടു ഉദ്ധരികൾ മനഃപാഠമാക്കുവാൻ നിങ്ങൾ ആഗ്രഹിച്ചേക്കാം:

**"ദൈവമേ! എന്റെ ദൈവമേ! എന്റെ പ്രതീക്ഷകളുടേയും ചെയ്തികളുടേയും മേൽ നോക്കരുതേ; മറിച്ച്, ഭൂസ്വർഗ്ഗങ്ങളെ വലയം ചെയ്യുന്ന അങ്ങയുടെ ഇച്ഛയുടെ മേൽ നോക്കിയാലും. അങ്ങയുടെ മഹിതമ നാമത്താണേ; അല്ലയോ എല്ലാ സമൂഹങ്ങളുടേയും പ്രഭുവായവനേ! അങ്ങ് അഭിലഷിച്ചതെന്തോ അതുമാത്രമേ ഞാൻ ആഗ്രഹിച്ചിട്ടുള്ളൂ. അങ്ങ് സ്നേഹിക്കുന്നതെന്തോ അതുമാത്രമേ ഞാൻ സ്നേഹിക്കുന്നുള്ളൂ."**[13]

**"അങ്ങയുടെ സാമ്രാജ്യത്തിലെത്തിയവരുടെ സ്തുതികൾക്ക് അങ്ങയുടെ സാമീപ്യമാകുന്ന സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുവാനോ, അങ്ങേയ്ക്കായി സ്വയം ഉഴിഞ്ഞുവച്ചവരുടെ ഹൃദയവിഹഗങ്ങൾക്ക് അങ്ങയുടെ കവാടത്തിന്റെ വാതിൽക്കലേക്ക്**

**എത്തിപ്പെടാനൊ കഴിയാത്തവിധം അത്യുന്നതനാണങ്ങ്. അങ്ങ് സർവ്വ സവിശേഷത കളെക്കാളും പവിത്രീകൃതനാണെന്നും സർവ്വനാമങ്ങളെക്കാളും പാവനമാണെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഏറ്റവും വാഴ്ത്തപ്പെട്ടവനും സർവ്വതേജസ്വിയുമായ അങ്ങല്ലാതെ മറ്റൊരു ദൈവമില്ല"[14]**

## ഭാഗം 8

അബ്ദുൽ ബഹാ പറയുന്നു:

**"ദൈവത്തോട് പ്രാർത്ഥിക്കുകയും അവനിൽ നിന്നും സഹായം തേടുകയും, അവന്റെ തുണക്കായി കേണപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുക എന്നത് ഒരു സേവകന് സ്വാഭാവികമാണ്. അത് ദാസ്യത്തിന്റെ ഒരു തലമാണ്, പ്രഭു അവിടുത്തെ പൂർണ്ണമായ ജ്ഞാനത്തിനനുസൃതമായി അവിടുന്നു ആഗ്രഹിക്കുന്നതെന്തും വിധിക്കും."[15]**

അദ്ദേഹം വിവരിക്കുന്നു:

**"ആത്മാവിന് ആത്മീയശക്തിയുണ്ട്; പ്രാർത്ഥനയ്ക്ക് ആത്മീയ സ്വാധീനവും. അതിനാൽ നാം പ്രാർത്ഥിക്കുന്നു. ''ദൈവമേ! ഈ രോഗിയായവനെ സുഖപ്പെടുത്തുക!'' ഒരു പക്ഷേ ദൈവം മറുപടി തന്നേക്കും. ആര് പ്രാർത്ഥിക്കുന്നു എന്നതിൽ പ്രാധാന്യമുണ്ടോ? ഒരു അത്യാവശ്യഘട്ടത്തിൽ ഏതൊരു സേവകന്റെയും പ്രാർത്ഥന ദൈവം കൈക്കൊള്ളും. അവന്റെ കാരുണ്യം വിശാലമാണ്; അതിരറ്റതാണ്. അവൻ തന്റെ എല്ലാ സേവകരുടെയും പ്രാർത്ഥന സ്വീകരിക്കുന്നു. ഒരു ചെടിയുടെ പോലും പ്രാർത്ഥന അവൻ സ്വീകരിക്കുന്നു. ചെടി അതിന്റെ അന്തർലീനശക്തിയാൽ പ്രാർത്ഥിക്കുന്നു. 'ദൈവമേ, എനിക്കു മഴ തന്നാലും!' ദൈവം കൈക്കൊള്ളുന്നു; അങ്ങനെ ചെടിവളരുന്നു, ദൈവം ആരുടെയും പ്രാർത്ഥനയ്ക്ക് മറുപടി നൽകും."[16]**

നമ്മുടെ പ്രാർത്ഥനയിൽ നാം ദൈവത്തോട് നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാൻ അപേക്ഷിക്കുന്നത് സ്വാഭാവികമാണ്. അതിനാൽ നമ്മുടെ ആരോഗ്യത്തിനും പ്രിയപ്പെട്ടവരുടെ ആരോഗ്യത്തിനും വേണ്ടി നാം പ്രാർത്ഥിക്കുന്നു, നമ്മുടെ കുടുംബങ്ങളുടെ ആത്മീയവും ഭൗതികവുമായ പുരോഗതിക്കായി നാം പ്രാർത്ഥിക്കുന്നു, മാർഗനിർദേശത്തിനായി നാം പ്രാർത്ഥിക്കുന്നു. നാം ആരോഗ്യവും, വിശ്വാസവും, സേവന പാതയിൽ സ്ഥിരീകരണവും ആവശ്യപ്പെടുന്നു. ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ, നമ്മുടെ ഇച്ഛയെ അവിടുത്തെ ഹിതവുമായി സമന്വയിപ്പിക്കുക എന്നതാണ് ജീവിതത്തിലെ നമ്മുടെ ലക്ഷ്യമെന്ന് നാം തീർച്ചയായും ഓർക്കണം. അതിനാൽ, അവിടുത്തെ ഹിതം നിറവേറ്റുന്നതിനായി നാം പ്രാർത്ഥിക്കുകയും അതിന് വഴങ്ങാൻ തയ്യാറാകുകയും വേണം. 'അബ്ദുൽ ബഹ'യുടെ ഇനിപ്പറയുന്ന വാക്കുകൾ നിങ്ങൾ ഓർമ്മയിൽ സമർപ്പിക്കുകയാണെങ്കിൽ, അവ എല്ലായ്പ്പോഴും നിങ്ങൾക്ക് സന്തോഷത്തിന്റെയും ഉറപ്പിന്റെയും ഉറവിടമായിമാറും:

**"അല്ലയോ വദനം ദൈവത്തിന് അഭിമുഖമായി തിരിച്ചിരിക്കുന്നവനേ! മറ്റെല്ലാറ്റിൽ നിന്നും നിന്റെ കണ്ണുകൾ അടച്ച്, സർവ്വ തേജസ്വിയായവന്റെ സാമ്രാജ്യത്തിനു നേർക്ക് തുറക്കുക. നിങ്ങൾ ആഗ്രഹിക്കുന്നതെന്തും അവനിൽ നിന്ന് മാത്രം ചോദിക്കുക; നിങ്ങൾ അന്വേഷിക്കുന്നതെന്തും അവനിൽ നിന്ന് മാത്രം തേടുക. ഒരു കടാക്ഷത്താൽ അവൻ ഒരു നൂറായിരം പ്രത്യാശകൾ നൽകുന്നു, ഒരു നോക്കിനാൽ അവൻ ഒരു നൂറായിരം തീരാവ്യാധികൾ അകറ്റുന്നു, ഒരു ശിരോചലനത്താൽ ഓരോ വടുവിലും അവൻ ലേപനം പുരട്ടുന്നു, ഒരു അല്പ ദർശനത്താൽ ദുഃഖങ്ങളുടെ പിടിയിൽ നിന്നും ഹൃദയങ്ങളെ വിമോചിപ്പിക്കുന്നു. അവിടുത്തെ ചെയ്തികൾ അപ്പപ്പോൾ ഉള്ളതുതന്നെ, നമുക്കതിൽ എന്ത് എന്തുചെയ്യാനാകും? അവിടുത്തെ ഇച്ഛ അവിടുന്നു നടപ്പാക്കുന്നു, അവിടുത്തേക്ക് പ്രീതികരമായതിനെ അവിടുന്നു കല്പ്പിക്കുന്നു. ആ**

**സ്ഥിതിക്ക് സർവ്വദയാമയനായ പ്രഭുവിൽ നിന്റെ വിശ്വാസം അർപ്പിക്കുകയും താഴ്മയോടു കൂടി നിന്റെ ശിരസ്സ് നമിക്കുകയുമാണ് നിനക്ക് കരണീയമായിട്ടുള്ളത്."[17]**

## ഭാഗം 9

പ്രാർത്ഥനയിൽ ദൈവത്തിലേക്ക് തിരിയുക എന്നത് ആത്മീയ ജീവിതത്തിന്റെ ഒരു അതിപ്രധാന അനിവാര്യതയാണെന്ന് നമ്മൾ ഇതുവരെ പഠിച്ചതിൽ നിന്നും വ്യക്തമാണ്. പ്രഭാതത്തിൽ ഉണർന്ന ഉടനേയും രാത്രിയിൽ ഉറങ്ങാൻ പോകുന്നതിന് മുന്നെയും ദൈവത്തോട് പ്രാർത്ഥിക്കുക എന്നത് എത്ര പ്രത്യേക മാധുര്യമുള്ളതാണ്. ദിവസവും നാം എത്രസമയം പ്രാർത്ഥന ചൊല്ലണമെന്നതും, എത്ര പ്രാർത്ഥന ചൊല്ലണം എന്നതും നമ്മുടെ ആവശ്യത്തെയും ആത്മീയദാഹത്തെയും ആസ്പദമാക്കിയിരിക്കുന്നു. എല്ലാ അവസരങ്ങളിലും, ബഹാഉള്ളയും, ബാബും, അബ്ദുൽബഹായും വെളിപ്പെടുത്തിയ നിരവധി പ്രാർത്ഥനകളിൽ നിന്നും തിരഞ്ഞെടുക്കാവുന്നതാണ്. എന്നിരുന്നാലും, ദിവസേനയുള്ള മൂന്ന് കടപ്രാർത്ഥനകൾ ബഹാഉള്ള വെളിപ്പെടുത്തിയിട്ടുണ്ട്. ഷോഗി എഫൻഡി പറയുന്നു:

> **"ദിവസേനയുള്ള കടപ്രാർത്ഥനകൾ മൂന്ന് എണ്ണമാണ്. ഏറ്റവും ചെറുത് ഒരു വാക്യം മാത്രം ഉള്ളതാണ്, ഇത് ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ ഒരുപ്രാവശ്യം മദ്ധ്യാഹ്നത്തിൽ ചൊല്ലണം. 'അവനല്ലാതെ മറ്റൊരു ദൈവം ഇല്ലന്ന് ദൈവം സാക്ഷ്യപ്പെടുത്തുന്നു,' എന്ന് ആരംഭിക്കുന്ന മദ്ധ്യമ പ്രാർത്ഥന, ഒരു ദിവസത്തിൽ മൂന്ന് പ്രാവശ്യം, അതായത് പ്രഭാതത്തിലും മദ്ധ്യാഹ്നത്തിലും സായാഹ്നത്തിലും ചൊല്ലണം. ഈ പ്രാർത്ഥനയ്ക്കൊപ്പം ചില ശാരീരിക പ്രവർത്തികളും, ആംഗ്യങ്ങളും ഉൾപ്പെടുന്നു. മൂന്നിൽ വച്ച് ഏറ്റവും വിപുലീകൃതമായ നീണ്ട കടപ്രാർത്ഥന, ഇരുപത്തിനാല് മണിക്കൂറിൽ ഒരിക്കൽ ഏത് സമയത്തും, അങ്ങനെ ചെയ്യാൻ ആഗ്രഹിക്കുമ്പോഴും ചൊല്ലാവുന്നതാണ്.**
>
> **"ഈ മൂന്ന് പ്രാർത്ഥനകളിൽ ഏതെങ്കിലും ഒന്ന് വിശ്വാസികൾക്ക് തെരഞ്ഞെടുക്കാവുന്നതാണ്; എന്നാൽ ഏതെങ്കിലും ഒന്ന് ചൊല്ലണമെന്നത് കടമയാണ്, അവ ചൊല്ലുമ്പോൾ അതിനുവേണ്ടിയുള്ള നിബന്ധനകൾ പാലിച്ചിരിക്കണം."[18]**
>
> അദ്ദേഹം തുടരുന്നു:
>
> **"ദിവസേനയുള്ള ഈ കടപ്രാർത്ഥനകൾ, അതോടൊപ്പം രോഗശമനത്തിനുള്ള പ്രർത്ഥന, അഹമ്മദിനുള്ള കുറിപ്പ് തുടങ്ങിയ ചിലതിന് ബഹാഉള്ള പ്രത്യേക ശക്തിയും പ്രാധാന്യവും നൽകിയിരിക്കുന്നു, ആയതിനാൽ ഈ പ്രാർത്ഥനകൾ അതേപടി സ്വീകരിക്കുകയും ചോദ്യം ചെയ്യപ്പെടാനാവാത്ത വിശ്വാസത്തോടെ ആലപിക്കുകയും അത് വഴി ദൈവവുമായി വളരെ അടുത്ത സംഭാഷണം ചെയ്യുകയും അങ്ങനെ ദൈവ നിയമങ്ങളും അനുശാസനങ്ങളുമായി അവൻ ഇണങ്ങിച്ചേരുകയും ചെയ്യും"[19]**

ബഹാഉള്ള വെളിപ്പെടുത്തിയ മൂന്ന് കടപ്രാർത്ഥനകൾ നാം ഒറ്റയ്ക്കായിരിക്കുമ്പോൾ ചൊല്ലേണ്ടതാണ്. ചില ആചാരങ്ങളിൽ നിലനിൽക്കുന്ന ഒരു സംഘത്തിൽ കടപ്രാർത്ഥകൾ ഒന്നിച്ച് ഏറ്റു ചൊല്ലുന്നപോലെയുള്ള രീതി ബഹായി ധർമ്മത്തിൽ ഇല്ല. വിയുക്തർക്ക് വേണ്ടിയുള്ള പ്രാർത്ഥന മാത്രമാണ് ബഹായി നിയമപ്രകാരം ഏക ഏറ്റു ചൊല്ലുന്ന പ്രാർത്ഥന. ശവസംസ്കാരത്തിനു മുമ്പായി അവിടെ സന്നിഹിതരായവരിൽ ഒരാൾ ആണ് ഇത് ചൊല്ലേണ്ടത്, സംഘത്തിലെ ബാക്കിയുള്ളവർ നിശബ്ദരായി നിൽക്കണം.

1. 'കടമ' എന്ന വാക്കിന്റെ അർത്ഥം എന്താണ്? ______________________________

______________________________________________________________

2. എത്ര ദിവസേനയുള്ള കടപ്രാർത്ഥനകളാണ് ബഹാഉള്ള വെളിപ്പെടുത്തിയിട്ടുള്ളത്? ____________________

3. നാം മൂന്ന് കടപ്രാർത്ഥനകളും നിത്യേന ചൊല്ലേണ്ടതുണ്ടോ? ____________________

4. നാം വലിയ കടപ്രാർത്ഥനയാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ അത് ഒരു ദിവസത്തിൽ എത്ര പ്രാവശ്യം ചൊല്ലണം? ____________________

5. ഇടത്തരം കട പ്രാർത്ഥനയാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ അത് ദിവസത്തിൽ എത്ര പ്രാവശ്യം ചൊല്ലണം? ____________________

6. ചെറിയ കടപ്രാർത്ഥനയാണെങ്കിൽ എത്രപ്രാവശ്യം ചൊല്ലണം? ____________________

7. പ്രത്യേകശക്തിയുള്ള ചില പ്രാർത്ഥനകൾ ഏതെല്ലാം? ____________________

____________________

____________________

8. ചെറിയ കടപ്രാർത്ഥന, നിങ്ങൾ ഇതുവരെ ഹൃദിസ്ഥമാക്കിയിട്ടില്ലെങ്കിൽ എങ്കിൽ, ഹൃദിസ്ഥമാകുക:

**"എന്റെ ദൈവമേ, അങ്ങയെ അറിയുവാനും ആരാധിക്കുവാനുമാണ് അവിടുന്ന് എന്നെ സൃഷ്ടിച്ചതെന്ന് എനിക്ക് സാക്ഷ്യപ്പെട്ടിരിക്കുന്നു. ഈ നിമിഷം എന്റെ ബലഹീനതയും അവിടുത്തെ ബലപാരമ്യവും എന്റെ അകിഞ്ചനതയും അവിടുത്തെ ഐശ്യര്യവും എനിക്ക് സാക്ഷ്യപ്പെട്ടിരിക്കുന്നു.**

**അവിടുന്നല്ലാതെ വിപദ്രക്ഷകനും, സ്വയം വർത്തിയുമായി മറ്റൊരു ദൈവമില്ല."[20]**

9. ഈ പ്രാർത്ഥനയിൽ നാം എന്തെല്ലാമാണ് സാക്ഷ്യപ്പെടുത്തുന്നത്? ____________________

____________________

____________________

____________________

## ഭാഗം 10

കട പ്രാർത്ഥനയെന്ന നിയമം അനുസരിക്കുന്നതിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങൾക്കും മറ്റ് പ്രാർഥനകൾ വ്യക്തിഗതമായി ചൊല്ലുന്നതിലൂടെ ലഭിക്കുന്ന പോഷണത്തിനും പുറമേ, വലിയതോ ചെറുതോ ആയ ഒത്തുചേരലുകളിൽ പ്രാർത്ഥനകൾ ചൊല്ലുന്നത് കേൾക്കുമ്പോൾ നമ്മുടെ ആത്മാവ് അഭിവൃദ്ധിപ്പെടുന്നുവെന്ന കാര്യം നാം ഓർക്കണം. ബഹാഉള്ള നമ്മോട് പറയുന്നു:

**"അങ്ങേയറ്റം ആനന്ദത്തോടും സഹവർത്തിത്വത്തോടും കൂടി ഒത്തുചേരുകയും കരുണാമയനായ പ്രഭു വെളിപ്പെടുത്തിയ വചനങ്ങൾ ആലപിക്കുകയും ചെയ്യുക. അങ്ങനെ ചെയ്യുമ്പോൾ യഥാർത്ഥ അറിവിന്റെ വാതിലുകൾ നിങ്ങളുടെ ആന്തരിക ചേതനയുടെ മുമ്പാകെ തുറക്കപ്പെടും, അപ്പോൾ നിന്റെ ആത്മാവ് ദൃഢതയാൽ വിഭൂഷിതമാകുന്നതും നിന്റെ ഹൃദയം തേജോമയമായ ആനന്ദത്താൽ നിറക്കപ്പെടുന്നതും നിനക്ക് തിരിച്ചറിയാനാകും."[21]**

ലോകത്താകമാനം, സുഹൃത്തുക്കളും അയൽപക്കക്കാരും ഒത്തുചേർന്ന് ദൈവവുമായി സംവദിക്കുന്ന ഉപാസനാ യോഗങ്ങൾ ആയിരങ്ങളായി ഗുണീഭവിക്കുന്നത് തിരിച്ചറിയുമ്പോൾ നമുക്ക് മഹത്തായ ആനന്ദം നൽകുന്നു. വിശ്വനീതിപീഠം എഴുതി:

> **"ഏതൊരാത്മാവിനും കടന്നുവരാനാവുന്ന, ദൈവിക സുഗന്ധങ്ങൾ ശ്വസിക്കാനാവുന്ന, പ്രാർത്ഥനയുടെ മാധുര്യം അനുഭവിക്കാനാവുന്ന, ദൈവീകമായ സർഗ്ഗാത്മക വചനത്തെകുറിച്ച് ധ്യാനിക്കാനാവുന്ന, ആത്മീയതയുടെ ചിറകിലേറി അത്യാനന്ദം അനുഭവിക്കാനാവുന്ന, പ്രിയതമനുമായി സല്ലപിക്കാനാവുന്ന അവസരങ്ങളാണ് ഉപാസനാ യോഗങ്ങൾ. സഹവർത്തനത്തിന്റേയും പൊതുവായ ലക്ഷ്യത്തിന്റേയും വികാരങ്ങൾ സൃഷ്ടിക്കപ്പെടുന്നു, പ്രത്യേകിച്ച്, അത്തരം സന്ദർഭങ്ങളിൽ സ്വാഭാവികമായി സംഭവിക്കുന്ന ആത്മീയമായി ഉയർന്ന തലത്തിലുള്ള സംഭാഷണങ്ങളിൽ; അതുവഴി "മനുഷ്യഹൃദയത്തിന്റെ നഗരം" തുറക്കപ്പെടുകയും ചെയ്തേക്കാം."**[22]

നാം പ്രാർത്ഥിക്കാൻ തയ്യാറെടുക്കുമ്പോൾ, നമ്മുടെ മനസ്സിനെ ഇഹലോകത്തിലെ കാര്യങ്ങളിൽ നിന്നും ശുദ്ധമാക്കുന്നതിനായി നാം അൽപനേരം നിശബ്ദമായി ഇരിക്കണം. പ്രാർത്ഥിക്കുമ്പോൾ, നമ്മുടെ ചിന്ത ദൈവത്തിൽ കേന്ദ്രീകരിക്കണം. പ്രാർത്ഥനകൾ ആലപിച്ച് കഴിയുമ്പോൾ, കുറച്ച് സമയം നാം നിശബ്ദമായി ഇരിക്കണം, മറ്റു പ്രവർത്തനത്തിലേക്ക് പെട്ടെന്ന് തന്നെ നീങ്ങരുത്. ഒത്തുചേരലുകളിൽ മറ്റുള്ളവരുടെ പ്രാർത്ഥകൾ നാം ശ്രവിക്കുമ്പോഴും ഇപ്രകാരം തന്നെ ചെയ്യണം. അത്തരം സന്ദർഭങ്ങളിൽ, അവ ആലപിക്കുന്നത് നാം തന്നെയാണെന്ന പോലെയുള്ള ഒരു പ്രാർത്ഥനാ നിർഭരമായ മനോഭാവം നിലനിർത്തുകയും, അതിലെ വാക്കുകൾ പിന്തുടരുകയും വേണം.

1. ദൈവ വചനങ്ങൾ ചൊല്ലുവാനായി നാം എന്ത് മനോഭാവത്തൊടെയാണ് ഒത്തുചേരേണ്ടത്? ______________________________________

   ______________________________________

2. ദൈവ വചനങ്ങൾ ചൊല്ലുവാനുള്ള നമ്മുടെ ഒത്തുചേരലുകളുടെ ഗുണങ്ങളെന്തെല്ലാമാണ്? ______________________________________

   ______________________________________

3. ഏതൊരാത്മാവിനും

   – ______________________,
   – ______________________,
   – ______________________,
   – ______________________,
   – ______________________,
   – ______________________

   അവസരങ്ങളാണ് ഉപാസനാ യോഗങ്ങൾ.

4. ഉപാസനായോഗങ്ങളിൽ എന്തെല്ലാം വികാരങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്?

   ______________________________________

   ______________________________________

5. ഉപാസനാ യോഗങ്ങളിൽ സ്വാഭാവികമായി സംഭവിക്കുന്ന ആത്മീയമായി ഉയർന്ന തലത്തിലുള്ള സംഭാഷണങ്ങളുടെ ഫലം എന്താണ്? ______________________

6. ഒറ്റക്കോ യോഗങ്ങളിലോ, പ്രാർത്ഥിക്കുമ്പോൾ നാം പ്രകടമാക്കേണ്ട ആദരസൂചകമായ മനോഭാവത്തെക്കുറിച്ച് കുറച്ച് വാക്കുകൾ എഴുതുക.

## ഭാഗം 11

എല്ലാ ദിവസവും ലിഖിതങ്ങളിൽ നിന്നുള്ള ഭാഗങ്ങൾ വായിക്കുകയും അവയുടെ അർത്ഥത്തെക്കുറിച്ച് ധ്യാനിക്കുകയും ചെയ്യുന്ന ശീലത്തെ കേന്ദ്രീകരിച്ചുള്ളതായിരുന്നു ഈ പുസ്തകത്തിന്റെ ആദ്യ യൂണിറ്റ്. പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ച് നിങ്ങൾ ഇവിടെ പ്രതിഫലിപ്പിക്കുകയും അതിന്റെ ഫലമായി ദിവസേന പ്രാർത്ഥിക്കുന്ന ശീലം ശക്തിപ്പെടുത്തുകയും ചെയ്തു. കൂട്ടായ ആരാധനയുടെ പ്രാധാന്യത്തെപ്പറ്റി മുമ്പത്തെ ഭാഗം നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി. നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ ഇതുവരെ പഠിച്ചതെല്ലാം ഒരു ഉപാസനാ യോഗം നടത്തുക എന്ന സേവന പാതയിലെ ആദ്യത്തെ പ്രവൃത്തിയെ ഏറ്റെടുക്കാൻ നിങ്ങളെ തയ്യാറാക്കി.

നിങ്ങൾക്ക് ആദ്യ ചുവട് എന്ന നിലക്ക്, കുറച്ച് പ്രാർത്ഥനകൾ മനഃപാഠമാക്കുകയും അവസരം ലഭിക്കുമ്പോൾ കുറച്ച് സുഹൃത്തുക്കളുമായി അവ പങ്കുവക്കുകയും ചെയ്യാവുന്നതാണ്. അതേസമയം, നിങ്ങൾ കുറഞ്ഞത് നിങ്ങളുടെ സമൂഹത്തിലെ ഒരു ഉപാസനാ യോഗത്തിലെങ്കിലും പങ്കെടുക്കുകയും അതിലെ ഉത്സാഹിയായ പങ്കാളിയായി ഗണപ്പെടുകയും ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുക. അങ്ങനെ, തത്ഫലമായി, നിങ്ങളുടെ സുഹൃത്തുക്കളേയും, കുടുബാംഗങ്ങളേയും, അയൽക്കാരേയും പ്രാർത്ഥനകൾക്കും ഒത്തുചേരലുനിമായി ക്ഷണിച്ചുകൊണ്ട്, സ്വയം ഒരു ഉപാസനാ യോഗം സംഘടിപ്പിക്കുവാൻ നിങ്ങൾ തീരുമാനിച്ചേക്കാം. ഈ പാഠ്യപദ്ധതിയിലെ ഒന്നോ രണ്ടോ പങ്കാളികൾ ഒന്നിച്ച് ചേർന്നുകൊണ്ട് അത്തരം ഒരു ഉപാസനാ യോഗം ആരംഭിക്കുന്നത് അസാധാരണമല്ല.

നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുന്നതുപോലെ, ഒരു ഉപാസനാ യോഗം എങ്ങനെ സംഘടിപ്പിക്കണം എന്നതിന് ഒരു സൂത്രവാക്യമില്ല. എന്നാൽ ഇത് ഒരു ഒത്തുചേരലാണ് അവിടെ പ്രാർത്ഥനകൾ അർപ്പിക്കപ്പെടുന്നു, ലിഖിതങ്ങളിൽ നിന്നുമുള്ള ഉദ്ധരണികൾ വായിക്കപ്പെടുന്നു, അഭിവൃദ്ധിപ്പെടുത്തുന്ന സംഭാഷണങ്ങൾ നടക്കുന്നു—ഇവയെല്ലാം തികച്ചും ആത്മീയ അന്തരീക്ഷത്തിലായിരിക്കും. ചുവടെയുള്ള ആശയങ്ങളെ സംബന്ധിച്ച്, ഒരു ഉപാസനാ യോഗം സംഘടിപ്പിക്കുന്നതിന്റെ പശ്ചാതലത്തിൽ, കുറച്ച് വാക്കുകൾ നിങ്ങൾക്ക് പറയുവാൻ കഴിയുമോ?

ഊഷ്മളവും സ്നേഹ നിർഭരവുമായ ക്ഷണം നൽകുന്നത്: ____________________

സ്വാഗതാർഹമായ ഒരു അന്തരീക്ഷം ഒരുക്കുന്നത്: ______________________________

______________________________________________________________________

______________________________________________________________________

______________________________________________________________________

ആദരപൂർവമായ ഒരു പരിസ്ഥിതി നിലനിർത്തുക: ______________________________

______________________________________________________________________

______________________________________________________________________

______________________________________________________________________

ആനന്ദപൂർവ്വമായ സഹവർത്തിത്വം സ്ഥാപിക്കുക: ______________________________

______________________________________________________________________

______________________________________________________________________

______________________________________________________________________

ആത്മീയമായി ഉയർത്തപ്പെടുന്ന സംഭാഷണം പ്രോത്സാഹിപ്പിക്കുക: ________________

______________________________________________________________________

______________________________________________________________________

______________________________________________________________________

## REFERENCES

1. *Gleanings from the Writings of Bahá'u'lláh* (Wilmette: Bahá'í Publishing Trust, 1983, 2017 printing), XLIII, par. 4, p. 105.

2. Bahá'u'lláh, in *Trustworthiness: A Compilation of Extracts from the Bahá'í Writings*, compiled by the Research Department of the Universal House of Justice (London: Bahá'í Publishing Trust, 1987), no. 21, p. 5.

3. *The Call of the Divine Beloved: Selected Mystical Works of Bahá'u'lláh* (Haifa: Bahá'í World Centre, 2018), no. 2.43, p. 31.

4. From a talk given on 5 May 1912, published in *The Promulgation of Universal Peace: Talks Delivered by 'Abdu'l-Bahá during His Visit to the United States and Canada in 1912* (Wilmette: Bahá'í Publishing, 2012), p. 127.

5. Bahá'u'lláh, *The Hidden Words* (Wilmette: Bahá'í Publishing Trust, 2003, 2012 printing), Arabic no. 13, pp. 6–7.

6. From a letter dated 8 December 1935 written on behalf of Shoghi Effendi, published in *Prayer and Devotional Life: A Compilation of Extracts from the Writings of Bahá'u'lláh, the Báb, and 'Abdu'l-Bahá and the Letters of Shoghi Effendi and the Universal House of Justice*, compiled by the Research Department of the Universal House of Justice (Wilmette: Bahá'í Publishing, 2019), no. 71, p. 31.

7. Words of 'Abdu'l-Bahá, cited by J. E. Esslemont, *Bahá'u'lláh and the New Era: An Introduction to the Bahá'í Faith* (Wilmette: Bahá'í Publishing, 2006, 2017 printing), p. 106.

8. Ibid.

9. Bahá'u'lláh, in *Bahá'í Prayers: A Selection of Prayers Revealed by Bahá'u'lláh, the Báb, and 'Abdu'l-Bahá* (Wilmette: Bahá'í Publishing Trust, 2002, 2017 printing), pp. 7–8.

10. Ibid., p. 9.

11. Words of 'Abdu'l-Bahá, cited in *Star of the West*, vol. 8, no. 4 (17 May 1917), p. 41.

12. *Gleanings from the Writings of Bahá'u'lláh*, CXXXVI, par. 2, p. 334; also in *Bahá'í Prayers*, p. iii.

13. Bahá'u'lláh, in *Bahá'í Prayers*, pp. 8–9.

14. Ibid., p. 12.

15. 'Abdu'l-Bahá, in *Prayer and Devotional Life*, no. 24, p. 7.

16. From a talk given by 'Abdu'l-Bahá on 5 August 1912, published in *The Promulgation of Universal Peace*, p. 345. Prayer – 27

17. *Selections from the Writings of 'Abdu'l-Bahá* (Wilmette: Bahá'í Publishing, 2010, 2015 printing), no. 22.1, pp. 75–76.

18. From a letter dated 10 January 1936 written on behalf of Shoghi Effendi, published in *Prayer and Devotional Life*, no. 61, p. 25.

19. From a letter dated 10 January 1936 written on behalf of Shoghi Effendi, quoted in *Bahá'í Prayers*, p. 301.

20. Bahá'u'lláh, in *Bahá'í Prayers*, p. 4.

21. Bahá'u'lláh, in *Prayer and Devotional Life*, no. 68, p. 29.

22. From a message dated 29 December 2015, published in *Framework for Action: Selected Messages of the Universal House of Justice and Supplementary Material, 2006–2016* (West Palm Beach: Palabra Publications, 2017), no. 35.49, p. 232.



# ജീവിതവും മരണവും

ലക്ഷ്യം

ഈ ലോകത്തിലെ കേവലം മാറ്റങ്ങളും അവസരങ്ങളും നിറഞ്ഞതല്ല ജീവിതം, പകരം അതിന്റെ യഥാർത്ഥ പ്രാധാന്യം കാണുന്നത് ആത്മാവിന്റെ വികസനത്തിലാണ്

## ഭാഗം 1

മനുഷ്യാത്മാവ് വസ്തുക്കൾക്കും ഭൗതിക ലോകത്തിനും അതീതമാണ്. അബ്ദുൽ ബഹാ തന്റെ സംഭാഷണങ്ങളിൽ ഒന്നിൽ വിവരിക്കുന്നു:

> **"ഭൗതിക ശരീരങ്ങൾ അണുക്കളാൽ കൂടിചേർക്കപ്പെട്ടതാണ്; ഈ അണുക്കൾ വേർപിരിയാൻ തുടങ്ങുമ്പോൾ വിഘടനം ആരംഭിക്കുന്നു, അതിനെ നാം മരണം എന്ന് വിളിക്കുന്നു...**
>
> **"ആത്മാവിനെ സംബന്ധിച്ച് ഇത് വ്യത്യസ്തമാണ്. ആത്മാവ് മൂലകങ്ങളുടെ സംയോജനമല്ല, ഇത് നിരവധി അണുക്കളുടെ കൂടിചേരലുമല്ല, ഇത് ഒറ്റ അഭേദ്യമായ യഥാർത്ഥ്യമാണ്, അതിനാൽ ഇത് അനന്തമാണ്. ഇത് തികച്ചും ഭൗതിക സൃഷ്ടിയുടെ ക്രമത്തിന് അപ്പുറമാണ്; ഇത് ശാശ്വതമാണ്"**[1]

1. "കൂടിചേർക്കപ്പെട്ടത്" എന്നാൽ എന്താണ്? ________________________________

2. മനുഷ്യാത്മാവ്, ഭൗതിക ശരീരത്തെപ്പോലെ, വിവിധ മൂലകങ്ങളുടെ സംയോജനമാണോ?
________________________________________________

3. മനുഷ്യാത്മാവ് ഒരു ഭൗതിക സത്തയാണോ? ________________________________

## ഭാഗം 2

സംരക്ഷകനുവേണ്ടി എഴുതപ്പെട്ട ഒരു കത്തിൽ പറയുന്നത് "മനുഷ്യന്റെ ആത്മാവ് ഗർഭധാരണത്തിൽ ആണ് ഉത്ഭവിക്കുന്നത്"[2]. "ഗർഭധാരണം" എന്നതിന്റെ അർത്ഥത്തെക്കുറിച്ചുള്ള ചോദ്യത്തിന്റെ മറുപടിയായി വിശ്വനീതിപീഠം എഴുതുന്നു:

> **"'ഗർഭധാരണം' എന്ന് വിശേഷിപ്പിക്കപ്പെടുന്ന സംഭവത്തിന്റെ ജൈവശാസ്ത്രപരമായ നിമിഷത്തെയും സ്വഭാവത്തെയും കൃത്യമായി നിർവചിക്കുന്ന ഒന്നും തന്നെ ബഹായി രചനകളിൽ നിന്നും കണ്ടെത്തിയിട്ടില്ല. ഈ പദം വൈദ്യശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ ഉപയോഗിക്കുന്നത് കൃത്യമല്ലെന്ന് തോന്നുന്നു. എന്നാൽ, ഗർഭധാരണത്തെക്കുറിച്ചുള്ള ഒരു ധാരണ, ഇത് ബീജസങ്കലനവുമായി ഏകീഭവിക്കപ്പെട്ടിരിക്കുന്നു എന്നതാണ്; ഇനിയും മറ്റൊന്ന്, ഗർഭാവസ്ഥയുടെ ആരംഭമായ ബീജസങ്കലനത്തിനും നിവേശനത്തിനും ശേഷമാണ് ഇത് സംഭവിക്കുന്നത് എന്നതാണ്. അതിനാൽ, ആത്മാവ് ഭൗതിക രൂപവുമായി കൂടിചേരുന്നത് എപ്പോഴാണ് എന്ന് അറിയുന്നത് സാധ്യമല്ല, അവ ആത്മീയലോകവുമായും ആത്മാവിന്റെ സ്വഭാവവുമായും ബന്ധപ്പെട്ടിരിക്കുന്നതിനാൽ മനുഷ്യന്റെ ചിന്തക്കോ അന്വേഷണത്തിനോ അത്തരം ചോദ്യങ്ങൾ പരിഹരിക്കാനാവില്ല."**[3]

1. എപ്പോഴാണ് മനുഷ്യാത്മാവ് ഉത്ഭവിക്കുന്നത്? ________________________________
________________________________________________

2. "ഗർഭധാരണം" എന്ന വാക്ക് ഒരു കൃത്യമായ ജൈവശാസ്ത്രപരമായ നിമിഷത്തെ വിവരിക്കുന്നുണ്ടോ? ________________________________

## ഭാഗം 3

ആത്മാവും ശരീരവും തമ്മിലുള്ള ബന്ധം ഭൗതികമല്ല; ആത്മാവ് ശരീരത്തിനകത്ത് പ്രവേശിക്കുകയോ പുറത്തേക്ക് കടക്കുകയോ ചെയ്യുന്നില്ല, അത് ഉൾക്കൊള്ളാൻ ഭൗതികസ്ഥലം എടുക്കുന്നുമില്ല. അതിന്റെ ശരീരവുമായുള്ള ബന്ധം വെളിച്ചവും അത് പ്രതിബിംബിപ്പിക്കുന്ന കണ്ണാടിയും പോലെയാണ്. കണ്ണാടിയിൽ നിന്നുവരുന്ന വെളിച്ചം കണ്ണാടിയുടെ ഉള്ളിൽ നിന്നല്ല വരുന്നത്. ഇതേപോലെ തന്നെ ആത്മാവ് ശരീരത്തിന്റെ ഉള്ളിലല്ല. അബ്ദുൽ ബഹാ സൂചിപ്പിക്കുന്നത്:

> **"യുക്തിസഹമായ ആത്മാവ് അഥവാ മനുഷ്യ ചൈതന്യം, ഈ ശരീരത്തിൽ അന്തർലീനമായി നിലനിൽക്കുന്നില്ല - അതായത്, ഇത് അതിൽ പ്രവേശിക്കുന്നില്ല; അന്തർലീനവും പ്രവേശനവും ശരീരത്തിന്റെ സവിശേഷതകളാണ്, യുക്തിസഹമായ ആത്മാവ് ഇതിൽ നിന്നും വിശുദ്ധീകരിക്കപ്പെടുന്നു. ആരംഭിക്കുന്നതിനായി ഇത് ഒരിക്കലും ഈ ശരീരത്തിൽ പ്രവേശിച്ചിട്ടില്ല, അങ്ങിനെയെങ്കിൽ, അത് ഉപേക്ഷിക്കുമ്പോഴും, മറ്റെന്തെങ്കിലും വാസസ്ഥലം ആവശ്യമാണ്. ഇല്ല, ശരീരവുമായി ആത്മാവിന്റെ ബന്ധം ഒരു കണ്ണാടിയും വിളക്കും തമ്മിലുള്ള ബന്ധം പോലെയാണ്. കണ്ണാടി മിനുക്കി പരിപൂർണ്ണമാക്കിയിട്ടുണ്ടെങ്കിൽ, വിളക്കിന്റെ വെളിച്ചം അതിൽ പ്രത്യക്ഷപ്പെടും, കണ്ണാടി പൊട്ടുകയോ പൊടി കൊണ്ട് മൂടുകയോ ചെയ്താൽ പ്രകാശം മറഞ്ഞിരിക്കും."[4]**

1. ചുവടെയുള്ള വാചകങ്ങളിലെ വിട്ടഭാഗം പൂരിപ്പിക്കുക.

   a. യുക്തിസഹമായ ആത്മാവ് അഥവാ ________________________________, ഈ ശരീരത്തിൽ അന്തർലീനമായി നിലനിൽക്കുന്നില്ല - അതായത്, ആത്മാവ് ___________ ____________________________________.

   b. _______________________________________________അഥവാ മനുഷ്യ ചൈതന്യം, ഈ ശരീരത്തിൽ പ്രവേശിക്കുന്നില്ല. അന്തർലീനവും പ്രവേശനവും ________________ ____________________________________________, യുക്തിസഹമായ ആത്മാവ് _____ _______________________________________________.

   c. ആരംഭിക്കുന്നതിനായി ആത്മാവ് ഒരിക്കലും ഈ ശരീരത്തിൽ പ്രവേശിച്ചിട്ടില്ല, അങ്ങിനെയെങ്കിൽ, അത് ഉപേക്ഷിക്കുമ്പോഴും, _________________________________.

   d. ശരീരവുമായി ആത്മാവിന്റെ ബന്ധം ഒരു ___________________________________ ____________________ബന്ധം പോലെയാണ്.

   e. കണ്ണാടി മിനുക്കി പരിപൂർണ്ണമാക്കിയിട്ടുണ്ടെങ്കിൽ, _______________________________ ________അതിൽ പ്രത്യക്ഷപ്പെടും.

   f. കണ്ണാടി പൊട്ടുകയോ പൊടി കൊണ്ട് മൂടുകയോ ചെയ്താൽ __________________ ______________________.

2. നാം ഇതുവരെ പഠിച്ചതിന്റെ അടിസ്ഥാനത്തിൽ, ചുവടെയുള്ളത് ശരിയാണോ എന്ന് പരിശോധിക്കുക:

   _________ആത്മാവ് ഭൗതിക ലോകത്തിന്റേതല്ല.

   _________ആത്മാവ് ശരീരത്തിനുള്ളിലാണ്.

__________ആത്മാവിന്റെ ഉടമസ്ഥൻ ശരീരമാണ്.

__________ആത്മാവ് ശാശ്വതമാണ്.

__________ ആത്മാവ് സ്വയം ഭ്രൂണവുമായി ചേരുമ്പോൾ ഒരു വ്യക്തിക്ക് അവന്റേയോ അവളുടേയോ ആരംഭമുണ്ടാകുന്നു.

__________ഒരു വ്യക്തി ഈ ലോകത്തിലേക്ക് പിറന്ന് വീഴുമ്പോൾ ജീവിതം ആരംഭിക്കുന്നു.

__________ഒരു വ്യക്തിയുടെ ഭൗതിക അസ്തിത്വം മരണത്തിനുശേഷവും നിലനിൽക്കുന്നു.

__________ഓരോ ദിവസവും നമുക്ക് സംഭവിക്കുന്ന കാര്യങ്ങളാണ് ജീവിതം.

3. പ്രകാശത്തിന്റേയും കണ്ണാടിയുടേയും ഉപമ ഉപയോഗിച്ചുകൊണ്ട് ആത്മാവും ശരീരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വിവരിക്കുക: ______________________________________

______________________________________________________________________

______________________________________________________________________

______________________________________________________________________

______________________________________________________________________

______________________________________________________________________

## ഭാഗം 4

ആത്മാവും ശരീരവും തമ്മിൽ ഒരു സവിശേഷ ബന്ധമാണുള്ളത്, അവ രണ്ടുംകൂടി ഒരു മനുഷ്യജീവനെ രൂപപ്പെടുത്തുന്നു. ആ ബന്ധം മനുഷ്യന്റെ ഇഹലോക ജീവിതകാലം മാത്രം നീണ്ടു നിൽക്കുന്നതാണ്. അവ തമ്മിലുള്ള ബന്ധം അവസാനിക്കുമ്പോൾ അവ ഓരോന്നും അവയുടെ ഉദ്ഭവസ്ഥാനത്തേക്ക് മടങ്ങുന്നു — ശരീരം മണ്ണിലേക്കും ആത്മാവ് ദൈവത്തിന്റെ ആദ്ധ്യാത്മിക ലോകങ്ങളിലേക്കും., അവിടെ അത് തുടർന്ന് പുരോഗമിക്കുന്നു. അബ്ദുൽ ബഹാ പ്രസ്താവിക്കുന്നു:

> **"മനുഷ്യ ചൈതന്യത്തിന് ഒരു ആരംഭമുണ്ട് എന്നാൽ അവസാനമില്ല: അത് എന്നെന്നും നിലനിൽക്കുന്നു."**[5]

> അദ്ദേഹത്തിന്റെ ഒരു സംഭാഷണത്തിൽ അദ്ദേഹം വ്യക്തമാക്കുന്നു:

> **"ചൈതന്യത്തിന് ഒരു ശരീരത്തിന്റെ ആവശ്യം ഇല്ല, പക്ഷെ ശരീരത്തിന് ചൈതന്യത്തിന്റെ ആവശ്യമുണ്ട്, അല്ലങ്കിൽ അതിന് ജീവിക്കാൻ കഴിയില്ല. ആത്മാവിന് ശരീരം കൂടാതെ ജീവിക്കുവാനാകും, എന്നാൽ അത്മാവില്ലാത്ത ശരീരം മരിച്ചു പോകുന്നു."**[6]

> സംരക്ഷകൻ വിശദമാക്കുന്നു:

> **"മനുഷ്യന്റെ ആത്മാവിനെ സംബന്ധിച്ച്: ബഹായി പ്രബോധനങ്ങൾക്കനുസരിച്ച് മനുഷ്യാത്മാവ് ആരംഭിക്കുന്നത് മനുഷ്യ ഭ്രൂണത്തിന്റെ രൂപവത്കരണത്തോടെയാണ്, ശരീരത്തിൽ നിന്ന് വേർപെടുത്തിയതിനുശേഷവും അസ്തിത്വത്തിന്റെ അനന്തമായ ഘട്ടങ്ങളിലൂടെ വികസിക്കുകയും കടന്നുപോകുകയും ചെയ്യുന്നു. അതിന്റെ പുരോഗതി അങ്ങനെ അനന്തമാണ്."**[7]

1. മുകളിലുള്ള ഉദ്ധരണികൾ മനസ്സിൽ വച്ചുകൊണ്ട് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:

a. ശരീരത്തിന് ഒരു ആത്മാവിന്റെ ആവശ്യമുണ്ടോ? ____________________

b. ആത്മാവിന് ഒരു ശരീരത്തിന്റെ ആവശ്യമുണ്ടോ? ____________________

c. നാം മരിക്കുമ്പോൾ, ശരീരവും ആത്മാവും തമ്മിലുള്ള ബന്ധത്തിന് എന്തു സംഭവിക്കും?
____________________

d. മരണത്തിന് ശേഷം ആത്മാവിന് എന്തു സംഭവിക്കും? ____________________
____________________

e. ആത്മാവിന്റെ പുരോഗതി എത്രനാൾ നീണ്ടുനിൽക്കും? ____________________
____________________

f. ജീവിതം എപ്പോൾ അവസാനിക്കും? ____________________
____________________

2. ഈ ഭാഗങ്ങളിൽ നാം പഠിച്ചതുമായി യോജിക്കുന്നവ താഴെ തന്നിട്ടുള്ളവയിൽ ഏതൊക്കെയെന്ന് തീരുമാനിക്കുക:

__________ മരണം ഒരു ശിക്ഷയാണ്.

__________ ശരീരവും ആത്മാവും തമ്മിലുള്ള ബന്ധം ഇഹലോകജീവിതത്തിൽ മാത്രമേ നിലനിൽക്കുന്നുള്ളൂ.

__________ ശരീരത്തിന് അനന്തമായി പുരോഗമിക്കാനാകും.

__________ ആത്മാവ് എന്നെന്നും പുരോഗമിക്കും

__________ മരണം ജീവിതത്തിന്റെ അവസാനമാണ്.

__________ നമ്മുടെ ശരീരം ഉയർത്തെഴുന്നേൽക്കുന്ന ഒരു ന്യായവിധി ദിനം ഉണ്ടാകും.

__________ മരണ സമയത്ത് ആത്മാവിന് മുൻപ് ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ സ്വാതന്ത്ര്യം ഉണ്ടാകും.

__________ മരണത്തോടുകൂടി ജീവിതം അവസാനിക്കുന്നു.

__________ നാം മരണത്തെ ഭയപ്പെടണം.

__________ ആഹാരം, വസ്ത്രങ്ങൾ, വിശ്രമം, വിനോദം എന്നിവ ആത്മാവിന് ആവശ്യമാണ്

__________ ശരീരം അതിന്റെ ഊർജ്ജം മുഴുവനായി ഉപയോഗിക്കുമ്പോൾ ആത്മാവ് ക്ഷീണിതമാകുന്നു.

__________ ശരീരത്തിന്റെ രോഗമോ ബലഹീനതയോ ആത്മാവിനെ ബാധിക്കുന്നില്ല.

__________ മരണത്തിനു ശേഷവും മനുഷ്യന് ഭൗതിക ആവശ്യങ്ങൾ ഉണ്ടായിരിക്കും.

## ഭാഗം 5

ഭൗതികമായ വസ്തുക്കൾ ചെയ്യുന്നപോലെ, ആത്മാവിന് ഭൗതിക ഇടം ആവശ്യമില്ലന്നും പ്രകൃതി നിയമങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നില്ലെന്നും നാം മനസ്സിലാക്കി. ശരീരത്തിന്റെ സഹായത്തോടെ ആത്മാവ് ലോകത്തിൽ സ്വാധീനം ചെലുത്തുന്നു, എന്നാൽ ആത്മാവ് അതിന്റെ ശക്തി പ്രയോഗിക്കുന്ന ഒരേയൊരു മാർഗ്ഗമല്ല ഇത്. ബഹാഉള്ള വെളിപ്പെടുത്തുന്നു:

> **"തീർച്ചയായും ഞാൻ പറയുന്നു മനുഷ്യ ആത്മാവ് നിർഗമനം പിൻഗമനം എന്നീ എല്ലാ സ്വഭാവങ്ങളിൽ നിന്നും ഔന്നത്യമാർന്നദാണ്. അത് നിശ്ചലമാണ്, എന്നാൽ അത് വിഹരിക്കുന്നു; അത് ചലിക്കുന്നു, എന്നാൽ അത് നിശ്ചലമാണ്"**[8]

അബ്ദുൽ ബഹാ നമ്മോട് പറയുന്നു:

> **"മനുഷ്യാത്മാവിന്റെ സ്വാധീനവും ധാരണയും രണ്ട് തരത്തിലാണെന്ന് അറിയുക; അതായത്, മനുഷ്യചൈതന്യത്തിന് പ്രവർത്തനത്തിന്റെയും വിവേകത്തിന്റെയും രണ്ട് രീതികളുണ്ട്. ശാരീരിക ഉപകരണങ്ങളുടെയും അവയവങ്ങളുടെയും മധ്യസ്ഥതയിലൂടെയാണ് ഒരു രീതി. അങ്ങനെ അത് കണ്ണുകൊണ്ട് കാണുന്നു, ചെവികൊണ്ട് കേൾക്കുന്നു, നാവുകൊണ്ട് സംസാരിക്കുന്നു. . . .**
>
> **"ആത്മാവിന്റെ സ്വാധീനത്തിന്റെയും പ്രവർത്തിയുടേയും മറ്റൊരു രീതി ഈ ശാരീരിക ഉപകരണങ്ങളും അവയവങ്ങളും കൂടാതെയുള്ളതാണ്"**[9]

1. ചുവടെയുള്ള വാചകങ്ങളുടെ വിട്ടഭാഗം പൂരിപ്പിക്കുക:

   a. മനുഷ്യ ആത്മാവ് ____________________ ____________________ എന്നീ എല്ലാ സ്വഭാവങ്ങളിൽ നിന്നും ഔന്നത്യമാർന്നദാണ്.

   b. അത് ____________________, എന്നാൽ ____________________.

   c. അത് ____________________, എന്നാൽ ____________________.

2. ഈ ലോകത്ത് ആത്മാവ് മനസ്സിലാക്കുകയും സ്വാധീനം ചെലുത്തുകയും ചെയ്യുന്ന രണ്ട് രീതികൾ ഏതെന്ന് വിവരിക്കുക: ______________________________

3. ശാരീരിക ഉപകരണങ്ങളില്ലാതെയുള്ള ആത്മാവിന്റെ സ്വാധീനത്തിന്റെയും പ്രവർത്തനത്തിന്റേയും ഉദാഹരണങ്ങൾ നൽകാമോ? ______________________________

## ഭാഗം 6

ഇനി, മുൻ ഭാഗങ്ങളിലെ ചർച്ചകളുടെ വെളിച്ചത്തിൽ, ബഹാഉള്ളയുടെ ലിഖിതങ്ങളിൽ നിന്നും ചുവടെ തന്നിട്ടുള്ള ഉദ്ധരണികൾ വായിക്കുക:

**"മനുഷ്യന്റെ ആത്മാവ്, ശരീരത്തിന്റേയോ മനസ്സിന്റെയോ എല്ലാ ബലഹീനതകളിൽ നിന്നും ഉന്നതവും സ്വതന്ത്രവുമാണെന്നും അറിയുക. രോഗിയായ ഒരാൾ ബലഹീനതയുടെ ലക്ഷണങ്ങൾ കാണിക്കുന്നത് അവന്റെ ആത്മാവിനും ശരീരത്തിനുമിടയിൽ സ്വയം വന്നുചേരുന്ന പ്രതിബന്ധങ്ങളാണ്, കാരണം ആത്മാവ് ഏതെങ്കിലും ശാരീരിക രോഗങ്ങളാൽ ബാധിക്കപ്പെടാതെ തുടരുന്നു. വിളക്കിന്റെ വെളിച്ചം പരിഗണിക്കുക. ഒരു ബാഹ്യവസ്തു അതിന്റെ ദീപ്തിയെ തടസ്സപ്പെടുത്തിയാലും, പ്രകാശം സ്വയം അന്യൂനമായ ശക്തിയാൽ തിളങ്ങുന്നത് തുടരുന്നു. അതേപോലെ, മനുഷ്യശരീരത്തെ ബാധിക്കുന്ന ഓരോ രോഗവും ആത്മാവിന്റെ അന്തർലീനമായ പ്രഭാവവും ശക്തിയും പ്രകടമാകുന്നതിൽ നിന്ന് തടയുന്ന ഒരു വിഘ്നമാണ്. എന്നിരുന്നാലും, അത് ശരീരം ഉപേക്ഷിക്കുമ്പോൾ, അത് അത്തരം ഔന്നത്യം പ്രത്യക്ഷ്യപ്പെടുത്തുകയും, ഭൂമിയിലെ ഒരു ശക്തിക്കും തുല്യമാകാത്തവിധം അത്തരം സ്വാധീനം വെളിപ്പെടുത്തുകയും ചെയ്യും. ശുദ്ധവും, നിർമലവും, വിശുദ്ധീകരിക്കപ്പെട്ടതുമായ ഓരോ ആത്മാവും അനിതരസാധാരണമായ ശക്തിയാൽ ഭൂഷിതമാകും, നിറഞ്ഞുകവിയുന്ന ആനന്ദത്തോടെ ആഹ്ലാദിക്കും."[10]**

1. ശരീരത്തിന്റെയോ മനസ്സിന്റെയോ ബലഹീനതകളാൽ ആത്മാവ് എങ്ങനെ ബാധിക്കപ്പെടാതെയിരിക്കുന്നു, ശരീരത്തിൽ നിന്ന് വേർപെടുമ്പോൾ എന്താണ് വ്യക്തമാകുക, ഇവ നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.

____________________

2. നമ്മുടെ ഭൗതിക ശരീരത്തിന്റെ മരണത്തിനു ശേഷം നമ്മുടെ വ്യക്തിസവിശേഷത നാം നിലനിർത്തുമോ? ____________________

## ഭാഗം 7

ബഹാഉള്ള നമ്മോട് പറയുന്നു:

**"ഇനി മനുഷ്യന്റെ ആത്മാവിനെയും മരണാനന്തരമുള്ള അതിന്റെ അതിജീവിത ത്തെയും സംബന്ധിച്ചുള്ള നിങ്ങളുടെ ചോദ്യത്തെക്കുറിച്ച്. ഈ സത്യം നീ അറിയുക, ആത്മാവ് ശരീരത്തിൽ നിന്നും വേർപെട്ടശേഷം ദൈവസാന്നിദ്ധ്യം ലഭിക്കുംവരെ അത് പുരോഗമിച്ചുകൊണ്ടിരിക്കും, ഈ സ്ഥിതിയെയും, സാഹചര്യത്തെയും മാറ്റി മറിക്കാൻ യുഗങ്ങളുടെയും നൂറ്റാണ്ടുകളുടെയും പരിവർത്തനത്തിനോ, ഈ ലോകത്തിന്റെ മാറ്റ**

**ങ്ങൾക്കും അവസരങ്ങൾക്കുമോ ആവില്ല. ദൈവിക സാമ്രാജ്യവും അവന്റെ പരമാധികാരവും പ്രഭുത്വവും, ശക്തിയും നിലനിൽക്കുവോളം അതും നിലനിൽക്കും. അത് ദൈവത്തിന്റെ അടയാളങ്ങളേയും ഗുണങ്ങളേയും പ്രതിഫലിപ്പിക്കും, അവന്റെ ദയാവായ്പും അനുഗ്രഹവും വെളിപ്പെടുത്തും.”[11]**

1. ഭൗതിക മരണത്തിനു ശേഷം ആത്മാവ് എത്ര നാൾ പുരോഗമിക്കും? ____________________

______________________________________________________________

2. ഏത് അവസ്ഥയിലാണ് ആത്മാവ് ദൈവ സാന്നിധ്യത്തിലേക്കുള്ള നിത്യ യാത്ര തുടരുന്നത്? ____________________________________________

______________________________________________________________

3. ആ അവസ്ഥയിൽ ആത്മാവ് വെളിപ്പെടുത്തുന്ന ചില ഗുണങ്ങളും അടയാളങ്ങളും ഏതെല്ലാമാണ്? ____________________________________________

______________________________________________________________

4. നാം ഇതുവരെ പഠിച്ചതിന്റെ അടിസ്ഥാനത്തിൽ, താഴെ തന്നിരിക്കുന്നവ ശരിയാണോ എന്ന് തീരുമാനിക്കുക:

__________ ദൈവത്തിന്റെ സാമ്രാജ്യം എന്നെന്നും നിലനിൽക്കും.

__________ ആത്മാവിന് ദൈവത്തിന്റെ ഗുണങ്ങൾ വെളിപ്പെടുത്താനുള്ള കഴിവുണ്ട്.

__________ വിയുത്തർക്കുവേണ്ടി നാം ചൊല്ലുന്ന പ്രാർത്ഥനകൾ ആത്മാവിന്റെ പുരോഗതിയെ സ്വാധീനിക്കുന്നില്ല.

__________ ആത്മാവ് ഒരിക്കലും നിലനിൽക്കുന്നില്ല.

## ഭാഗം 8

ബഹാഉള്ള വെളിപ്പെടുത്തുന്നു:

**“കേൾവിയുള്ള ഏതൊരു ചെവിക്കും, അത് പരിശുദ്ധവും, അപങ്കിലവും ആക്കിയിരുന്നാൽ എല്ലാ കാലഘട്ടത്തിലും എല്ലാ ദിശകളിൽ നിന്നും ഈ വിശുദ്ധവചനങ്ങൾ കേൾക്കുമാറാകും: ‘സത്യമായും ഞങ്ങൾ ദൈവത്തിന്റേതാണ്, അവനിലേക്ക് ഞങ്ങൾ മടങ്ങും.’ മനുഷ്യന്റെ ഭൗതിക മരണത്തിന്റെയും മടക്കയാത്രയുടെയും രഹസ്യം ഇതുവരെ വെളിവാക്കപ്പെട്ടിട്ടില്ല, ഇപ്പോഴും അങ്ങനെതന്നെ. . . .**

**“ഓരോ ദൃഢ വിശ്വാസിക്കും മരണം പ്രദാനം ചെയ്യുന്നത് ജീവിതം നിറഞ്ഞ കോപ്പയാണ്. അത് ആനന്ദം ചൊരിയുന്നു, അത് സന്തോഷ വാഹിയാണ്. അത് നിത്യ ജീവിതം പ്രദാനം ചെയ്യുന്നു.**

**“ഏകവും സത്യവുമായ ദൈവത്തെ, അവന്റെ മഹത്വം ഉയർത്തപ്പെടട്ടെ, അംഗീകരിക്കുകയെന്ന മനുഷ്യന്റെ ഭൂമിയിലെ നിലനില്പിന്റെ ഫലം അനുഭവിച്ചവരുടെ മരണാനന്തര ജീവിതം നമുക്ക് വർണ്ണനാതീതമാണ്. അതേ സംബന്ധിച്ച ജ്ഞാനം ദൈവത്തിലാണുള്ളത്, സർവ്വലോക പ്രഭുവായ അവനിൽ മാത്രം’’.[12]**

**"പരമാത്മപുത്രാ! മരണത്തെ നിനക്കായി ഞാൻ സന്തോഷത്തിന്റെ സന്ദേശവാഹകൻ ആക്കിയിരിക്കുന്നു. എന്നിട്ടും നീ ദുഖിക്കുന്നതെന്തിന്? വെളിച്ചത്തെ ഞാൻ നിർമ്മിച്ചിരിക്കുന്നത് അതിന്റെ ശോഭ നിന്റെ മേൽ ചൊരിയാനാണ്. അതിൽ നിന്ന് നിന്നെ സ്വയം മറച്ചുപിടിക്കുന്നത് എന്തിനാണ്?"[13]**

1. താഴെ തന്നിട്ടുള്ള ഏതെല്ലാം പ്രസ്താവനകൾ ശരിയാണ്?

__________മനുഷ്യന്റെ ആത്മാവ് ദൈവത്തിൽ നിന്നുമാണ് വരുന്നത്, അത് അവനിലേക്ക് തിരിച്ചുപോകും.

__________മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള എല്ലാ അറിവും ദൈവത്തിലാണ്.

__________ദൃഢവിശ്വാസിക്ക് മരണം ജീവിതമാണ്.

__________മരണം സന്തോഷവാഹിയാണ്.

__________മരണത്തെക്കുറിച്ചുള്ള രഹസ്യങ്ങൾ എല്ലാവർക്കും അറിയാം.

__________ജീവിതത്തിലെ ദാനങ്ങൾ നാം അമൂല്യമായി കരുതണം, മരണത്തെ ഭയപ്പെടരുത്, കാരണം അത് ആനന്ദവാഹിയാണ്.

__________മരണാനന്തര ജീവിതത്തെക്കുറിച്ച് അറിയുന്നത് നമുക്ക് പ്രധാനമല്ല.

2. ഇപ്പോൾ, ഈ ഭാഗങ്ങളിൽ നാം പഠിച്ചത് മനസ്സിൽ വച്ചുകൊണ്ട് ജീവിതം, മരണം, ശരീരം, ആത്മാവ് എന്നിവയെക്കുറിച്ച് ഒരു ചെറിയ ഖണ്ഡിക എഴുതുക

## ഭാഗം 9

അബ്ദുൽ ബഹാ വിവരിക്കുന്നു:

**"മനുഷ്യൻ അവന്റെ ജീവാരംഭത്തിൽ ഗർഭസ്ഥ ലോകത്തിലായിരുന്നു, അവൻ അവിടെ മനുഷ്യ ജീവിതത്തിന്റെ നിലനില്പിന് ആവശ്യമായ കഴിവും ശക്തിയും നേടിയെടുത്തു. ഈ ലോകത്തിലേക്ക് അനിവാര്യമായ ശക്തി ആ ലോകത്തിൽ അവൻ ആർജ്ജിച്ചെടുത്തു. ഈ ലോകത്തിൽ അവന് കണ്ണുകൾ വേണമായിരുന്നു; അത് അവൻ ഗർഭസ്ഥ ലോകത്തിൽ നേടിയെടുത്തു. അവന് ഈ ലോകത്തിൽ ചെവികൾ ആവശ്യമായിരുന്നു; അവ അവൻ ആ ലോകത്തിൽ നേടിയെടുത്തു. ഈ ലോകത്തിലേക്ക് ആവശ്യമായ എല്ലാ ശക്തികളും ആ ഗർഭസ്ഥ ലോകത്തിൽ വച്ച് അവൻ നേടിയെടുത്തു. ആ ലോകത്തിൽ ഈ ലോകത്തിലേക്കുവേണ്ടി അവൻ തയ്യാറായി, അവൻ ഈ ലോകത്ത് പ്രവേശിച്ചപ്പോൾ ആവശ്യമായ എല്ലാ ശക്തികളും തനിക്കുണ്ടെന്നും, ഈ ജീവിതത്തിന് ആവശ്യമായ എല്ലാ കൈകാലുകളും അവയവങ്ങളും ആ ലോകത്തിൽ നേടിയെടുത്തുവെന്നും അവൻ കണ്ടു. അതിനാൽ ഈ ലോകത്തിൽ അവൻ വരാനിരിക്കുന്ന ലോകത്തിലേക്കുള്ള തയ്യാറെടുപ്പുകളും നടത്തണം. ദൈവീക സാമ്രാജ്യത്തിൽ ആവശ്യമായവ അവൻ ഇവിടെ നേടിയെടുക്കണം. ഇവിടെ അസ്തിത്വത്തിന് ആവശ്യമുള്ള ശക്തികളെ എങ്ങനെ ഗർഭാവസ്ഥയിൽ അവൻ നേടിയെടുത്തുവോ അതുപോലെ ദിവ്യലോകത്തിലേക്ക് ആവശ്യമായവ — അതായത് എല്ലാ സ്വർഗ്ഗീയ ഗുണങ്ങളും — അവൻ ഇവിടെ നേടിയെടുക്കണം."**[14]

1. ചുവടെ തന്നിരിക്കുന്നവ ശരിയോ തെറ്റോ എന്ന് തീരുമാനിക്കുക:

   __________ഈ ലോകത്തിലേക്ക് ആവശ്യമായ എല്ലാ ശക്തികളും നേടിയെടുത്തത് ഗർഭസ്ഥ ലോകത്തിൽ വച്ചാണ്.

   __________അടുത്ത ലോകത്തിലെ ജീവിതത്തിനുവേണ്ടി ഒരുവൻ സ്വയം തയ്യാറാകേണ്ട ആവശ്യമില്ല.

   __________ദിവ്യ സാമ്രാജ്യ ലോകത്തിൽ ആവശ്യമായവ അവിടെ നേടിയെടുക്കണം.

   __________ഈ ജീവിതത്തിന്റെ ലക്ഷ്യം അടുത്ത ലോകത്തിലെ ജീവിതത്തിന് ആവശ്യമായ ശക്തികൾ നേടിയെടുക്കുക എന്നതാണ്.

   __________യഥാർത്ഥ ജീവിതം ആരംഭിക്കുന്നത് ഒരാൾ മരിച്ച് ദൈവിക സാമ്രാജ്യത്തിലേക്ക് പോകുമ്പോഴാണ്.

   __________യഥാർത്ഥ ജീവിതം ഈ ലോകത്ത് ആരംഭിക്കുകയും ഭൗതിക മരണത്തിനു ശേഷം അത് തുടരുകയും ചെയ്യുന്നു.

2. ഗർഭസ്ഥ ലോകത്തിൽ മനുഷ്യന് ലഭിക്കുന്ന ചില കഴിവുകൾ ഏതെല്ലാമാണ്?

   ______________________________________________

   ______________________________________________

3. മരണാനന്തര ജീവിതത്തിനുവേണ്ടി ഇവിടെ നേടിയെടുക്കേണ്ട ചില ഗുണങ്ങൾ എന്തെല്ലാമാണ്? ______________________________________________

   ______________________________________________

   ______________________________________________

## ഭാഗം 10

ബഹാഉള്ള പ്രഖ്യാപിക്കുന്നു:

**"മനുഷ്യനുവേണ്ടി ദൈവം കരകവിഞ്ഞൊഴുക്കുന്ന കാരുണ്യപെരുവെള്ളത്തിന്റെ പങ്കു നേടുകയെന്നതാണ് ഈ ദിവസം മനുഷ്യന്റെ പരിപൂർണ്ണമായ കർത്തവ്യം. അതു കൊണ്ട് സ്വീകരിക്കുന്ന പാത്രത്തിന്റെ വലുപ്പമോ ചെറുപ്പമോ ആരുംതന്നെ പരിഗണി ക്കാതിരിക്കട്ടെ. ചിലരുടെ പങ്ക് കൈക്കുടന്നയിൽ കൊള്ളുന്നതായിരിക്കാം; വേറെ ചിലരുടേത് ഒരു കോപ്പ നിറയാൻ ഉണ്ടായെന്നു വരാം; ഇനിയും ചിലരുടേത് ഒരു ഗ്യാലൻ അളവുവരെ കണ്ടേന്നുമിരിക്കും."**[15]

1. മുകളിലുള്ള ഖണ്ഡികയുടെ വെളിച്ചത്തിൽ ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:

   a. ഈ ദിനത്തിൽ ഓരോ വ്യക്തിയുടേയും കടമ എന്താണ്? ____________________

   ______________________________________________

   b. ദൈവത്തിൽ നിന്നും നിങ്ങൾക്ക് ലഭിച്ചിട്ടുള്ള ചില അനുഗ്രഹങ്ങൾ എന്തെല്ലാം? ______

   ______________________________________________

   ______________________________________________

   c. മുകളിലുള്ള ഉദ്ധരണിയിലെ "സ്വീകരിക്കുന്ന പാത്രം" എന്നത് എന്തിനെയാണ് സൂചിപ്പിക്കുന്നത്? ______________________________

   ______________________________________________

   d. നമുക്ക് ലഭിച്ചിരിക്കുന്ന കഴിവുകളുടെ "വലുപ്പമോ ചെറുപ്പമോ" എന്തുകൊണ്ടാണ് നാം പരിഗണിക്കാൻ പാടില്ലാത്തത്? ______________________________

   ______________________________________________

   ______________________________________________

   ______________________________________________

   e. നമുക്കായുള്ള ദൈവത്തിന്റെ കാരുണ്യത്തിന്റെ പങ്ക് ലഭിക്കുന്നതിൽ നിന്നും നമ്മെ തടയുന്ന ചില കാര്യങ്ങൾ എന്തെല്ലാമാണ്? ______________________________

   ______________________________________________

   ______________________________________________

   ______________________________________________

2. താഴെ തന്നിരിക്കുന്നവയിൽ ശരിയായത് ഏതെല്ലാം?

   __________ നമ്മുടെ കഴിവിന്റെ "വലുപ്പമോ ചെറുപ്പമോ" സൂചിപ്പിക്കുന്നത് നാം എത്ര മിടുക്കരാണ് എന്നതാണ്.

   __________ ദൈവത്തെ സേവിക്കുന്നതിന്, നാം നമ്മുടെ ദൗർബല്യങ്ങളെ മറക്കുകയും നമ്മുടെ പൂർണ്ണ വിശ്വാസം അവനിൽ അർപ്പിക്കുകയും വേണം.

   __________ ദൈവം നമ്മിൽ കനിഞ്ഞിരിക്കുന്ന കഴിവുകൾ ഈ ലോകത്തിൽ വികസിപ്പിച്ചില്ലങ്കിൽ, നാം അടുത്ത ലോകത്തിൽ എത്തുമ്പോൾ നമ്മുടെ ആത്മാവുകൾ ദുർബലമായിരിക്കും.

## ഭാഗം 11

ബഹാഉള്ള പറയുന്നു:

**"നീ എന്നോട് ആത്മാവിന്റെ സ്വഭാവത്തെ സംബന്ധിച്ചു ചോദിച്ചിരിക്കുന്നു. ആത്മാവ് സത്യമായും ദൈവത്തിന്റെ ഒരടയാളമാണെന്നു മനസ്സിലാക്കുക, മനുഷ്യരിൽ ഏറ്റവും ജ്ഞാനികളായവർക്കു പോലും യാഥാർത്ഥ്യം ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത സ്വർഗ്ഗീയമായ ഒരു രത്നമാണത്, അതിന്റെ രഹസ്യം എത്രനിശിതമായ മനസ്സിനുപോലും എപ്പോഴെങ്കിലും അനാവരണം ചെയ്യാമെന്ന് ആശിക്കാനും വയ്യ. സ്രഷ്ടാവിന്റെ വൈശിഷ്ട്യം പ്രഖ്യാപിച്ചതിൽ എല്ലാ സൃഷ്ടികളിലും വച്ച് ഒന്നാമത്തേതാണത്, ഒന്നാമതായി അവന്റെ മാഹാത്മ്യം തിരിച്ചറിഞ്ഞതും, അവന്റെ സത്യത്തോട് പറ്റിപ്പിടിച്ചതും, അവന്റെ മുമ്പിൽ ആരാധനയോടെ കുമ്പിട്ടുകൂപ്പിയതും അതാണ്."**[16]

1. ചുവടെയുള്ള വാചകങ്ങളിലെ വിട്ടഭാഗം പൂരിപ്പിക്കുക:

   a. ആത്മാവ് ദൈവത്തിന്റെ ഒരു ____________________ ആണ്.

   b. ആത്മാവ് മനുഷ്യരിൽ ഏറ്റവും ജ്ഞാനികളായവർക്കു പോലും ______________________ ______________________________________ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത ______________ ________________________, അതിന്റെ ____________________________ എത്രനിശിതമായ മനസ്സിനുപോലും എപ്പോഴെങ്കിലും ____________________ ചെയ്യാമെന്ന് ആശിക്കാനും വയ്യ.

   c. സ്രഷ്ടാവിന്റെ വൈശിഷ്ട്യം പ്രഖ്യാപിച്ചതിൽ ____________________________________ _________________________________ ആത്മാവ്.

   d. ആത്മാവാണ് ഒന്നാമതായി ദൈവത്തിന്റെ മാഹാത്മ്യം ________________________________

   e. ആത്മാവാണ് ഒന്നാമതായി ദൈവത്തിന്റെ സത്യത്തോട് ______________________________

   f. ആത്മാവാണ് ഒന്നാമതായി ദൈവത്തിന്റെ മുമ്പിൽ ___________________________________

2. ചുവടെയുള്ള ഏതെല്ലാം ശരിയാണ്?

   __________ "അനാവരണം" എന്നതിനർത്ഥം കണ്ടെത്തുക എന്നാണ്.

   __________സൃഷ്ടിക്കപ്പെട്ടിട്ടുള്ളവയിൽ വച്ച് ദൈവത്തെ ആദ്യം തിരിച്ചറിഞ്ഞത് മനുഷ്യമസ്തിഷ്കമാണ്.

   __________ "നിശിതം" എന്നാൽ മൂർച്ചയേറിയത് എന്നാണ്.

   __________ഒരു പണ്ഡിതന് ആത്മാവിന്റെ നിഗൂഢത അറിയാനാകും.

   __________മഹത്തായ ചിന്തകന്മാർക്ക് മാത്രമേ ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്താനാകൂ.

   __________ആത്മാവിനെപ്പറ്റി ചിന്തിക്കേണ്ടത് അത്യാവശ്യമല്ല, കാരണം നാം ഒരിക്കലും അത് മനസ്സിലാക്കില്ല.

## ഭാഗം 12

ബഹാഉള്ള വെളിപ്പെടുത്തുന്നു:

**"നിങ്ങൾ പൂർണ്ണവും ആനന്ദപ്രദവുമായ ആത്മവിശ്വാസത്തോടെയും ശക്തമായ ചിറകുകളുടെ പൂർണ്ണശക്തിയോടെയും സ്വർഗ്ഗങ്ങളുടെ അനന്തതയിലൂടെ പറന്നുയരുന്ന പക്ഷിയെപ്പോലെയാണ്. അതിന്റെ ദാഹം ശമിപ്പിക്കാൻ പ്രവർത്തനനിരതമാകുന്നതു വരെ, അത് അതിന്റെ താഴെയുള്ള ഭൂമിയിലെ വെള്ളത്തിനും ചെളിക്കുംവേണ്ടി പ്രതീക്ഷയോടെ തിരിയുകയും, അതിന്റെ ആഗ്രഹങ്ങളുടെ വലയിൽപ്പെട്ട് അത് വന്ന സ്ഥലങ്ങളിലേക്ക് പറക്കൽ തുടരാൻ കഴിയാതെ വരികയും ചെയ്യുന്നു. അതിന്റെ ചിറകിൽ തൂങ്ങുന്ന ഭാരം കുടഞ്ഞ്കളയാൻ കഴിയാതെ, ഇത്രയും കാലം സ്വർഗ്ഗവാസിയായിരുന്ന പക്ഷി സ്വയം പൊടിയിൽ താമസമുറപ്പിക്കാൻ നിർബന്ധിതമാകുന്നു. അതിനാൽ, എന്റെ സേവകരേ, നിങ്ങളുടെ ചിറകുകളെ ദുരാഗ്രഹങ്ങൾകൊണ്ടും, താന്തോന്നിത്തംകൊണ്ടും അഴുക്കുപുരണ്ടതാക്കരുത്; അവ അസൂയയും വെറുപ്പുമാകുന്ന കറപുരളാതിരിക്കട്ടെ, അങ്ങനെ എന്റെ ദിവ്യജ്ഞാനത്തിന്റെ സ്വർഗ്ഗത്തിലേക്ക് പറന്നുയരുന്നതിൽ നിന്നും നിങ്ങൾ വിലക്കപ്പെടാതിരിക്കട്ടെ."**[17]

1. ചുവടെയുള്ള വാചകങ്ങൾ പൂർത്തിയാക്കുക.

   a. ഈ ഉദ്ധരണിയിൽ ബഹാഉള്ള പ്രതിപാദിക്കുന്ന പക്ഷി ____________________ ആണ്.

   b. ഈ പക്ഷി ഒരു ____________________ വാസിയാണ്.

   c. അതിന്റെ ചിറകുകൾ ചെളിപുരണ്ടതായാൽ, ആ പക്ഷി ____________________ ൽ താമസിക്കുവാൻ നിർബന്ധിതമാകും.

2. ഇനി ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:

   a. ആത്മാവിന്റെ "ചിറകുകൾ" എങ്ങനെയാണ് "ചെളിപുരണ്ടത്" ആകുന്നത്? __________

   ________________________________________

   ________________________________________

   ________________________________________

   b. ആത്മാവിന്റെ ചിറകുകളിൽ തൂങ്ങുന്ന "ഭൂമിയിലെ വെള്ളവും ചെളിയും" പോലെയുള്ള ചില ഭാരങ്ങൾ ഏതൊക്കെയാണ്? ____________________

   ________________________________________

   ________________________________________

   c. ദിവ്യജ്ഞാനത്തിന്റെ സ്വർഗ്ഗത്തിലേക്ക് പറന്നുയരുന്നതിൽ നിന്നും നമ്മെ തടയുന്ന ചില കാര്യങ്ങൾ ഏതെല്ലാമാണ്? ____________________

   ________________________________________

   ________________________________________

   d. ആത്മാവ് അതിന്റെ സ്വർഗ്ഗീയ ഭവനത്തെ ഈ ലോകത്തിലെ പൂഴിക്കുവേണ്ടി കൈമാറുന്നത് എന്തുകൊണ്ടാണ്? ____________________

   ________________________________________

   ________________________________________

3. ചുവടെയുള്ള പ്രസ്താവനകൾ ശരിയാണോ എന്ന് തീരുമാനിക്കുക:

__________ലൗകീക ആസക്തികൾ നമ്മുടെ ആത്മീയ പുരോഗതിയെ തടസ്സപ്പെടുത്തുന്നു.

__________നമ്മുടെ തന്നിഷ്ടവും വ്യർത്ഥ മോഹങ്ങളും ദിവ്യജ്ഞാനത്തിന്റെ സ്വർഗ്ഗത്തിൽ പറക്കുന്നതിൽ നിന്നും നമ്മെ തടയുന്നു.

__________അസൂയയും വിദ്വേഷവും മനുഷ്യന്റെ സ്വാഭാവിക സ്വഭാവവിശേഷങ്ങളാണ്, അവ ആത്മാവിന് ഭാരമാകുന്നില്ല.

__________ഈ ലോകത്തിലെ കാര്യങ്ങളിൽ നിന്ന് സ്വയം അകന്നുനിൽക്കുന്നതിലൂടെ സ്വർഗ്ഗത്തിന്റെ അപാരതയിലൂടെ പറന്നു നടക്കുന്നതിൽ നിന്ന് നമ്മെ തടയുന്ന ഭാരങ്ങളിൽ നിന്ന് നമുക്ക് സ്വയം രക്ഷനേടാം.

__________ആത്മാവിന്റെ ഭവനം ഈ ലോകത്തിലാണ്.

## ഭാഗം 13

ബഹാഉള്ള പറയുന്നു:

**"ലോകവും അതിൽ ജീവിക്കുകയും ചലിക്കുകയും ചെയ്യുന്ന സകലതും സൃഷ്ടിച്ചശേഷം അവന്റെ അനിയന്ത്രിതവും സർവ്വ തന്ത്ര സ്വതന്ത്രവും ആയ ഇച്ഛയുടെ പ്രവർത്തനത്താൽ അവനെ അറിയുകയും സ്നേഹിക്കുകയും ചെയ്യാനുള്ള അനിതര സാധാരണമായ പ്രത്യേകതയും കഴിവും മനുഷ്യനു നൽകുവാൻ തീരുമാനിച്ചു — സകല സൃഷ്ടിയുടേയും ഉത്ഭവത്തിനുള്ള പ്രേരണയും അതിന്റെ അടിസ്ഥാനമായ പ്രാഥമികഉദ്ദേശ്യവും ആയി അവശ്യം പരിഗണിക്കേണ്ടതായ ഒരു കഴിവാണിത്.... സൃഷ്ടിക്കപ്പെട്ട ഓരോ വസ്തുവിന്റെയും ആന്തരികമായ യാഥാർത്ഥ്യത്തിൽ അവന്റെ നാമങ്ങളിൽ ഒന്നിന്റെ വെളിച്ചം അവൻ പൊഴിച്ചിരിക്കുന്നു, അവന്റെ വിശേഷണങ്ങളിൽ ഒന്നിന്റെ മാഹാത്മ്യം സ്വീകരിക്കുന്നതായി അതിനെ മാറ്റുകയും ചെയ്തിരിക്കുന്നു. ഏതായാലും മനുഷ്യന്റെ യാഥാർത്ഥ്യത്തിന്റെ മേൽ അവന്റെ എല്ലാ നാമങ്ങളുടേയും വിശേഷണങ്ങളുടേയും പ്രകാശം അവൻ കേന്ദ്രീകരിക്കുകയും അവന്റെ നന്മയുടെ ഒരു കണ്ണാടിയാക്കി അവനെ മാറ്റുകയും ചെയ്തിരിക്കുന്നു. ഇത്ര മഹത്തായ ഒരനുഗ്രഹം, ഇത്ര നീണ്ടുനിൽക്കുന്ന ഒരു സമൃദ്ധി, ചൊരിയുന്നതിന് സൃഷ്ടിക്കപ്പെട്ട എല്ലാ വസ്തുക്കളിൽനിന്നും മനുഷ്യനെ പ്രത്യേകം തെരഞ്ഞെടുത്തിരിക്കുന്നു."**[18]

1. ചുവടെ തന്നിട്ടുള്ള വിട്ടഭാഗം പൂരിപ്പിക്കുക.

   a. ______________________________ ചെയ്യാനുള്ള അനിതര സാധാരണമായ പ്രത്യേകതയും കഴിവും മനുഷ്യനു നൽകുവാൻ ദൈവം തീരുമാനിച്ചു.

   b. സൃഷ്ടിക്കപ്പെട്ട ____________വസ്തുവിന്റെയും ആന്തരികമായ യാഥാർത്ഥ്യത്തിൽ ________________________ വെളിച്ചം ദൈവം പൊഴിച്ചിരിക്കുന്നു, ________ ______________________________ മാഹാത്മ്യം സ്വീകരിക്കുന്നതായി അതിനെ മാറ്റുകയും ചെയ്തിരിക്കുന്നു.

   c. മനുഷ്യന്റെ യാഥാർത്ഥ്യത്തിന്റെ മേൽ ____________________________ ____________ അവൻ കേന്ദ്രീകരിക്കുകയും ________________________ ____________ കണ്ണാടിയാക്കി അവനെ മാറ്റുകയും ചെയ്തിരിക്കുന്നു.

2. ഇനി ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:

a. ദൈവത്തിന്റെ ചില വിശേഷണങ്ങൾ ഏതെല്ലാമെന്ന് നിങ്ങൾക്ക് പറയാമോ? ___________

_______________________________________________

_______________________________________________

b. മനുഷ്യാത്മാവിന് പ്രതിഫലിപ്പിക്കാൻ കഴിയുന്ന ദൈവത്തിന്റെ ചില ഗുണങ്ങൾ ഏതെല്ലാമാണ്? ___________________________________

_______________________________________________

_______________________________________________

c. ഈ ഗുണങ്ങൾ എങ്ങനെ വെളിപ്പെടുത്താം? ___________________________

_______________________________________________

_______________________________________________

d. മനുഷ്യനെമാത്രം തെരഞ്ഞെടുത്തത് എന്ത് പ്രത്യേക ആനുകൂല്യം നൽകാനാണ്?

_______________________________________________

_______________________________________________

_______________________________________________

3. ചുവടെ തന്നിട്ടുള്ളവയിൽ ശരിയായത് ഏതെല്ലാം?

__________മനുഷ്യൻ മറ്റ് സൃഷ്ടികളിൽ നിന്നും വ്യത്യസ്തമല്ല.

__________ദൈവത്തെ അറിയുവാനും അവനെ സ്നേഹിക്കുവാനുമുള്ള കഴിവാണ് മുഴുവൻ സൃഷ്ടിയുടേയും അടിസ്ഥാനമായിട്ടുള്ള പ്രേരണയും മുഖ്യ ലക്ഷ്യവും.

__________എല്ലാ സൃഷ്ടിയുടേയും അസ്തിത്വം ദൈവത്തിന്റെ ഏതെങ്കിലും ഒരു ഗുണത്തെ പ്രതിഫലിപ്പിക്കുന്നു.

__________മനുഷ്യാത്മാവിന് ദൈവത്തിന്റെ എല്ലാ ഗുണങ്ങളേയും പ്രതിഫലിപ്പിക്കാനാകും.

## ഭാഗം 14

ബഹാഉള്ള നമ്മോട് പറയുന്നു:

**"ദിവ്യകൃപയുടെ ദിനതാരവും, സ്വർഗ്ഗീയമായ മാർഗ്ഗദർശനത്തിന്റെ സ്രോതസ്സും മനുഷ്യന്റെ അസ്തിത്വത്തിൽ പ്രദാനം ചെയ്തിട്ടുള്ള ഈ ശക്തി, മനുഷ്യനിൽ ലീനമായിരിക്കുന്നു, മെഴുകുതിരിയിൽ തീനാളം ഒളിഞ്ഞിരിക്കുന്നത് പോലെയും, വിളക്കിൽ വെളിച്ചം ഒളിഞ്ഞിരിക്കുന്നതുപോലെയുമാണത്. കണ്ണാടിയിൽ പറ്റിപ്പിടിച്ച പൊടിപടലം സൂര്യന്റെ പ്രകാശത്തെ തടയുന്നതുപോലെ ഈ ശക്തിയുടെ സ്ഫുരണത്തെ ലൗകിക ജീവിതത്തിന്റെ ആഗ്രഹങ്ങൾ മറച്ച് നിർത്തിയേക്കാം. മെഴുകുതിരിക്കോ വിളക്കിനോ ബാഹ്യശക്തിയുടെ സഹായം കൂടാതെ സ്വയം ജ്വലിക്കാനാകില്ല, കണ്ണാടിക്ക് അതിന്റെ പൊടിപടലം സ്വയം തുടച്ചുനീക്കാനും ആകില്ല. കത്തിക്കുന്നതു വരെ ഒരു വിളക്കിനും പ്രകാശിക്കാനാകില്ല. പൊടിപടലം തുടച്ചു മാറ്റപ്പെടുന്നതുവരെ ഒരു കണ്ണാടിക്കും സൂര്യന്റെ പ്രതിബിംബം കാണിക്കുവാനോ, അതിന്റെ പ്രകാശവും തേജസ്സും പ്രതിഫലിപ്പിക്കുവാനോ കഴിയുകയില്ല. ഇത് വ്യക്തവും തെളിയിക്കപ്പെട്ടതുമാണ്."**[19]

1. ''ലീനമായിരിക്കുന്നു'' എന്ന വാക്കിന്റെ അർഥം എന്താണ്? ______________________________
_______________________________________________________________

2. മനുഷ്യന്റെ ആത്മാവിൽ ലീനമായിരിക്കുന്ന ചില കഴിവുകൾ എന്തെല്ലാം? ______________
_______________________________________________________________
_______________________________________________________________

3. ഒരു വിളക്കിൽ ഒളിഞ്ഞിരിക്കുന്ന കഴിവ് എന്താണ്? ______________________________

4. ഒരു കണ്ണാടിയിൽ ഒളിഞ്ഞിരിക്കുന്ന കഴിവെന്താണ്? ______________________________

5. ഒരു വിളക്ക് പ്രകാശിക്കാൻ നാം എന്ത് ചെയ്യണം? ______________________________
_______________________________________________________________

6. ഒരു കണ്ണാടി വെളിച്ചം പ്രതിഫലിപ്പിക്കണമെങ്കിൽ എന്ത് ചെയ്യണം? ___________________
_______________________________________________________________

7. വിളക്കിനും കണ്ണാടിക്കും സ്വയം അതിന്റെ കഴിവുകളെ പ്രകടിപ്പിക്കാനാവുമോ? __________

8. ഈ രണ്ട് ഉദാഹരണങ്ങളേയും എങ്ങനെ മനുഷ്യന്റെ ആത്മാവിന്റെ അവസ്ഥയുമായി ബന്ധപ്പെടുത്താം? ______________________________________________
_______________________________________________________________
_______________________________________________________________
_______________________________________________________________

9. മനുഷ്യാത്മാവിന്റെ കഴിവുകളെ പ്രകാശിപ്പിക്കാൻ ആർക്കാണ് കഴിയുക? ______________
_______________________________________________________________

## ഭാഗം 15

ബഹാഉള്ള പ്രസ്താവിക്കുന്നു:

**"ചിരപുരാതന സൗന്ദര്യത്തെ സംബന്ധിച്ച അറിവിന്റെ വാതിൽ എന്നും മനുഷ്യന്റെ മുന്നിൽ അടഞ്ഞിരിക്കുന്നു, എന്നേക്കും അടഞ്ഞിരിക്കുകയും ചെയ്യും. ഒരു മനുഷ്യന്റെ അറിവും അവന്റെ വിശുദ്ധ സദസ്സിലേക്ക് എത്തപ്പെടുകയില്ല. എന്നിരുന്നാലും അവന്റെ കാരുണ്യത്തിന്റെ അടയാളമെന്ന നിലയിലും സ്നേഹപൂർവ്വമായ ദയയുടെ ഒരു പ്രതീകം എന്ന നിലയിലും അവന്റെ ദിവ്യമാർഗ്ഗ ദർശനത്തിന്റെ ദിനതാരങ്ങളും, അവന്റെ ദിവ്യ ഐക്യത്തിന്റെ അടയാളങ്ങളും അവൻ മനുഷ്യർക്കു പ്രകടമാക്കിയിട്ടുണ്ട്, ഈ പവിത്രീകൃതാത്മാക്കൾക്ക് സ്വന്തം അറിവിന് സമാനമായ ജ്ഞാനം കൽപിച്ചു നൽകി. ആരെല്ലാം അവരെ അംഗീകരിച്ചിട്ടുണ്ടോ അവരെല്ലാം ദൈവത്തെ അംഗീകരിച്ചിട്ടുണ്ട്. ആരെല്ലാം അവരുടെ വിളികേട്ടിട്ടുണ്ടോ അവരെല്ലാം ദൈവത്തിന്റെ വിളികേട്ടവരാണ്, ആരെല്ലാം അവരുടെ വെളിപാടിന്റെ സത്യത്തിന് സാക്ഷിയായിരിക്കുന്നുവോ, അവരെല്ലാം ദൈവത്തിന്റെ തന്നെ സത്യത്തിന് സാക്ഷിയായിരിക്കുന്നു. അവരിൽ നിന്ന് ആരെല്ലാം അകലുന്നുവോ, അവരെല്ലാം ദൈവത്തിൽ നിന്ന് അകന്നവരാണ്, ആരെല്ലാം അവരെ അവിശ്വസിക്കുന്നുവോ അവരെല്ലാം ദൈവത്തെ അവിശ്വസിച്ചവരാണ്. അവർ ഓരോരുത്തരും ഈ ലോകത്തെ ഉന്നതലോകവുമായി ബന്ധിപ്പിക്കുന്ന ദൈവത്തിന്റെ മാർഗ്ഗമാണ്, ഭൂമിയിലും സ്വർഗ്ഗത്തിലും ഉള്ള ഓരോരാളുടെയും മുന്നിൽ അവർ ദൈവിക സത്യത്തിന്റെ മാനദണ്ഡമാണ്. അവർ മനുഷ്യർക്കിടയിൽ ദൈവ**

**ത്തിന്റെ അവതാരങ്ങളാണ്, അവന്റെ സത്യത്തിന്റെ തെളിവുകളും തേജസ്സിന്റെ അടയാളങ്ങളും."**[20]

1. മുകളിലുള്ള ഉദ്ധരണി മനസ്സിൽ വച്ചുകൊണ്ട്, ഇനിയുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:

a. ദൈവത്തെ നമ്മുക്ക് നേരിട്ട് അറിയുവാൻ കഴിയുമോ? ______________________________

b. എങ്കിൽ, എങ്ങിനെ നമുക്ക് ദൈവത്തെ അറിയാനാകും? ______________________________
______________________________________________________________

c. ചില ദിവ്യ മാർഗ്ഗ ദർശനത്തിന്റെ ദിനതാരങ്ങൾ ഏതെന്നു പറയുക? __________________
______________________________________________________________

d. ദൈവാവതാരങ്ങളുടെ ശബ്ദം കേട്ടവർ ആരുടെ ശബ്ദമാണ് ശ്രവിച്ചത്? ________________
______________________________________________________________

e. ദൈവാവതാരങ്ങളുടെ വിളി അവഗണിച്ചവർ ആരിൽ നിന്നുമാണ് അകലുന്നത്? ________
______________________________________________________________

2. ചുവടെയുള്ള വാചകങ്ങൾ പൂർത്തിയാക്കുക:

a. ചിരപുരാതന സൗന്ദര്യത്തെ സംബന്ധിച്ച അറിവിന്റെ വാതിൽ എന്നും _______________
______________________________________________________________

b. ഒരു മനുഷ്യന്റെ അറിവും ______________________________________എത്തപ്പെടുകയില്ല.

c. അവന്റെ ____________________________________________________ ഒരു അടയാളമെന്ന നിലയിലും ____________________________________ഒരു പ്രതീകം എന്ന നിലയിലും ദൈവം അവതാരങ്ങളെ അയച്ചു.

d. ദൈവാവതാരങ്ങളുടെ അറിവ് ______________________________________ സമാനമാണ്.

e. ആരെല്ലാം അവരെ അംഗീകരിച്ചിട്ടുണ്ടോ ____________________________________

f. ആരെല്ലാം അവരുടെ വിളികേട്ടിട്ടുണ്ടോ ______________________________________

g. അവർ ഓരോരുത്തരും __________________________________________________
______________________________________________________________
______________________________________________ ദൈവത്തിന്റെ മാർഗ്ഗമാണ്.

3. ചുവടെയുള്ളവയിൽ ശരിയായത് ഏത്?

__________നമ്മുടെ പരിശ്രമത്തിലൂടെ മാത്രം നമുക്ക് ആത്മീയമായി വളരാനാകും.

__________ദൈവം നമുക്ക് മനസ്സ് നൽകിയിട്ടുണ്ട്, നമ്മുടെ പുരോഗതിക്ക് അത് പര്യാപ്തമാണ്.

__________ദൈവാവതാരത്തെ തിരിച്ചറിയുന്നതിലൂടെ നാം ആത്മീയമായി പുരോഗമിക്കും, കൂടുതൽ പരിശ്രമങ്ങൾ നടത്തേണ്ടതില്ല.

__________ദൈവാവതാരത്തെ തിരിച്ചറിയുന്നതിലൂടെയും അദ്ദേഹത്തിന്റെ പ്രബോധനങ്ങൾക്കനുസരിച്ച് ജീവിക്കുന്നതിനായി പരിശ്രമിക്കുന്നതിലൂടെയും നാം ആത്മീയമായി പുരോഗമിക്കും.

__________നമുക്ക് ദൈവത്തെ നേരിട്ട് അറിയാനാകും.

__________മനുഷ്യന് ദൈവത്തെപ്പോലെ ആകുവാൻ കഴിയും.

__________മനുഷ്യന്റെ ധാരണാശക്തിക്കും ഉന്നതമാണ് ദൈവം.

__________ദൈവത്തിന്റെ അവതാരങ്ങളുടെ വചനങ്ങൾ നാം ശ്രവിക്കുമ്പോൾ, നാം ദൈവത്തിന്റെ ശബ്ദമാണ് കേൾക്കുന്നത്.

## ഭാഗം 16

ബഹാഉള്ള വെളിപ്പെടുത്തുന്നു:

**"മനുഷ്യരെ സത്യത്തിന്റെ നേരായ പാതയിലേക്ക് നയിക്കുകയെന്ന ഏക ഉദ്ദേശ്യത്തൊടെയാണ് പ്രവാചകന്മാരെയും ദൈവദൂതന്മാരെയും താഴേക്ക് അയച്ചിരിക്കുന്നത്. അവരുടെ വെളിപാടിന്റെ അടിസ്ഥാനമായ ഉദ്ദേശ്യം എല്ലാ മനുഷ്യരെയും ബോധവത്കരിക്കുക എന്നതാണ്, അങ്ങിനെ അവർക്ക്, മരണസമയത്ത്, പരമമായ വിശുദ്ധിയോടും പവിത്രതയോടും പരിപൂർണ്ണമായ നിസ്സംഗതയോടും കൂടി അത്യുന്നതന്റെ സിംഹാസനത്തിലേക്ക് ഉയരാൻ കഴിഞ്ഞേക്കാം."**[21]

മറ്റൊരു ഖണ്ഢികയിൽ അദ്ദേഹം പറയുന്നു:

**"മനുഷ്യൻ സർവ്വഗുണസമ്പന്നനാണ്. എന്നിരുന്നാലും ശരിയായ വിദ്യാഭ്യാസത്തിന്റെ കുറവ് അവനിൽ അന്തർലീനമായി കിടക്കുന്ന കഴിവുകൾ അവന് നിഷേധിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ അധരത്തിൽ നിന്നും വന്ന ഒരു വചനത്തിലൂടെ അവൻ സൃഷ്ടിക്കപ്പെട്ടു; മറ്റൊരു വചനത്തിലൂടെ തന്റെ വിദ്യയുടെ സ്രോതസ്സിനെ തിരിച്ചറിയാൻ അവന് മാർഗ്ഗ നിർദ്ദേശം ലഭിച്ചു; വീണ്ടും ഒരു വചനത്തിലൂടെ അവന്റെ സ്ഥാനമഹിമയും ദൈവവിധിയും സുരക്ഷിതമാക്കപ്പെട്ടു. ആ മഹത്തായ സ്വത്വം പറയുന്നു: മനുഷ്യനെ വിലമതിക്കാനാവാത്ത രത്നങ്ങളുടെ ഒരു ഖനിയായി കണക്കാക്കാം. വിദ്യാഭ്യാസത്തിന് മാത്രമേ അതിന്റെ നിധിയെ പുറത്തുകൊണ്ടുവരാനും, അങ്ങനെ മാനവരാശിക്ക് അത് ഗുണപ്രദമാക്കാനും കഴിയൂ. ദൈവത്തിന്റെ ദിവ്യേച്ഛയുടെ സ്വർഗ്ഗത്തിൽ നിന്നും താഴേക്ക് അയച്ച തിരുവെഴുത്തുകളിൻമേൽ ഏതൊരുവനെങ്കിലും ധ്യാനിക്കാനിടയായാൽ, അവയുടെ ഉദ്ദേശ്യം എല്ലാ ആത്മാവുകളും ഒന്നാണെന്ന് കണക്കാക്കുകയും, അതുവഴി ഓരോ ഹൃദയത്തിന്മേലും 'സാമ്രാജ്യം ദൈവത്തിന്റെതാണ്' എന്ന് രേഖപ്പെടുത്തുകയും, മാനവരാശിയെ മുഴുവനും ദൈവിക കൃപയുടെ വെളിച്ചവും, കരുണയും ആവരണം ചെയ്യുമാറാകാനും ആണെന്നുള്ളത് അവൻ തിരിച്ചറിയും."**[22]

1. എന്തു ഉദ്ദേശ്യത്തോടെയാണ് പ്രവാചകന്മാരേയും ദൈവദൂതന്മാരേയും താഴേക്ക് അയച്ചിരിക്കുന്നത്? ____________________________________________

____________________________________________

____________________________________________

2. അവരുടെ വെളിപാടിന്റെ അടിസ്ഥാനമായ ഉദ്ദേശ്യം എന്താണ്? ______________________

______________________________________________

______________________________________________

______________________________________________

3. "സർവ്വഗുണ സമ്പന്നൻ" എന്ന വാക്കിന്റെ അർത്ഥം എന്താണ്? ______________________

______________________________________________

4. ശരിയായ വിദ്യാഭ്യാസത്തിന്റെ അഭാവത്തിന്റെ പരിണിതഫലം എന്താണ്? ______________

______________________________________________

5. ഒരു ശരിയായ വിദ്യാഭ്യാസത്തിന് എന്ത് സാധിക്കും? ______________________________

______________________________________________

______________________________________________

6. നമ്മുടെ അറിവിന്റെ സ്രോതസ്സ് എന്താണ്? ____________________________________

7. നമ്മുടെ വിധി എന്താണ് ______________________________________________

______________________________________________

8. വിദ്യാഭ്യാസം പുറത്തുകൊണ്ടുവരുന്ന ചില രത്നങ്ങൾ എന്തെല്ലാമാണ്? ______________

______________________________________________

9. പുണ്യ ലിഖിതങ്ങളിൽ മേൽ നാം ധ്യാനിക്കുമ്പോൾ പെട്ടെന്ന് തിരിച്ചറിയുന്നത് എന്താണ്?

______________________________________________

______________________________________________

______________________________________________

______________________________________________

## ഭാഗം 17

ബഹാഉള്ള പറയുന്നു:

**"ശരീരത്തിൽ നിന്ന് വേർപെട്ട് കഴിഞ്ഞതിനുശേഷമുള്ള ആത്മാവിന്റെ സ്ഥിതിയെക്കുറിച്ച് എന്നോട് ചോദിച്ചിരിക്കുന്നു. മനുഷ്യന്റെ ആത്മാവ് ദൈവത്തിന്റെ വഴികളിൽ ചരിച്ചിട്ടുണ്ടെങ്കിൽ അത് നിശ്ചയമായും ഇഷ്ടപ്പെട്ടവന്റെ ഐശ്വര്യത്തിലേക്ക് മടങ്ങി ചെല്ലുകയും അതിൽ ലയിക്കുകയും ചെയ്യുമെന്ന് നീ സത്യമായും അറിയുക. ദൈവത്തിന്റെ നീതിയിൽ ആണയിടാം! യാതൊരു പേനയ്ക്കും വിവരിക്കാനോ, യാതൊരു നാവിനും വർണ്ണിക്കാനോ കഴിയാത്ത ഒരു പദവി അത് നേടും. ദൈവത്തിന്റെ ധർമ്മത്തോട് കൂറ് പുലർത്തുകയും അവന്റെ വഴിയിൽ ചാഞ്ചാട്ടം ഇല്ലാതെ നിൽക്കുകയും ചെയ്തിട്ടുള്ള ആത്മാവിന് അതിന്റെ ആരോഹണത്തിന് സർവ്വശക്തൻ സൃഷ്ടിച്ചിട്ടുള്ള എല്ലാ ലോകത്തിനും നന്മയുണ്ടാകുന്ന തരത്തിലുള്ള ശക്തി ലഭിക്കുന്നതാണ്"**[23]

1. ചുവടെയുള്ള വാചകങ്ങൾ പൂർത്തിയാക്കുക:

a. മനുഷ്യന്റെ ആത്മാവ് ദൈവത്തിന്റെ വഴികളിൽ ചരിച്ചിട്ടുണ്ടെങ്കിൽ അത് നിശ്ചയമായും ______________________________________________.

b. _________________________________________________________________________________________________________________________ഒരു പദവി അത് നേടും.

c. ______________ന്റെ ____________ത്തോട് _____________________യും ____________________ൽ ____________________ഇല്ലാതെ _______________________ചെയ്തിട്ടുള്ള _________________ന് അതിന്റെ ____________________ന് ____________________ൻ _________________________ള്ള എല്ലാ ലോകത്തിനും ____________________തരത്തിലുള്ള ________________ ലഭിക്കുന്നതാണ്.

## ഭാഗം 18

ബഹാഉള്ള നമ്മോട് പറയുന്നു:

**"മനുഷ്യ ദുരാഗ്രഹങ്ങളിൽ നിന്ന് വിട്ടകന്നുനിന്ന ആത്മാവ് ദേഹവിയോഗ സമയത്ത് ധന്യമാണ്. അത്തരം ഒരു ആത്മാവ് സൃഷ്ടാവിന്റെ ഇച്ഛയ്ക്കനുസരിച്ച് ജീവിക്കുകയും ചലിക്കുകയും ചെയ്യുന്നു, അത് ഏറ്റവും ഉന്നതമായ സ്വർഗ്ഗപ്രവേശം നടത്തുന്നു. സ്വർഗ്ഗത്തിന്റെ മാലാഖമാരും, ഉന്നതിയിലെ നിവാസികളും അതിനെ വലയം ചെയ്യുന്നു, ദൈവദൂതന്മാരും, ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരും അതുമായി സൗഹൃദത്തിലാകുന്നു. അവരുമായി ഈ ആത്മാവ് സ്വതന്ത്രമായി സംഭാഷണം നടത്തുന്നു, സർവ്വലോകങ്ങളുടേയും പ്രഭുവായ ദൈവത്തിന്റെ പാതയിൽ അത് സഹിച്ചത് അവരോട് പറയുന്നു."[24]**

**"അവൻ പാപികൾക്ക് മാപ്പുകൊടുക്കുകയും, അവരുടെ താഴ്ന്ന നിലയെ നിന്ദിക്കാതിരിക്കുകയും വേണം, എന്തെന്നാൽ ഒരുത്തനും സ്വന്തം അന്ത്യം എന്താണെന്ന് അറിയില്ല. ഒരു പാപി മരണസമയത്ത് വിശ്വാസത്തിന്റെ സാരം പ്രാപിക്കുകയും അമൃതപാനീയം കുടിച്ച് ഉന്നതങ്ങളിലെ സമ്മേളനങ്ങളിലേക്കു എത്ര കൂടെക്കൂടെയാണ് പറന്നുയരുകയും ചെയ്തിട്ടുള്ളത്! ഒരു ഉറച്ച വിശ്വാസി ആത്മാവിന്റെ ആരോഹണസമയത്ത് ഏറ്റവും അഗാധമായ അഗ്നികുണ്ഠത്തിൽ പതിക്കത്തക്കവിധം എത്ര കൂടെക്കൂടെയാണ് മാറ്റത്തിന് വിധേയമായിട്ടുള്ളത്?"[25]**

1. ദേഹവിയോഗ സമയത്ത് നമ്മുടെ ആത്മാവ് എങ്ങിനെയായിരിക്കണം? ____________________

2. ചില ദുരാഗ്രഹങ്ങൾ ഏതെല്ലാം? _____________________________________________

3. ദുരാഗ്രഹങ്ങളിൽ നിന്നും വിട്ടകന്നുനിന്ന ഒരു ആത്മാവ് ഏത് നിബന്ധനയിലാണ് മരണശേഷം ജീവിക്കുകയും ചലിക്കുകയും ചെയ്യുന്നത്? _____________________________

4. അത്തരം ആത്മാവിന്റെ സുഹൃത്തുക്കൾ ആരായിരിക്കും? ____________________________

5. അത്തരത്തിലുള്ള ആത്മാവുകൾക്ക് ദൈവത്തിന്റെ പ്രവാചകൻമാരുമായും അവന്റെ തെരെഞ്ഞെടുക്കപ്പെട്ടവരുമായും സംഭാഷണം ചെയ്യാൻ കഴിയുമോ? ____________________

6. നമ്മുടെ ഭൂമിയിലെ ജീവിതം എന്ന് അവസാനിക്കുമെന്ന് നമ്മുക്ക് മുനുകൂട്ടി അറിയുവാനാകുമോ? ____________________________________________.

7. നമുക്കായി ഒരുക്കിയിട്ടുള്ള അനശ്വര ജീവിതം നേടുന്നതിനായി ഇപ്പോൾ നമുക്ക് എന്തു ചെയ്യാൻ കഴിയും? ____________________________________________

____________________________________________

____________________________________________

## ഭാഗം 19

അബ്ദുൽ ബഹാ വിശദമാക്കുന്നു:

> **"ഈ മൂലദ്രവ്യമായ ചട്ടക്കൂടിനെ ഉപേക്ഷിച്ചതിനുശേഷം മനുഷ്യന്റെ ആത്മാവ് എന്നന്നേക്കുമായി ജീവിക്കുന്നതിനാൽ, നിലനിൽക്കുന്ന എല്ലാ വസ്തുക്കളെയും പോലെ, അതും, നിസ്സംശയമായും പുരോഗതി പ്രാപിക്കാൻ കഴിവുള്ളതാണ്, അതിനാൽ ഒരു പരേതാത്മാവിന് മുന്നേറുന്നതിനോ ക്ഷമിക്കപ്പെടുന്നതിനോ, അല്ലെങ്കിൽ ദിവ്യ സഹായങ്ങളുടേയും, ദൈവിക അനുഗ്രഹങ്ങളുടേയും, ദാനങ്ങളുടേയും, കൃപയുടേയും സ്വീകർത്താവാകാൻ കഴിയുന്നതിനോ വേണ്ടി ഒരാൾക്ക് പ്രാർത്ഥിക്കാം. അതിനാലാണ്, അടുത്ത ലോകത്തിലേക്ക് കരേറിയവർക്കായി ദൈവത്തിന്റെ പാപമോചനവും ക്ഷമയും ബഹാഉള്ളയുടെ പ്രാർത്ഥനയിൽ അഭ്യർത്ഥിക്കുന്നത്. മാത്രമല്ല, ഈ ലോകത്തിൽ ആളുകൾക്ക് ദൈവത്തെ ആവശ്യമുള്ളതുപോലെ, അടുത്ത ലോകത്തിലും അവർക്ക് അവനെ ആവശ്യമുണ്ട്. ഈ ലോകത്തിലും വരാനിരിക്കുന്ന ലോകത്തിലും സൃഷ്ടികൾക്ക് എപ്പോഴും ദൈവത്തെ ആവശ്യമുണ്ട്, ദൈവം അവയിൽ നിന്നെല്ലാം പൂർണമായും സ്വതന്ത്രനാണ്."**[26]

നാം എന്തുകൊണ്ട് പരേതാത്മാക്കൾക്കായി പ്രാർത്ഥിക്കണം?

____________________________________________

____________________________________________

____________________________________________

____________________________________________

____________________________________________

____________________________________________

____________________________________________

____________________________________________

## ഭാഗം 20

അബ്ദുൽ ബഹാ എഴുതുന്നു:

> **"മനുഷ്യന്റെ ആത്മാവ് ഈ ക്ഷണികമായ പൂഴികൂമ്പാരത്തിൽ നിന്ന് പറന്ന് ദൈവത്തിന്റെ ലോകത്തിലേക്ക് ഉയരുമ്പോൾ, മൂടുപടങ്ങൾ താഴെ വീഴും,**

**യാഥാർത്ഥ്യങ്ങൾ വെളിച്ചത്തുവരും, മുമ്പ് അജ്ഞാതമായതെല്ലാം വ്യക്തമാകുകയും നിഗൂഢമായിരുന്ന സത്യങ്ങൾ മനസ്സിലാകുകയും ചെയ്യും.**

**ഗർഭസ്ഥ ലോകത്തിൽ ചെവി കേൾക്കാതെയും കണ്ണ് കാണാതെയും നാവ് നിശബ്ദമായും ഒരു ജീവൻ കഴിഞ്ഞതെങ്ങനെയെന്ന് പരിഗണിക്കുക; അയാൾ എന്തെങ്കിലും ധാരണകളില്ലാതെയിരുന്നത് എങ്ങനെയാണ്. എന്നാൽ ഒരിക്കൽ, ആ അന്ധകാര ലോകത്തിൽ നിന്ന്, ഈ പ്രകാശലോകത്തേക്ക് അവൻ കടന്നു, അപ്പോൾ അവന്റെ കണ്ണുകൾ കണ്ടു, അവന്റെ ചെവി കേട്ടു, നാവ് സംസാരിച്ചു. അതേപോലെ, ഒരിക്കൽ അവൻ ഈ നശ്വരമായ സ്ഥലത്തുനിന്ന് ദൈവ സാമ്രാജ്യത്തിലേക്കു തിടുക്കപ്പെട്ടുകഴിയുമ്പോൾ, അവൻ ചൈതന്യത്താൽ ജനിക്കും; അപ്പോൾ അവന്റെ ധാരണയുടെ കണ്ണ് തുറക്കപ്പെടും, അവന്റെ ആത്മാവിന്റെ ചെവി കേൾക്കും, മുമ്പ് അവന് അജ്ഞമായിരുന്ന എല്ലാ സത്യങ്ങളും ലളിതവും വ്യക്തവുമാകും."[27]**

1. ചുവടെയുള്ള വിട്ടഭാഗം പൂരിപ്പിക്കുക.

a. മനുഷ്യന്റെ ആത്മാവ് ഈ ലോകം വെടിയുമ്പോൾ,

— മൂടുപടങ്ങൾ ____________________________,

— യാഥാർത്ഥ്യങ്ങൾ ____________________________,

— മുമ്പ് അജ്ഞാതമായതെല്ലാം ____________________________________,

— നിഗൂഢമായിരുന്ന സത്യങ്ങൾ ____________________________________.

b. ____________________ലോകത്തിൽ നാം ചെവി ________________കണ്ണ് __________ __________ നാവ് ____________________ ആയിരുന്നു.

c. നാം ഈ ലോകത്തിലേക്ക് ജനിച്ചപ്പോൾ നമ്മുടെ കണ്ണുകൾ _______________, നമ്മുടെ ചെവി ____________________, നാവ് ____________________.

d. അതേപോലെ, നാം ദൈവ സാമ്രാജ്യത്തിലേക്കു കടക്കുമ്പോൾ, നാം __________ __________ത്താൽ ____________________;

e. അപ്പോൾ നമ്മുടെ ____________________ കണ്ണ് __________________________, നമ്മുടെ ____________________ ചെവി ____________________, മുമ്പ് നമുക്ക് അജ്ഞമായിരുന്ന എല്ലാ ____________________ളും ____________________വും _________________മാകും.

2. ചുവടെയുള്ള പ്രസ്താവനകൾ ശരിയാണോ എന്ന് തീരുമാനിക്കുക.

_________നാം ഗർഭസ്ഥ ലോകത്തിൽ ആയിരിക്കുമ്പോൾ നമുക്ക് ഈ ലോകത്തെക്കുറിച്ച് അറിയാനാകും.

_________മരണ ശേഷമുള്ള നമ്മുടെ അവസ്ഥ ഈ ജീവിത്തിൽ നമുക്ക് അജ്ഞാതമായ ഒരു യാഥാർത്ഥ്യമാണ്.

_________മരണശേഷം പൂർണ്ണമായും പുതിയ ചക്രവാളം നമുക്ക് മുന്നിൽ തുറക്കപ്പെടും.

_________നാം മരിക്കുമ്പോൾ, വീണ്ടും ജനിക്കുന്നതിനായി നാം ഈ ലോകത്തിലേക്ക് തിരിച്ചുവരും.

# ഭാഗം 21

ബഹാഉള്ള പ്രസ്താവിക്കുക:

**"ശരീരത്തിൽ നിന്ന് വേർപ്പെട്ടതിനുശേഷം ആത്മാക്കളിൽ ഒന്നിന് മറ്റൊന്നിനെക്കുറിച്ചുള്ള അവബോധം ഉണ്ടോ എന്ന നിന്റെ ചോദ്യം ഇനി എടുക്കാം. ലോഹിതമായ പെട്ടകത്തിൽ പ്രവേശിക്കുകയും, അതിൽ പ്രതിഷ്ഠിതനാകുകയും ചെയ്ത ബഹായുടെ ജനങ്ങളുടെ ആത്മാക്കൾ തമ്മിൽ ബന്ധപ്പെടുകയും അന്യോന്യം അടുത്തു സംവദിക്കുകയും ജീവിതം, അഭിലാഷങ്ങൾ, ലക്ഷ്യങ്ങൾ, പ്രയത്നങ്ങൾ എന്നിവയിൽ ഒരേ ഒരാത്മാവെന്നപോലെ ബന്ധപ്പെട്ടിരിക്കുകയും ചെയ്യുമെന്ന് നീ അറിയുക. നല്ല അറിവുള്ളവരും സൂക്ഷ്മമായ കാഴ്ച ശക്തിയുള്ളവരും ധാരണാ ശക്തിയാൽ അനുഗ്രഹീതരും ആണ് സത്യത്തിൽ അവർ. സർവ്വവേദിയും സർവ്വജ്ഞനുമായ അവനാൽ ഇപ്രകാരം വിധിക്കപ്പെട്ടിരിക്കുന്നു.**

**"ദൈവത്തിന്റെ പെട്ടകത്തിലെ അന്തേവാസികളായ ബഹായുടെ ജനങ്ങൾ എല്ലാം ഒരാളും ഒഴിയാതെ, അന്യോന്യമുള്ള അവസ്ഥയും സ്ഥിതിയും നന്നായി അറിയുന്നവരാണ്. അടുപ്പം, പദവി എന്നിവയിൽ ബദ്ധരായ അവർക്കു തമ്മിൽ ഐക്യമുണ്ടാകും. ഇത്തരം ഒരവസ്ഥ, അവരുടെ വിശ്വാസത്തേയും പെരുമാറ്റത്തേയും ആശ്രയിച്ചിരിക്കും. ഒരേ സ്ഥാനക്രമത്തിലും പദവിയിലും ഉള്ളവർ അന്യോന്യം അവർക്കിടയിൽ ഉള്ളവരുടെ കഴിവ്, സ്വഭാവം, നേട്ടങ്ങൾ, യോഗ്യതകൾ എന്നിവയെക്കുറിച്ച് തികച്ചും ബോധവാന്മാരാണ്. എന്നാൽ താഴ്ന്ന സ്ഥാനക്രമം ഉള്ളവർ, അവരുടെ മുകളിൽ ഉള്ളവരുടെ പദവി വേണ്ടവിധം മനസ്സിലാക്കുന്നതിനോ അവരുടെ യോഗ്യതകൾ വിലമതിക്കുന്നതിനോ കഴിവില്ലാത്തവരാകുന്നു. ഓരോരാളും അവനവന്റെ ഓഹരി നിന്റെ പ്രഭുവിൽ നിന്നും സ്വീകരിക്കും. ദൈവത്തിന്റെ നേരെ തന്റെ മുഖം തിരിക്കുകയും എല്ലാത്തിന്റേയും പരമാധികാരിയായ നാഥനും ഏറ്റവും ശക്തനും എന്നും ക്ഷമിക്കുന്നവനും സർവ്വ കാരുണികനും ആയ ദൈവത്തിന്റെ അടുക്കലേക്ക് ആത്മാവ് പറക്കുന്നതുവരെ അവന്റെ സ്നേഹത്തിൽ ഉറച്ചു നിന്നു നടക്കുകയും ചെയ്യുന്ന മനുഷ്യൻ അനുഗ്രഹിക്കപ്പെട്ടവനാകുന്നു."**[28]

1. ഈ ലോകത്തിൽ നമുക്ക് പരിചിതമായ ആളുകളെ അടുത്ത ലോകത്തിൽ നാം തിരിച്ചറിയുമോ? ____________________

2. അടുത്ത ലോകത്തിൽ ആത്മാവുകൾ തമ്മിലുള്ള സംസ്സർഗ്ഗം എത്ര അടുത്തതായിരിക്കും?
____________________

3. അടുത്ത ലോകത്തിൽ ആത്മാക്കൾക്കിടയിലെ വ്യത്യാസങ്ങളും പ്രത്യേകതകളും എന്തിനെ ആശ്രയിച്ചായിരിക്കും? ____________________
____________________
____________________

4. ദൈവത്തിന്റെ കാരുണ്യം ആർക്കെങ്കിലും നിരാകരിക്കപ്പെടുമോ? ____________________
____________________

## ഭാഗം 22

ബഹാഉള്ള നമ്മെ ഉപദേശിക്കുന്നു:

**"എന്റെ സേവകരേ! ഈ ദിനങ്ങളിൽ, ഈ ഭൗതിക ലോകത്തിൽ നിങ്ങളുടെ ഇഷ്ടങ്ങൾക്ക് വിപരീതമായി ദൈവം കല്പിക്കുകയും അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ വ്യാകുലപ്പെടരുത്, എന്തെന്നാൽ നിത്യസന്തോഷത്തിന്റെയും, സ്വർഗീയ ആനന്ദത്തിന്റെയും ദിവസങ്ങൾ തീർച്ചയായും നിന്നെ കാത്തിരിക്കുന്നു. പുണ്യവും ആത്മീയ തേജസ്സുറ്റതുമായ ലോകം നിന്റെ കൺമുമ്പിൽ തുറക്കപ്പെടും. ഈ ലോകത്തിലും വരാനിരിക്കുന്ന ലോകത്തിലും അവയുടെ ഗുണങ്ങളിലും അവയുടെ സന്തോഷത്തിലും പങ്ക്ചേരാൻ, നിത്യ അനുഗ്രഹത്തിന്റെ ഒരു പങ്ക് ലഭ്യമാക്കാൻ നീ ദൈവത്താൽ വിധിക്കപ്പെട്ടിരിക്കുന്നു. അവ ഓരോന്നും നിസ്സംശയം, നിനക്ക് കിട്ടുമാറാകും."[29]**

1. ചുവടെയുള്ളവയിൽ ശരിയായത് ഏതെല്ലാമെന്ന് തീരുമാനിക്കുക:

__________കാര്യങ്ങൾ നാം ആഗ്രഹിക്കുന്ന രീതിയിൽ അല്ലാത്തപ്പോൾ നാം ദുഃഖം നിറഞ്ഞവരായിരിക്കണം.

__________എല്ലാം, അവ നല്ലതാണെങ്കിലും മോശമാണെങ്കിലും, ദൈവത്താൽ കല്പിതമാണ്.

__________സ്വർഗ്ഗീയ ആനന്ദത്തിന്റെ ദിവസങ്ങൾ നാം എല്ലാവരേയും കാത്തിരിക്കുന്നു.

__________പുണ്യവും ആത്മീയ തേജസ്സുറ്റതുമായ ലോകങ്ങൾ നാം കാണും എന്ന് ഉറപ്പാണ്.

__________ഈ ലോകത്തിലും വരാനിരിക്കുന്ന ലോകത്തിലും പുണ്യവും ആത്മീയ തേജസ്സുറ്റതുമായ ലോകങ്ങളുടെ ഗുണങ്ങളുടെ പങ്കുചേരുക എന്നത് നമ്മുടെ വിധിയാണ്.

2. നമ്മുടെ ആഗ്രഹങ്ങൾക്ക് വിരുദ്ധമായി കാര്യങ്ങൾ നടക്കുമ്പോൾ നാം എന്തുകൊണ്ട് ദുഃഖം നിറഞ്ഞവരാകരുത്? ______________________________________________

____________________________________________________________________

____________________________________________________________________

____________________________________________________________________

3. ഈ ലിഖിതത്തിൽ എന്തു വാഗ്ദാനമാണ് ബഹാഉള്ള നമുക്ക് നൽകുന്നത്? ____________

____________________________________________________________________

____________________________________________________________________

____________________________________________________________________

## ഭാഗം 23

ഈ യൂണിറ്റിൽ, നിങ്ങൾ മനുഷ്യജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ച് പരിചിന്തിച്ചു. ആത്മാവിന്റെ സ്വഭാവം, ഈ ലോകത്തിലെ ജീവിതത്തിന്റെ ഉദ്ദേശ്യം, ആത്മീയഗുണങ്ങൾ വളർത്തിയെടുക്കേണ്ടതിന്റെ അനിവാര്യത, മഹത്വവും ആനന്ദവും നിറഞ്ഞ ഒരു നിത്യജീവിതത്തെക്കുറിച്ച് നമുക്ക് നൽകിയ വാഗ്ദാനം എന്നിവയെക്കുറിച്ച് നിങ്ങൾ വളരെയധികം പഠിച്ചു. ഈ പുസ്തകത്തിന്റെ രണ്ടാമത്തെ യൂണിറ്റിൽ, നമ്മൾ ഒരു ഇരട്ട ലക്ഷ്യത്തെക്കുറിച്ച്

സംസാരിച്ചു—നമ്മുടെ സ്വന്തം ആത്മീയവും ബൗദ്ധികവുമായ വളർച്ച പിന്തുടരുകയും സമൂഹത്തിന്റെ പരിവർത്തനത്തിന് സംഭാവന നൽകുകയും ചെയ്യുക. ആത്മാവിന്റെ പുരോഗതിയെക്കുറിച്ച് നിങ്ങൾ നേടിയ ഉൾക്കാഴ്ചകളുടെ വെളിച്ചത്തിൽ, ആ ആശയത്തിലേക്ക് മടങ്ങാനും ഈ ഉദ്ദേശ്യത്തിന്റെ ഇരു വശങ്ങളിലും ശ്രദ്ധ നൽകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ചിന്തിക്കാനുമുള്ള ഒരു അവസരമാണിത്. ചുവടെ തന്നിട്ടുള്ള വിഷയങ്ങളിന്മേൽ നിങ്ങളുടെ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നത് നിങ്ങളുടെ പരിചിന്തനങ്ങൾക്ക് പ്രയോജനം ലഭിച്ചേക്കാം.

1. ആത്മീയ ഗുണങ്ങൾ വികസിപ്പിക്കുക
2. ദൈവത്തിന്റെ നിയമങ്ങൾ അനുസരിക്കുക
3. മനുഷ്യരാശിയുടെ നന്മക്കായി സംഭാവന ചെയ്യുക
4. സേവന പാതയിൽ മുന്നേറുക

## References


1. From a talk given on 10 November 1911, published in Paris Talks: Addresses Given by ‘Abdu’l-Bahá in 1911 (Wilmette: Bahá’í Publishing, 2006, 2016 printing), no. 29.12–13, p. 109.
2. From a letter dated 1 April 1946 written on behalf of Shoghi Effendi, published in Lights of Guidance: A Bahá’í Reference File (New Delhi: Bahá’í Publishing Trust, 1988, 2010 printing), no. 1820, p. 537.
3. From a letter dated 28 July 2016 written on behalf of the Universal House of Justice.
4. ‘Abdu’l-Bahá, in Some Answered Questions (Wilmette: Bahá’í Publishing, 2014, 2016 printing), no. 66.3, pp. 352–53.
5. Ibid., no. 38.5, p. 220.
6. From a talk given by ‘Abdu’l-Bahá on 9 November 1911, published in Paris Talks, no. 28.16, p. 104.
7. From a letter dated 31 December 1937 written on behalf of Shoghi Effendi, published in Lights of Guidance, no. 680, p. 204.
8. Gleanings from the Writings of Bahá’u’lláh (Wilmette: Bahá’í Publishing Trust, 1983, 2017 printing), LXXXII, par. 8, p. 183.
9. ‘Abdu’l-Bahá, in Some Answered Questions, no. 61.1–2, p. 334.
10. Gleanings from the Writings of Bahá’u’lláh, LXXX, par. 2, p. 174.
11. Ibid., LXXXI, par. 1, p. 176.
12. Ibid., CLXV, par. 1–3, pp. 391–92.
13. Bahá’u’lláh, The Hidden Words (Wilmette: Bahá’í Publishing Trust, 2003, 2012 printing), Arabic no. 32, p. 11.
14. From a talk given on 6 July 1912, published in The Promulgation of Universal Peace: Talks Delivered by ‘Abdu’l-Bahá during His Visit to the United States and Canada in 1912 (Wilmette: Bahá’í Publishing, 2012), pp. 315–16. (authorized translation)
15. Gleanings from the Writings of Bahá’u’lláh, V, par. 4, p. 8.
16. Ibid., LXXXII, par. 1, pp. 179–80.
17. Ibid., CLIII, par. 6, pp. 370–71.
18. Ibid., XXVII, par. 2, pp. 72–73.
19. Ibid., XXVII, par. 3, p. 73.
20. Ibid., XXI, par. 1, pp. 54–55.
21. Ibid., LXXXI, par. 1, p. 177.

22. Ibid., CXXII, par. 1, pp. 293–94.
23. Ibid., LXXXII, par. 7, p. 182.
24. Ibid., LXXXI, par. 1, pp. 176–77.
25. Ibid., CXXV, par. 3, pp. 300–1.
26. ‘Abdu’l-Bahá, in Some Answered Questions, no. 62.3, pp. 340–41.
27. Selections from the Writings of ‘Abdu’l-Bahá (Wilmette: Bahá’í Publishing, 2010, 2015 printing), no. 149.3–4, pp. 246–47.
28. Gleanings from the Writings of Bahá’u’lláh, LXXXVI, par. 1–2, pp. 192–93.
29. Ibid., CLIII, par. 9, p. 373.